പത്രാധിപർ:
ടി. കെ. നാരായണക്കുറുപ്പ്.

മാനേജിംഗ് എഡിറ്റർ:
കലവറ കൃഷ്ണൻനായർ B. A.

ടാഗോർ

1949 1124

വിഷയവിവരം

ഗുരുദേവൻ (കവിത)—
ശ്രീ: ടി. എൻ. രാജരാജവർമ്മ ബി. എസ് സി.

പരിഷ്കാരവും സംസ്കാരവും—
ശ്രീ: പി. അനന്തൻപിള്ള എം. ഏ.

ആ രഹസ്യം (കവിത)—
മഹാകവി, ജി. ശങ്കരക്കുറുപ്പ്.

ഗീതാഞ്ജലിയിലെ ഈശ്വരൻ—
ശ്രീ എ. ജി. കൃഷ്ണവാര്യർ എം. ഏ., ബി. റ്റി.

കടലിന്റെ കർത്തവ്യം (കവിത)—
ശ്രീ: പുതുശ്ശേരിൽ കെ. പി. രാമചന്ദ്രൻപിള്ള.

ഷേക്സ്പിയർ—
ശ്രീ: കൈനിക്കര കുമാരപിള്ള.

എങ്ങനിന്ന് (കവിത)— ടാഗോർ—
വിവർത്തകൻ — ശ്രീ: ജി. ശങ്കരപ്പിള്ള
ബി. ഏ., ഡി. എസ്. എസ്. ഏ.

മനോഭാവം—
വിദ്വാൻ, സി. ഐ. ഗോപാലപിള്ള എം. ഏ.

റഷ്യയും മതവും—
ശ്രീ: എം. ആർ. മാധവവാര്യർ
ബി. ഏ., എൽ. എൽ. ബി.

രവിവർമ്മയുടെ കലാപൗഷ്കല്യം—
ശ്രീ: കെ. പി. പത്മനാഭൻതമ്പി ബി. ഏ.

സന്താനനിയന്ത്രണം—
ശ്രീ: പി. വി. കൃഷ്ണവാര്യർ, കോട്ടയ്ക്കൽ.

കുററക്കാരി (കവിത)—
ശ്രീ: ഒ. എൻ. വി കുറുപ്പ്.

സമാധാനസംരംഭം—
ശ്രീ: കെ. സി. പിള്ള, ശാന്തിനികേതൻ.

ചതുർമാനലോകം - ഒരു കത്ത്—
ശ്രീ: മൂർക്കോത്ത് എം. കുഞ്ഞപ്പ, കല്ലട.

ഞാൻ വിട്ടയയ്ക്കയില്ല— ടാഗോർ—
വിവർത്തകൻ—ശ്രീ: എൻ. ബാപ്പുറാവു
ബി. ഏ, ബി. എൽ.

ഗ്രന്ഥവീഥി—

വജ്രസൂചി

മലയാളമാസിക—തലശ്ശേരി

സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ. മൂക്കോത്തു കുമാരൻെറ
സ്മാരകമായി നടത്തുന്ന ഒരു മലയാളമാസിക.
ഈ മേയ് മാസത്തോടുകൂടി ഒരുകൊല്ലം തികയുന്നു
അധികവും വിനോദത്തിൽകൂടി വിജ്ഞാനത്തെ
പ്രദാനംചെയ്യാൻ ശ്രമിക്കുന്ന ഒരു പത്രഗ്രന്ഥം
മനുഷ്യൻെറ വ്യക്തിപരവും കുടുംബപരവുമായ കാര്യങ്ങൾ
പ്രതിപാദിക്കുന്ന ലേഖനങ്ങൾ, ഒരുപ്രത്യേകത

പത്രാധിപർ:—**മൂക്കോത്തു് ശ്രീനിവാസൻ** ബി. എ., എൽ. ടി.

മാനേജർമാർ "Skylarks" — **തലശ്ശേരി, മലബാർ.**

ഒററപ്രതി വില 6-ണ. ഒരുകൊല്ലത്തേക്കു് 4-ക. 8-ണ.

'കമലാ സോപ്പുകൾ'

വാഷിംഗ് & ടോയിലററ്

ശാസ്ത്രീയമായി നിർമ്മിച്ച ഏററവും ചുരുങ്ങിയവിലയ്ക്കു വിതരണംചെയ്യുവരുന്നു.

നിർമ്മാതാക്കൾ:—

സഹകരണ സെൻട്രൽ സ്റ്റോർ സോപ്പുവർക്ക്സ്
പുത്തിയിൽ ബിൽഡിംഗ്സ്,
ഹരിപ്പാട്.

സബ് ഏജൻറന്മാരെ ആവശ്യമുണ്ട്.

വിവരങ്ങൾക്കു് എഴുതുക:-
സെക്രട്ടറി,
സെൻട്രൽ കോഓപ്പറേറ്റീവ് സൊസൈററി,
No. 2413, ഹരിപ്പാട്.

ശ്രീധന്വന്തരിമഠം വൈദ്യശാല

പുത്തൻചന്ത,
തിരുവനന്തപുരം.

101 ആവർത്തിച്ച ക്ഷീരബലാതൈലം, കസ്തൂര്യാദിഗുളിക, ദശമൂലാരിഷ്ടം, മാനസമിത്രം മുതലായ ഔഷധങ്ങൾ വി. പി. യായും അയയ്ക്കപ്പെടും.

ക്യാററ്ലാഗിന് 2 ണ സ്റ്റാമ്പുസഹിതം ആവശ്യപ്പെടുക.

മാനേജർ.

സ്വതന്ത്രഫാർമസി

Regd. H. O. ചാലക്കുടി (Cochin State)

Chief Branches:–കോഴിക്കോട്ട് Y. M. C. A. റോഡ് & വക്കല, തിരുവിതാംകൂർ.

വാവുതോറും വളഞ്ഞുകുനിഞ്ഞിരുന്നു പ്രാവിൻകൂടിന്റെ പ്രതീതി ജനിപ്പിക്കുന്ന "ഫ്ലൂർഫ്ലൂർ" ശബ്ദത്തോടുകൂടി മേലോട്ടു വലിക്കുന്ന വലി കാണികളുടെ മനസ്സലിയിക്കും. വലിയും ചുമയുംകൊണ്ടു വലയുന്നവർക്ക് ഒരു ബന്ധുവുണ്ട്. ഞങ്ങളുടെ

കരിംകുരങ്ങുരസായനം

റാത്തൽ 1-ന് രൂ. 5. പാക്കിംഗ് പോസ്റ്റേജ് വേറെ.

അകാരണമായ ക്ഷീണം, തളർച്ച, പാരവശ്യം, ദാഹം, കത്തിഎരിച്ചിൽ എന്നീ ലക്ഷണങ്ങൾ ഒരു സ്ത്രീയിൽ കാണുമ്പോൾ, ലജ്ജകൊണ്ടു മൂടിവച്ചിരിക്കുന്ന ഗുഹ്യരോഗത്തിന്റെ പ്രതിഫലനമാണെന്നു മനസ്സിലാക്കണം. സ്ത്രീക്കായാലും പുരുഷനായാലും ഗുഹ്യരോഗങ്ങൾ ബാധിച്ചാൽ

ഹിമാംശുപ്രാശം

സേവിച്ചു പരിപൂർണ്ണസുഖം പ്രാപിക്കാം. റാത്തൽ 1-ന് രൂ: 5. പാക്കിംഗ് പോസ്റ്റേജ് വേറെ.

പൂർണ്ണ ശാസ്ത്രീയനിഷ്കർഷയോടുകൂടി തയാർചെയ്തിട്ടുള്ള എല്ലാം ഔഷധങ്ങളും തയാറുണ്ട്.

പ്രൊപ്രൈറ്റർ, വി. ഗംഗാധരൻവൈദ്യർ, വൈദ്യകലാനിധി.

ശ്രീധന്വന്തരിവിലാസം ആയുർവേദ വൈദ്യശാല & മെഡിക്കൽഹാൾ

H. O. കന്നേറ്റി-കരുനാഗപ്പള്ളി **Br.** പല്ലന, തൃക്കുന്നപ്പുഴ

ടി വൈദ്യശാലയുടെ ഒരു ബ്രാഞ്ച് സകലവിധ ഔഷധസജ്ജീകരണങ്ങളോടുകൂടി പല്ലന കലവറജെട്ടിയിൽ ഈ മീനം 22-ാംനു ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

ഞങ്ങളുടെ മെഡിക്കൽഹാളിൽ ഏററവും സൂക്ഷ്മമായി ശാസ്ത്രരീത്യാ തയാറാക്കിയിട്ടുള്ള അരിഷ്ടങ്ങൾ, ആസവങ്ങൾ, ലേഹ്യങ്ങൾ, ഗുളികകൾ, എണ്ണകൾ, കഴമ്പുകൾ മുതലായ എല്ലാ ഔഷധങ്ങളും കസ്തൂരി, ഗോരോചന മുതലായ മേൽമരുന്നുകളും ന്യായമായവിലയ്ക്കു ലഭിക്കുന്നതാണ്.

എല്ലാരോഗികളേയും നിഷ്കർഷാപൂർവ്വം സൌജന്യമായി പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതാണ്.

വൈദ്യന്മാർ:—

ശ്രീ: പി. രാഘവൻപിള്ള, വൈദ്യകലാനിധി

&

ശ്രീമതി പാണ്ടവത്തു് കെ. തങ്കമണിഅമ്മ, വൈദ്യകലാനിധി

(രജി: ഒന്നാംക്ലാസ്സ് മെഡിക്കൽ പ്രാക്ടീഷനേഴ്സ്

ഉപവൈദ്യൻ: - ശ്രീ: പി. കെ. കേശവൻവൈദ്യൻ.

'മാൻ' മാർക്ക്
മിട്ടായി

കളുടെ സ്വാദ് കുഞ്ഞുങ്ങൾ വളരെ ഇഷ്ടപ്പെടുന്നു. അതു കുഞ്ഞുങ്ങളെ കൂടുതൽ ഉത്സാഹഭരിതരാക്കിത്തീർക്കുകയും ചെയ്യുന്നു.

നിങ്ങളുടെ വ്യാപാരിയോടാവശ്യപ്പെടുക.

നിർമ്മാതാക്കൾ:—

ദി ട്രാവൻകൂർ കൺഫക്ഷനറി വർക്ക്സ്, കൊല്ലം.

'49-ജൂൺ 10-ാംനു- പുറപ്പെടുന്ന

യുവകേരളം

വാർഷികവിശേഷാൽപ്രതി

കേരളത്തിലെ ഒന്നാംകിടകഥാകൃത്തുകളുടെ ചെറുകഥകൾ പ്രസിദ്ധസാഹിത്യകാരന്മാരുടെ ലേഖനങ്ങൾ!

പേരെടുത്ത കവികളുടെ മനോഹരമായ കവിതകൾ! ഏകാങ്കങ്ങൾ! ഗദ്യകവിതകൾ പൂമൊട്ടുകൾ, വനിതാപംക്തി, ചോദ്യോത്തരപംക്തി, സിനിമാലോകം, ചിത്രങ്ങൾ മുതലായവ:—

ക്രൌൺ 1/4 ൽ 160-ൽപരം പേജുകൾ
വില രൂ. 1 8-ണ. മാത്രം.

പരസ്യക്കാർ ഈ അപൂർവ്വാവസരം പാഴാക്കരുത്.
കൂടുതൽവിവരങ്ങൾക്ക് എഴുതുക:—

മാനേജർ, യുവകേരളം ഫോർട്ട് കൊച്ചി.

The Modern Tourists' Lodge

Huzur View Buildings,

TRIVANDRUM.

Brahmin's Coffee and Meals.

Best Non-Vegetarian diet also available. Splendid accomodation and sanitary arrangements.

കേരളവർമ്മസ്മാരകം — ഉപഹാരമാല

കേരളവർമ്മദേവന്റെ ശതവർഷാഘോഷക്കമ്മിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയ കൈരളിയുടെ ഒരു അമൂല്യസമ്പത്ത്.

കേരളത്തിലെ കേൾവികേട്ട ലേഖകന്മാരുടെ സ്മര്യപുരുഷനെപ്പററിയുള്ള ഉപന്യാസങ്ങളും, അനവധി ഹാഫ്ടോൺചിത്രങ്ങളും, മുഖചിത്രമായി ചേർത്തിരിക്കുന്ന ത്രിവർണ്ണാങ്കിതമായ മയൂരസന്ദേശചിത്രവും ഏററവും ഹൃദ്യതരം. ഡമ്മി 1/4 വലിപ്പത്തിൽ 160-ൽപരം പേജുകൾ!

വില രൂ: 2 ണ: 8.

ലേഖനമാല

ഗ്രന്ഥകർത്താ, സാഹിത്യകുശലൻ ടി. കെ. കൃഷ്ണമേനോൻ.

അത്യന്തം ഗഹനങ്ങളായ അൻപതിൽപരം വിഭിന്നവിഷയങ്ങളെ അധികരിച്ച് പലപ്പോഴായി രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു സമ്പൂർണ്ണ സമാഹാരം! കൈരളിയുടെ ഒരു അമൂല്യ സമ്പത്ത്!! സഹൃദയന്മാർക്ക് ഒരു അനശ്വരമായ സംഭാവന!!! വില രൂ: ൨ ണ: ൪.

രാമായണം, ഭാഗവതം, ഭാരതം, ഭഗവദ്ഗീത, ദേവീഭാഗവതം, ഉപനിഷത്തുകൾ എന്നിങ്ങനെയുള്ള ആദ്ധ്യാത്മികഗ്രന്ഥങ്ങളും അനവധി നോവലുകളും, പ്രചാരമുള്ള എല്ലാ ഹിന്ദീപുസ്തകങ്ങളും എപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ് & ബുക്കഡിപ്പോ, കൊല്ലം.

Ramakrishna Timbers

ALLEPPEY — Travancore.

Telegrams: "RAMTIMBER"

Manufacturers & dealers of up to date High Class Furniture. Stockists and suppliers of all varieties of Travancore Timbers.

Enquiries Solicited:—

Prop:

V. S. RAMAKRISHNAN NAIR.

For

Visitors to Trivandrum

Swaraj Lodge

Near the Railway Station & Bus Stand.

Is the most comfortable centrally situated Rest House. Single, double and family rooms with sanitary arrangements (in upstairs itself)

Prop: P.G. Sreedharan Nair,
Swaraj Lodge,
Thampanoor, Trivandrum.

K. JACOB THOMAS ME... PUBLIC LIBRARY
MANNARGHAT



വിശ്വഭാരതിയുടെ

പുതിയ

പ്രസിഡൻറ്

ടാഗോർ

പുസ്തകം ൧ { '49 മേയ് 6. / 124 മേടം 24. } ലക്കം ൩

ഗുരുദേവൻ

ടി. എൻ. രാജരാജവർമ്മ ബി. എസ്‌. സി.

കൂപ്പുകൈ! ദേവാ; ഞങ്ങൾ താവകതൃപ്പാദത്തി-
ലർപ്പണംചെയ്തീടുന്ന താഴ്മയായ് പ്രണാമങ്ങൾ!
അവയെക്കൈക്കൊണ്ടാലും വൃദ്ധഹസ്തങ്ങൾ നീട്ടി;
ഇവരിൽ പ്രശാന്തിതൻ പൂമഴ! പൊഴിച്ചാലും
കണ്ണുനീർത്തുടയ്ക്കുന്ന വിശ്വഭാരതി അങ്ങേ-
പ്പുണ്യപുത്രിയാൾ — ഇന്നുമച്ഛനെയോർക്കുന്നേരം.
അമ്മ-ഭാരതാംബ-യോ? വീർപ്പുകളിട്ടീടുന്നി-
തമ്മഹാകവിപ്രൗഢ പുത്രനെയോർമ്മിക്കുമ്പോൾ.
ബ്രഹ്മപുത്രയും ഗംഗാദേവിയും തിരയുന്നു
തന്മണിക്കളിത്തോഴദർശനം ലഭിച്ചീടാൻ.
നിർമ്മലാകാശത്തിരശ്ശീലതൻമറവിങ്ക-
ലങ്ങുവാഴുന്ന വിശ്വസൗന്ദര്യനിരീക്ഷകൻ!

ജ്ഞാനമൂർത്തിയാം ഗുരോ! നിൻപാദപത്മത്തിങ്ക
മാനസമലർച്ചെണ്ടൊന്നടിയൻ സമർപ്പിപ്പൂ [ൽ
ശുഷ്കമായ് മുരടിച്ചോരിന്ത്യതൻ പൗരാണിക
സംസ്കാരമലർക്കുമ്പിലമൃതം തളിച്ച നീ
ഭാവനയ്ക്കെത്രത്തോളമുയരാമത്രയ്ക്കെത്തി
താവകകലാസൃഷ്ടി കാഞ്ചനച്ചിറകിന്മേൽ.
വിശ്വമാകവേ നിറഞ്ഞുള്ളൊരാലാവണ്യത്തിൻ
രശ്മികൾ സമാഹരിച്ചെടുത്ത 'ഗീതാഞ്ജലി'
നിർമ്മലകാവ്യേന്ദുവായ് കാന്തികൈവളത്തിനി-
ന്നോർമ്മയെപ്പുലർത്തീടും പുത്തനായെന്നെന്നേയ്ക്കും.

കേവലം നീർത്തുള്ളിയില്ലോലുമിപ്രപഞ്ചത്തിൻ
ഭാവസുന്ദരാകാരമാരുടെ നോട്ടം കണ്ടു?
അന്തിവാനിനെശ്ശോണച്ഛവിയാൽ മിനുക്കിടും
സന്ധ്യയിൽ കുടികൊള്ളും സൗന്ദര്യമാധുര്യത്തെ
ആരുടെത്തൂവൽത്തുമ്പുപകർന്നു സഹൃദയ-
കോരകങ്ങളിൽ നവ്യതോഷത്തെ വളർത്തീടാൻ?
ചക്രവാളത്തിൻ വക്കിലാഴിതൻ കുഞ്ഞോളങ്ങൾ
സൽക്കരിക്കുവാനാരെക്കാത്തുകാത്തിരിക്കുന്നു?
ആരുടെ വിശ്വപ്രേമഗാനവായ്പിനാലിളം
താരുകളണിഞ്ഞു നൽപ്പുളകപ്പൂമ്പട്ടുകൾ?
വാനത്തുതനിത്തങ്കത്താരകലിപികളാൽ
വാരുറ്റ കാവ്യാവലി രാവിലാർ രചിക്കുന്നു?
അക്കലാകാരാകാരം പൂണ്ട നിന്തിരുവടി-
യ്ക്കുൾക്കളം നിറഞ്ഞൊരെൻ ഭക്തി കാഴ്ച-
യായ് വയ്പൂ!

നാകത്തിലെത്തുംമുമ്പേ അങ്ങേയ്ക്കു കാണാറായീ
നാകദീപ്തികൾ പിഞ്ചുപൈതലിൻമുഖത്തിങ്കൽ
മന്ദഹാസത്തിൽക്കണ്ടു കല്പകപ്പൂക്കൾ; ശാര-
ദേന്ദുവിൻപ്രഭാപൂരം കോമളാസ്യത്തിൽക്കണ്ടു
പൈങ്കിളിക്കൊഞ്ചൽപോലെ തൂവിടുംമൊഴി-
കളിൽ
തങ്കിനകലാഗാനം ദേവഗീതയായ്ത്തോന്നി

പരിഷ്കാരവും സംസ്കാരവും

പി. അനന്തൻപിള്ള എം. എ.

ബർണാർഡ്ഷായുടെ ഒരു പ്രസംഗം വായിച്ചപ്പോൾ ആണു് എനിക്കു് ഈ ലേഖനം എഴുതണമെന്നു തോന്നിയതു്. അതിൽ ഒരിടത്തു് ഇങ്ങനെ പ്രസ്താവിച്ചിരുന്നു:—

"ബാല്യത്തിൽ നാം പ്രാചീനചരിത്രം പഠിക്കയുണ്ടായി. അതായതു് റോമാസാമ്രാജ്യത്തിന്റെ ചരിത്രം. അതിൽ ഗ്രീസും ഉൾപ്പെട്ടിരുന്നു. പിന്നീടൊന്നു പഠിച്ചതു് ഈജിപ്റ്റിലെ 'പിരമിഡ്സു്'കളെപ്പററിയാണു്. അവ ഇന്നും അനാദ്യന്തമെന്നപോലെ നോക്കിക്കൊണ്ടുനില്ക്കുന്നു. കൂടാതെ യെറുശലേം, ബാബിലോണിയ എന്ന രണ്ടു പരിഷ്കാരകേന്ദ്രങ്ങളെപ്പററിയും പഠിക്കയുണ്ടായി. ഇതൊക്കെ പഠിച്ച വെള്ളക്കാരുടെ ലോകചരിത്രജ്ഞാനം അത്യന്തം വിസ്തൃതമായിത്തീൎന്നിട്ടുണ്ടെന്നു് അവർ അഭിമാനിക്കുന്നുണ്ടാവാം. തൽഫലമായി അവർ ആധുനികപരിഷ്കാരത്തിന്റെ അഗ്രിമസ്ഥാനത്തെത്തിയതായും വിചാരിക്കുന്നു. എന്നാൽ അവർമാത്രമേ ഈ നിലയിൽ വന്നിട്ടുള്ളോ എന്നാലോചിക്കുമ്പോൾ ആണു് ഇച്ഛാഭംഗം നേരിടുന്നതു്. ചുരുങ്ങിയതു് ആറു ഭിന്നപരിഷ്കാരങ്ങളെങ്കിലും ഓരോകാലത്തായി പരമോന്നതിയെ പ്രാപിച്ചു് നശിക്കയുണ്ടായിട്ടുണ്ടു്. അവയിൽനിന്നു നാം ശരിയായ പാഠം ഗ്രഹിച്ചിരുന്നു എങ്കിൽ ഇപ്പോൾ നാശഗൎത്തത്തിൽ പതിക്കാതെ കഴിക്കാമായിരുന്നു. എന്തെന്നാൽ അവയെല്ലാം നമ്മെപ്പോലെതന്നെ വിഷമപ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ടു്. വലിയ നഗരങ്ങളിൽ കൂട്ടം കൂട്ടമായി വസിക്കുക, ജനസംഖ്യ ക്രമാതീതമായി വൎദ്ധിക്കുക, അന്തഃച്ഛിദ്രം പടൎന്നുപിടിക്കുക, സ്വത്തെല്ലാം ചില വ്യക്തികളിൽ ചെന്നുചേരുക എന്നിങ്ങനെയുള്ള ദോഷങ്ങളാണു നാശകാരണങ്ങളായിത്തീൎന്നതു്. നമ്മെയും അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ ഏറെക്കുറെ ഇപ്പറഞ്ഞവതന്നെയാണു്. ആകയാൽ നമുക്കും ആപത്തിൽ പതിക്കാതിരിക്കണമെങ്കിൽ കാലേകൂട്ടി വേണ്ട പരിഹാരം നോക്കണം."

'ഷാ'യുടെ ഈ അഭിപ്രായം ഭാരതീയരായ നമുക്കു പുത്തരിയല്ല. മഹാഭാരത

എന്തിനു്-ശിശുത്വത്തിൻ നിൎമ്മലാംഭ-
സ്സിൽ തെളി-
വേന്തി, വിൺവിശുദ്ധിയക്കവികണ്ടാഹ്ലാദിച്ചു
.
അദ്ധ്യാത്മവിജ്ഞാനത്തിൻപാൽക്കടൽമഥി-
ച്ചപ്പോൾ
സിദ്ധിച്ചവാൎതിങ്കളിൻപാലൊളിസ്മിതമ്പോലെ
അത്തിരുമുഖത്തിന്റെചുററിനും കാണാം വെള്ളി
പ്പൂന്തിരിയൊപ്പം നീണ്ടതാടിയും മുടികളും
വംഗസാഹിത്യത്തിന്റെമഞ്ഞണിഞ്ഞതാം തുംഗ-
ശൃംഗഭാഗത്തിൽ വാഴ്‌വൂ കേസരീന്ദ്രനായ്ദേ-
വൻ.
ശാന്തിതൻമരീചികളുതിരും നേത്രങ്ങളും,
പൂന്തിങ്കൾക്കലപോലെയുള്ള വാർനെററിത്തട്ടും
'ഭാസ്കര'തേജസ്സാൎന്നൊരാസ്യബിംബവും, ദിവ്യ
'മഹർഷി'പ്രഭാവത്തെവ്യക്തമായുൽഘോഷിപ്പൂ
പാരതന്ത്ര്യത്തിന്നന്ധകാരമാകവേ നീക്കി-
ബ്ഭാരതഭൂദേവിക്കു പൊന്നുഷസ്സിനെനല്കുവാൻ
പൂൎവ്വദിങ്മുഖത്തെല്ലാം വെള്ളിപൂശിയപുത്തൻ
സ്വാതന്ത്ര്യ'ദിനദേവാ'; വീണ്ടുമെൻനമസ്കാരം!!

കാലം ഒരു നല്ല ദൃഷ്ടാന്തമായി എടുക്കാവുന്നതാണു്. കാലോചിതമായ പരിഷ്കാരം അതിന്റെ മൂർദ്ധന്യദശയിലെത്തിയപ്പോൾ എന്താണു് സംഭവിച്ചതു്! അന്തച്ഛിദ്രങ്ങളും കലാപങ്ങളും ഒടുവിലൊരു മഹായുദ്ധവുംകൊണ്ടു് ഭൂരിഭാഗം ജനങ്ങളും നഷ്ടപ്പെട്ടു. നാം കെട്ടിപ്പുത്തുകൊണ്ടുവന്ന പരിഷ്കാരസൗധം നിലംപതിച്ചു. മാത്രമോ? അതു് മണ്ണിനടിയിലായി. ഇപ്പോൾ കുഴിച്ചുനോക്കേണ്ടിവന്നു.

ഏതു പരിഷ്കാരത്തിന്റെയും ബാഹ്യരൂപം അഥവാ ശരീരം നശിച്ചാലും അതിന്റെ അന്തസ്സാരം അഥവാ ആത്മാവു് നശിക്കുന്നതല്ല. അതു് ജനങ്ങളുടെ സ്വഭാവത്തിൽക്കൂടി പാരമ്പര്യത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ വ്യക്തികളിൽ പ്രകടമായിക്കാണാം. ഈ പാരമ്പര്യമാണു് നമുക്കു സിദ്ധിച്ചിട്ടുള്ള വലിയ നേട്ടങ്ങളിലൊന്നു്.

ഭാരതീയസംസ്കാരത്തിന്മേൽ പല കാലങ്ങളിലായി അദ്ധ്യാസംചെയ്ത പരിഷ്കാരങ്ങൾ ഇപ്പോൾ ഓരോന്നായി നീങ്ങുകയാൽ ശ്രീകൃഷ്ണൻ, ബുദ്ധദേവൻ, ശ്രീരാമകൃഷ്ണപരമഹംസൻ, ശ്രീ വിവേകാനന്ദൻ, മഹർഷി ടാഗോർ, മഹാത്മാഗാന്ധി മുതലായ വിശിഷ്ടവ്യക്തികളിൽക്കൂടി അതു് ഇന്നും സർവോൽക്കർഷങ്ങളോടുകൂടി വർത്തിക്കുന്നതു് ഇതരരാജ്യക്കാർ സാസൂയം വീക്ഷിക്കുന്നുണ്ടു്. പാശ്ചാത്യപരിഷ്കാരത്തിന്മേൽനിന്നുകൊണ്ടുതന്നെ നാം മുകളിലേയ്ക്കു പോകുമോ എന്നുണ്ടായിരുന്ന ശങ്കയ്ക്കിനി അവകാശമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ നമ്മുടെസംസ്കാരത്തിനും കാലോചിതമായി പലതും വെളിയിൽനിന്നും സ്വീകരിക്കാനുണ്ടെന്നുള്ള വസ്തുതയും, സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള നവോത്ഥാനത്തിൽ വിസ്മൃതമായിട്ടില്ല. വർണ്ണരഹിതമായ ഭരണം, സാമ്പത്തികസമത്വം, ശാസ്ത്രാഭ്യുദയം കൈവരുത്തുന്ന ജീവിതസുഖമാർഗ്ഗങ്ങൾ, സാർവ്വദേശീയസഖ്യം, യുദ്ധപ്രതിരോധസംരംഭങ്ങൾ എന്നിവയിലെല്ലാം തുടങ്ങിയിരിക്കുന്ന പ്രവർത്തനങ്ങൾ ശുഭോദർക്കങ്ങൾതന്നെ. നമ്മുടെ സംസ്കാരസമ്പത്തിന്റെ പ്രചോദനത്തിൽനിന്നും വിട്ടുമാറാതെയാണു് ഇപ്രകാരം ചെയ്യുന്നതെന്നു് മദ്യനിരോധനം മുതലായ ഏർപ്പാടുകൾ തെളിയിക്കുന്നുണ്ടല്ലോ. അമേരിക്കയിൽ എത്ര ഭഗീരഥപ്രയത്നം ചെയ്തിട്ടും സാധിക്കാത്ത ഇക്കാര്യം ഇവിടെ ക്ഷിപ്രസാദ്ധ്യമായിത്തീർന്നതു് അടിയുറച്ച നമ്മുടെ സംസ്കാരത്തിന്റെ പ്രേരണകൊണ്ടത്രേ! അതു് ഉത്തേജിപ്പിക്കുവാൻ ഇടയ്ക്കിടയ്ക്കു് ഒരു മഹർഷിയോ മഹാത്മാവോ ഉണ്ടായിക്കൊള്ളും.

നമ്മുടെ പരിഷ്കാരം ഒന്നുരണ്ടു ശതാബ്ദക്കാലമായി പാശ്ചാത്യമാതൃകയിൽ വളർന്നതുനിമിത്തം, ഇപ്പോൾ വ്യക്തിരഹിതമായ ഒരു കൂട്ടുകെട്ടിൽ അകപ്പെട്ടുപോയി എങ്കിൽ അത്ഭുതപ്പെടുവാനില്ല. യുദ്ധാനന്തരസംഭവവികാസങ്ങൾ ലോകമൊട്ടുക്കു് 'കമ്മ്യൂണിസ'ത്തിനു വഴികാണിച്ചുകൊടുത്തിരിക്കയാണു്. ഇതിന്റെ പ്രത്യാഘാതങ്ങൾ ഭാരതത്തിലും അതിശക്തിമത്തായി സ്പർശിച്ചുതുടങ്ങീട്ടുണ്ടു്. അതു പിടിച്ചുനിർത്തേണ്ട ഒരു ശക്തിയാണോ അതോ നമ്മുടെ പരമ്പരാഗതമായ സംസ്കാരംകൊണ്ടു പാകപ്പെടുത്തിയാൽ മതിയോ എന്നു ചോദിക്കുന്നതായാൽ ഒടുവിൽ പറഞ്ഞതിനോടു യോജിക്കാതെ നിവൃത്തിയില്ല. സാമ്പത്തികസമത്വം സ്ഥാപിച്ചു് ലോകത്തിലെ നിർദ്ധനത്വം പരിഹരിക്കണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അതിലേയ്ക്കു് മുതലാളിയുടെ 'മാനസാന്തരം' വരുത്തുന്നതുപോലെ തൊഴിലാളിയുടെ ജീവിതത്തോതു് നിർണ്ണയിക്കേണ്ടതും ആവശ്യമാകുന്നു. ഏറിയകൂറും സംസ്കാരം സിദ്ധിച്ചിട്ടില്ലാത്തവരാകയാൽ, ഏതോ ഒരു പരിഷ്കാരത്തിന്റെ നിഴലിൽനിന്നുകൊണ്ടാണു് തൊഴിലാളികൾ അനാശാസ്യങ്ങളായ ജീവി

ആ രഹസ്യം

മഹാകവി, ജി. ശങ്കരക്കുറുപ്പ്

വനിയിലൊരിക്കൽത്തനിയെയിരിക്കെ,
പ്പനിനീരലരോടിവനോതി:—
"നിരുപമരൂപമനോഹരമാകിന
നിന്നുടെ ശില്പരഹസ്യത്തെ,
കവിയായാലും ഞാനറിവീല,
കനിവുകലർന്നു പറഞ്ഞാലും"
പരിമളമിളകും ചെഞ്ചുണ്ടിത്തിരി
വിരിയും കോമളമലർ ചൊല്ലി:—
"എൻകലയിങ്കൽപ്പകരുന്നു ഞാ-
നെൻകരൾനിറയും നവരക്തം."

തസുഖങ്ങളിൽ ഭ്രമിക്കുന്നതു്. ഈ ഘട്ടത്തിൽ വയോജനവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കേണ്ട ആവശ്യമില്ലല്ലോ. മുതലാളിത്തൊഴിലാളിബന്ധം ശരിയായി മനസ്സിലാക്കീട്ടുള്ളവരും, ഭാരതീയസംസ്കാരം സിദ്ധിച്ചവരും ആയ മഹത്തുക്കൾ ഈ കൃത്യം നിർവ്വഹിച്ചാൽ നമ്മുടെ നാട്ടിനു യോജിച്ച ഒരു 'കമ്യൂണിസ'ത്തിലേയ്ക്കു് അന്യഥാ പ്രവർത്തിച്ചുവരുന്ന ലക്ഷോപലക്ഷം യുവതീയുവാക്കളെ നയിക്കാൻ സാധിക്കുന്നതാണു്. അല്ലാതെ 'കമ്യൂണിസം' സോവിയററ് റഷ്യയിലെപ്പോലെ ഒരു സാഹസികമാർഗ്ഗം അവലംബിക്കാതിരിക്കാൻ ഇടയാകുമെന്നു തോന്നുന്നില്ല. നമ്മുടെ ശീതോഷ്ണസ്ഥിതിക്കും, ശുചിത്വം മുതലായവയ്ക്കും സർവ്വോപരി സദാചാരനിയമങ്ങൾക്കും യോജിച്ച ധർമ്മങ്ങൾ സനാതനങ്ങളത്രേ! ആകയാൽ അവയെ ഉൽബോധിപ്പിക്കുന്ന സാഹിത്യാദികലകളും ഉപേക്ഷണീയങ്ങളല്ല. അവ പുരോഗമനപരങ്ങളല്ലെന്നും, കാലോചിതങ്ങളല്ലെന്നും പറഞ്ഞു പാടേ ബഹിഷ്കരിക്കുന്നതു് ഭൌതികപരിഷ്കാരോന്മുഖമായ ഒരു സമുദായത്തിന്റെ നയം മാത്രമായിരിക്കും. അങ്ങനെയുള്ള പരിഷ്കാരം സംസ്കാരാധിഷ്ഠിതമല്ലെന്നാണു് ടാഗോർ മുതലായ ഭാരതീയവിശിഷ്ടവ്യക്തികൾ നമ്മെ പഠിപ്പിക്കുന്നതു്. അവരുടെ ആദർശങ്ങളെ പ്രകാശിപ്പിക്കുന്ന ഈ മാസികയ്ക്കു് സകലവിധ മംഗളങ്ങളും ആശംസിച്ചുകൊണ്ടു വിരമിക്കുന്നു.

ഗീതാഞ്ജലിയിലെ ഈശ്വരൻ

എ. ജി. കൃഷ്ണവാൎയ്യർ എം. എ., ബി. റ്റി.

I

കവികൾ സൌന്ദൎയ്യാരാധകന്മാരാണു്; കുറഞ്ഞപക്ഷം അത്രയും അവർ അവകാശപ്പെടുന്നു. ഈ ആരാധനയുടെപേരിൽ അവർ കാട്ടിക്കൂട്ടുന്ന നേരമ്പോക്കുകൾ പലപ്പോഴും ഉദ്വേഗജനകങ്ങളായി കാണുന്നുണ്ടെങ്കിലും അവരുടെ ആദർശത്തെ ചോദ്യം ചെയ്യേണ്ടതില്ല. കേവലം കലാപരമായ ഒരു മാനദണ്ഡം സൌന്ദൎയ്യത്തെ ആസ്പദിച്ചാകാനേ ഇടയുള്ളു. ഈ സംഗതി തീൎച്ചപ്പെട്ടാൽ പ്രതിപാദ്യത്തെക്കുറിച്ചുള്ള ക്ലേശം കവിക്കു് ഒട്ടൊക്കെ നീങ്ങും. സൌന്ദൎയ്യബോധം ഊതിപ്പിടിപ്പിക്കുന്നതിന്നു പൎയ്യാപ്തമായോ കാവ്യം, എങ്കിൽ അതു സഫലമായി; കലാപരമായ ഭദ്രതയുള്ളതായി. പക്ഷേ റസ്കിൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ നല്ല കൃതികളെത്തന്നെ താല്ക്കാലികങ്ങളും ചിരന്തനങ്ങളുമെന്നു രണ്ടായി തിരിക്കാം. ഇങ്ങനെ നോക്കിയാൽ പ്രതിപാദ്യത്തിന്റെ തൂക്കവും ഗണനീയമായിത്തീരും. എങ്ങനെ നോക്കിയാലും വിശ്വസാഹിത്യത്തിന്റെ ഒന്നാംകിടയിൽ മിന്നുന്ന ഗീതാഞ്ജലി വെറും സൌന്ദൎയ്യബോധം നൽകുക മാത്രമല്ല; ഗുരുതരമായ ഒരു വിഷയത്തെ ആലംബനവിഭാവമാക്കിക്കൊണ്ടു നിർവൃതി ഉളവാക്കുകയും ചെയ്യുന്നു. ആത്യന്തികമായ അപഗ്രഥനത്തിൽ ഈ മൎമ്മമാണു് ഗീതാഞ്ജലിയെ അമരഗാനമാക്കിയിട്ടുള്ളതെന്നും കാണാം.

ഗീതാഞ്ജലിയിലെ ആലംബനവിഭാവം അഥവാ നായകൻ ജഗദീശ്വരൻതന്നെയാണു്. ഈശ്വരനോടടുക്കുന്നതിനുള്ള ഉപായങ്ങൾ മതങ്ങളുടെ കുത്തകയാണെന്നാണു വെയ്പു്. ഒരുപക്ഷേ അതുകൊണ്ടാകാം, ഈശ്വരന്റെനേരെ വല്ലാത്ത ഒരു ഭയമോ തികഞ്ഞ ഒരു അശ്രദ്ധയോ ആണു് സാധാരണമായ ഭാവം. ഈശ്വരനോടു് പ്രാൎത്ഥിക്കുന്നവർപോലും, അദ്ദേഹവുമായി അഭിമുഖസംഭാഷണത്തിനോ, അടുത്തു പെരുമാറുന്നതിനോ കാൎയ്യമായി കൊതിക്കുന്നില്ല. 'സ്വൎഗ്ഗസ്ഥനായ ആ പിതാവു്' സ്വൎഗ്ഗത്തിൽതന്നെ വാണു് വിശ്വഭരണം നടത്തണേ എന്നു മൂകമായ ഒരു പ്രാൎത്ഥനപോലും നടക്കുന്നുണ്ടെന്നുവരാം. ഏതായാലും ദൈനന്ദിനജീവിതത്തിൽ ഈശ്വരന്റെ ഇടപെടൽ സ്വാഗതാർഹമല്ല. ഇങ്ങനെ ഒരു ദുർദ്ദശ ഈശ്വരനു വരുത്തിവെച്ചതു്, ഞാൻ മുമ്പു സൂചിപ്പിച്ചപോലെ, അദ്ദേഹത്തോടു പ്രത്യേകമമതയും സാങ്കേതികസംബന്ധവും പുലർത്തിവന്ന മതങ്ങളും പുരോഹിതന്മാരുമാകുന്നു. ഗീതാഞ്ജലിയിലൂടെ ടാഗോർ യുഗയുഗാന്തരങ്ങളിലായി ഈശ്വരനെക്കുറിച്ചു നിലനിന്നുപോന്ന തെറ്റിദ്ധാരണകൾ നീക്കുന്നതിനോടൊപ്പം, അദ്ദേഹത്തെ നിത്യപരിചിതനായ ഒരു ആത്മസുഹൃത്തുകൂടി ആക്കിത്തീർക്കുന്നു. പൂക്കൾക്കും ആകാശത്തിനും പ്രകാശത്തിനും അമ്മയുടെ താരാട്ടിനും മറ്റും ജീവിതത്തിലുള്ള സ്ഥാനംപോലൊന്നു് ഈശ്വരനും സമ്പാദിച്ചുകൊടുക്കുന്നു.

ഈശ്വരനോടു ഭക്തിതോന്നണം. ഇതാണു് മതങ്ങൾക്കു നൽകാനുള്ള ഏറ്റവും സൌമ്യവും സ്നിഗ്ദ്ധവുമായ ഉപദേശം.

സ്വല്പമെങ്കിലും ഉൾക്കമ്പമില്ലാത്ത ഭക്തി ഭക്തിയല്ല. പൂജ്യരോടുള്ള അനുരാഗമത്രെ ഭക്തി. പൂജ്യരിൽനിന്നു നമ്മൾക്കുള്ള അന്തരം ചെറുതല്ലല്ലോ. ടാഗോർ പറയുന്നു, ഈശ്വരൻ നമ്മളുടെ നിത്യസഹചരനാണെന്നു്; നാം അറിയുന്നില്ലെങ്കിലും നമ്മളുടെ കൂട്ടുപിരിയാത്ത ഒരു സുഹൃത്താണെന്നു്. **നമ്മ**ളുടെ അനുഭൂതികളിലെല്ലാം ഒരുപോ**ലെ പങ്കു**കൊള്ളുന്ന ഒരു സുഹൃത്തു്. അല്ലാതെ 'ആപദി ഭജിക്കുവാൻ' മാത്രം ഉപകരിക്കുന്ന ഒരു നിർവ്യക്തികശക്തിയല്ല. കഠിനമായ തപസ്സുചെയ്തോ യാഗാദികളനുഷ്ഠിച്ചോ പ്രീണിപ്പിക്കേണ്ടവനല്ല; ബലിപീഠങ്ങളിൽ രക്തപ്രളയം വരുത്തി തൃപ്തിപ്പെടുത്തേണ്ടവനുമല്ല. നമ്മളുടെ ജയാപജയങ്ങളിൽ നമ്മളേക്കാൾ കൂടുതൽ താല്പര്യവും ഔൽസുക്യവും കാണിക്കുന്ന ഒരു വ്യക്തി, സഹാനുഭൂതികളോടുകൂടിയ ഒരു സാന്നിദ്ധ്യമത്രെ ഈശ്വരൻ.

ഈശ്വരൻ എന്ന ആ വിദൂരവും ദുർഗ്രഹവുമായ സത്യത്തെ സ്വർഗ്ഗത്തിൽനിന്നു് ആവാഹിച്ചു് മനുഷ്യജീവിതത്തിലെ സുന്ദരവും സുപരിചിതവുമായ ഒരു ഘടകമാക്കിയതാണു്, വസ്തുപരമായി നോക്കിയാൽ, ഗീതാഞ്ജലിയിലെ ഏററവും മികച്ച വിജയം. ഇതിലേക്കുള്ള ഉപായമായി വ്യാപരിക്കുന്ന പ്രകാശമയമായ കവിഭാവനയുടെ തികവാണു് ഈ കാവ്യത്തെ വിശേഷോത്തരമാക്കിയിട്ടുള്ളതു്. ജീവിതത്തിന്റെ വശങ്ങളും വ്യാപാരങ്ങളുംപോലെ ഈശ്വരവിലാസങ്ങളും അനന്തമാകുന്നു. ഇവയിൽ ചിലതു് ഗീതാഞ്ജലിയിൽ പ്രതിബിംബിക്കുംപോലെ താഴെ ചേർക്കുന്നു.

കണ്ടുപിടിക്കാൻ വളരെ പണിപ്പെടേണ്ട സത്യങ്ങൾ സർവ്വത്ര വിളങ്ങുന്നവയാണു്; ദുർഗ്ഗമങ്ങളായ പർവ്വതശിഖരങ്ങളിലും അജ്ഞാതങ്ങളായ ദേവലോകങ്ങളിലും അഭയംപ്രാപിച്ചിരിക്കുന്നവയല്ല. ഈശ്വരൻ എല്ലായിടത്തും നിറഞ്ഞിരിക്കുന്നതുകൊണ്ടാണു് കണ്ടുകിട്ടാൻ തരമാകാതെ വന്നിട്ടുള്ളതു്; ആധുനികശാസ്ത്രത്തിലെ ഈഥർപോലെ. കൂടാതെ, ഈശ്വരൻ ഇരുട്ടറയിൽ പള്ളികൊള്ളുന്ന അധിരാജനമാണു്. (The King of the Dark Chamber) വളരെ അടുത്ത സത്യങ്ങളും വളരെ അകന്നവയെപ്പോലെതന്നെ പിടിപാടിൽ അമരാതെവരും. ഈശ്വരനെ തേടുന്നവന്റെ എണ്ണമററ കുറവുകൾ പ്രസ്തുത സംരംഭത്തിന്റെ വൈഷമ്യങ്ങളെ ശതഗുണം പെരുപ്പിക്കുകയും ചെയ്യുന്നു. അതിനാൽ സാധകൻ കൈക്കൊള്ളേണ്ടുന്ന പരിപാടിതന്നെ ഒന്നുവേറെ ആണു്. 'അന്തരതരനെന്നും' 'ജീവിതേശ്വരനെന്നും' മററും സംബോധനചെയ്യപ്പെടുന്ന ഈശ്വരനെ കവി സ്വാനുഭൂതികളുടെ വെളിച്ചത്തിൽ പരിചയപ്പെടുത്തി, തനിക്കെന്നപോലെ മററുള്ളവർക്കും അഭികാമ്യനാക്കുന്നു; ഈശ്വരനിൽ ഉത്കടമായ അഭിനിവേശം ജനിപ്പിക്കുന്നു; അനുവാചകരെ ഈശ്വരാനുരാഗികളാക്കുന്നു. വിധിനിഷേധങ്ങൾ വഴിയായി, കർമ്മപദ്ധതികളിലൂടെ, വേദം മനുഷ്യരെ ഈശ്വരങ്കലേക്കു് അടുപ്പിക്കുന്നു. നേരേമറിച്ചു്, ഹൃദയം തിങ്ങുമാറു് ഈശ്വരനെ സ്നേഹിക്കുവാൻ വേണ്ട പ്രചോദനം കവി നൽകുന്നു. അഥവാ, കവി രൂപപ്പെടുത്തിയിട്ടുള്ള മനോജ്ഞമായ ചിത്രങ്ങൾ കാണുമ്പോൾ നാം സ്വയം ഈശ്വരനെ സ്നേഹിച്ചുപോകുന്നു. അതുതന്നെയാണു് കവിയുടെ വൈഭവവും വിജയവും.

ഈശ്വരപാദങ്ങളിൽ ജീവനു് (ജീവാത്മാവിന്നു്) വെയ്ക്കാവുന്ന ഏററവും വിലമുററിയ തിരുമുൽക്കാഴ്ച എന്താണു്? ചുട്ടുചുട്ടുത്ത കണ്ണുനീരിൽ കഴുകി ശുദ്ധമാക്കിയ തന്റെ ഹൃദയംതന്നെ. മറെറാരു മഹാനുഭാവൻ (ശിവാനന്ദലഹരിയിൽ) ഉമാനാഥപാദങ്ങളിൽ സമർപ്പിക്കേണ്ട ചേതഃസരസിജത്തെപ്പററി മുക്തകണ്ഠം പാടിയിട്ടുണ്ടു്.

സരസ്സിൽ വളരുന്ന അതിന്ന് വിശേഷിച്ച് പരിശുദ്ധി ആവശ്യമില്ലായിരിക്കാം. ടാഗോർ ജീവിതപ്പോക്കളത്തിൽ പൊടിയും വിയർപ്പും അണിഞ്ഞു് മല്ലടിക്കുന്നവരോട്ട് പറയുകയാണ്, കണ്ണുനീരിൽ കഴുകിയഹൃദയമേ ഈശ്വരന്ന് നിവേദ്യമാകൂ എന്ന്. മനുഷ്യജീവിതം കുററിയടിച്ച് കെട്ടിയിട്ടുള്ള പശുക്കളുടേതുപോലത്രെ. നീണ്ടതോ, കുറിയതോ ആയ കയറ് അനുവദിക്കുന്ന അളവിൽ ആ കുററിക്ക് ചുററിത്തിരിയുകയാണല്ലോ അവയുടെ അങ്ങേ അററത്തെ സ്വാതന്ത്ര്യം. മനുഷ്യപശുവാണെങ്കിൽ അഹങ്കാരമാകുന്ന കുററിയോട്ട് ചേർത്തുകെട്ടപ്പെട്ടിരിക്കുന്നു, ദുരഭിമാനമാകുന്ന കയറുകൊണ്ട്. അവൻെറ പ്രവൃത്തികളെല്ലാം അഹങ്കാരത്തെ പ്രദക്ഷിണംവെച്ച് പൂജിക്കലാണെന്നും സൂക്ഷിച്ചാൽ കാണാം. 'ജീവിക്കാനുള്ള തീവ്രേച്ഛ' (will to live) എന്നുതുടങ്ങിയ പുതിയ കണ്ടുപിടിത്തങ്ങളും, ഫലത്തിൽ, അഹങ്കാരത്തിൻെറ കേന്ദ്രസ്ഥിതിയെ സമർത്ഥിക്കുന്നതേ ഉള്ളു. ഈ കീറാമുട്ടി, അഹങ്കാരം, പിഴുതു് ദൂരെ എറിയുക ദുഷ്കരം. പാറക്കെട്ടുകൾ ദ്രവിപ്പിക്കുന്ന മഴയുടെ അടവേ അതിനോട്ട് പററൂ. തപ്തബാഷ്പങ്ങൾ പൊഴിച്ച് ക്രമേണ അലിയിച്ചുകളയുക. മഹാമാരിയെ അനുസ്മരിപ്പിക്കുന്ന നക്രബാഷ്പവർഷം അഹങ്കാരത്തിനുതന്നെ നന്നേവശമുണ്ട്. ലോകം ആരാധനത്തിന് വെമ്പി മുമ്പോട്ടുവന്നില്ലെന്ന അപരാധം പൊറുക്കാതെ; ആ ധൃഷ്ടലോകത്തെ കണ്ണുനീർകയങ്ങളിൽ മുക്കിക്കൊല്ലാനുള്ള സംരംഭം! അതല്ല പ്രകൃതം. ഐശ്വരപ്രഭാവത്തിൻെറ മുമ്പിൽ വെറും 'പൂജ്യ'മാകാനുള്ള അതിവാഞ്ഛയിൽനിന്ന് കണ്ണുനീരിനുവേണ്ടിയുള്ള പ്രാർത്ഥന ഉറവെടുക്കുന്നു. അഹങ്കാരമെന്ന ആ ഒന്ന് ആദ്യം വരുന്നതുകൊണ്ടാണ് തനിപ്പൂജ്യങ്ങളായ മനുഷ്യർക്ക് ഇത്ര വലിപ്പം!

അഹങ്കാരത്തിൻെറ ഇന്ദ്രജാലങ്ങളിൽ കുടുങ്ങിയാൽ വിടുതി കഷ്ടിയാണ്. ധർമ്മത്തിൻെറ നിറങ്ങൾ പൂശിക്കൊണ്ട് ആള്മാറാട്ടം നടത്തുകയാണ് അഹങ്കാരത്തിൻെറ പരിഷ്കൃതനടപടി. അതിനാൽ കവി ഗുണദോഷിക്കുന്നു; നാം ഏറെറടുക്കുന്ന കർമ്മപദ്ധതികൾ എത്ര നിഷ്കാമം എന്ന് തോന്നിയാലും, അവയിലെല്ലാം പ്രശസ്തിക്കും പൊതുസമ്മതിക്കുംവേണ്ടിയുള്ള കാമനകൾ മറഞ്ഞുകിടക്കുമെന്ന്. ഇതാണ് അഹങ്കാരത്തിൻെറ ഒരു സൂക്ഷ്മരൂപം. ഇവിടെ പ്രാർത്ഥ്യം സ്വജീവിതത്തിൽ ഈശ്വരേച്ഛയുടെ വിജയമൊന്നുമാത്രമാണ്; സ്വേച്ഛയുടെ തടവില്ലാത്ത പ്രസരമോ പരിപൂർത്തിയോ അല്ല.

ഈ രഹസ്യംതന്നെ പൊളിച്ചുകാണിക്കുന്നു നമ്മൾക്ക് നേരിടുന്ന നിരവധി ആശാഭംഗങ്ങൾ. കാരുണികനായ ഈശ്വരനോടുള്ള എത്ര എത്ര പ്രാർത്ഥനകളാണ് "നാളികം കരിമ്പനമേൽ എയ്തപോലാ"കുന്നതു്? അതു് ഈശ്വരൻെറയും നമ്മളുടെയും നിലയ്ക്കും വിലയ്ക്കും യോജിച്ചതോ? നിശ്ചയമായും. കാരണം, ആഗ്രഹങ്ങളുടെ സമ്മർദ്ദംപോലെ ആത്മവികാസത്തെ പ്രതിരോധിക്കുന്ന ഒരു പ്രതിബന്ധം മറെറാന്നില്ല. ആഗ്രഹങ്ങളോ 'അനന്തം.' ഇവയൊക്കെ അങ്ങ് പൂരിപ്പിക്കാൻ തുടങ്ങിയാൽ പാൽക്കടലിൽ ഭക്തന്മാരെ മുക്കിക്കൊല്ലുക ആയിരിക്കും ഭഗവാൻ ചെയ്യുക. കൂടാതെ, സ്വാശ്രയംകൊണ്ടേ വാസ്തവത്തിൽ വളർച്ചയുണ്ടാകൂ. സ്വയം കണക്കു ചെയ്യുന്നതുകൊണ്ടാണല്ലോ ബുദ്ധിക്ക് മൂർച്ചയേറുക. ഈശ്വരൻെറ കഠോരമായ കൃപയുടെ നിറവറയാണ് ഇച്ഛാഭംഗങ്ങളുടെ ആ അഗാധമായ കലവറ. നേരേമറിച്ച്; നാം ആവശ്യപ്പെടാത്ത, എന്നാൽ നമുക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത, എന്തെല്ലാം മഹാസംഭാവനകളാണ് ഈശ്വരൻ നൽകിയിട്ടുള്ളതു്?—ആകാശം, പ്രകാശം, ശരീരം, മനസ്സ്, ഹൃദയം ഇവയെല്ലാം നമ്മെ യോഗ്യരാക്കിത്തീർക്കുകകൂടി ആണ്

ഈ ആശാഭംഗങ്ങൾവഴി ആയി. ആയിരം രൂപായുടെ ചെക്കു് കിട്ടിയിട്ടും ഒരു മുഴു ബ്രിട്ടീഷ് രൂപയ്ക്കുവേണ്ടി നാം അലട്ടിക്കൊണ്ടേ ഇരിക്കുന്നു. കയ്യിൽ കിട്ടിയതിന്റെ വിലകാണാൻ കണ്ണുതുറപ്പിക്കുകയാണു് ഈശ്വരൻ ഇച്ഛാഭംഗങ്ങളിലൂടെ ചെയ്യുന്നതു്.

പരാജയങ്ങൾക്കു് മറെറാരർത്ഥംകൂടി. "സ്വർഗ്ഗീയാനുധാവകൻ" (Hound of Heaven) ആണു് ഈശ്വരന്റെ സ്നേഹം. നമ്മേ വിടാതെ യുഗങ്ങളിലൂടെ പിന്തുടരുന്നു. ഈ ദിവ്യസ്നേഹം മുകളിൽനിന്നു് മഴപോലെ വീഴുന്ന കൃപയല്ല; "യോഗ്യത" തിരഞ്ഞറിഞ്ഞു് ആശ്ലേഷിക്കുന്നതും ഈശ്വരനിഷ്ഠവുമായ ഒരു പ്രവണത ആകുന്നു. ഈശ്വരസ്നേഹത്തിനു് നാം യോഗ്യരാകേണ്ടിയിരിക്കുന്നു; അധികാരികളാകേണ്ടിയിരിക്കുന്നു. ജന്മജന്മാന്തരങ്ങളിലായി നാം ഇടറുന്ന കാലടികളോടുകൂടി ആ ദിവ്യസന്നിധിയിലേക്കുതന്നെ അടുത്തുകൊണ്ടിരുന്നു. നമ്മളുടെ "ഏകായനമാ"യ അവിടുന്നോ, നിര്‍ദ്ദയമെന്നുതോന്നുമാറു്, കൺവെട്ടത്തിൽനിന്നു് നമ്മളുടെ ഹൃദയത്തിലോട്ടു തന്നെ മറയുന്നു. എന്നിട്ടു്, ഉത്കൃഷ്ടമായ പ്രേരണകൾ അവിടെ അഴിച്ചുവിടുന്നു. ഇവ വെറും പൊള്ളയായ ആശകളെ വെന്നു് ഹൃദയത്തെ ഈശ്വരനുചേന്ന ഒരു സിംഹാസനമായി രൂപാന്തരപ്പെടുത്തുകയുംചെയ്യുന്നു. അങ്ങനെ നാം ഇരുട്ടറയിലെ അധിരാജനുമായി കൂട്ടിമുട്ടുന്നു.

ഈശ്വരനോടുള്ളവേഴ്ച ചഞ്ചുററംകൂടാതെ സാദ്ധ്യമല്ല. വിറയ്ക്കുന്ന ഹൃദയം, പതറുന്ന കാലടികൾ തുടങ്ങിയ ദൌർബല്യങ്ങൾ എല്ലാം അവിടെ നിഷിദ്ധംതന്നെ. ആപത്തുകളിൽനിന്നു രക്ഷിക്കണേ എന്ന പല്ലവി ആണല്ലോ ഭക്തലോകം എന്നും ഏററുപാടിയിട്ടുള്ളതു്. ഈശ്വരസഖനായ കവിയാകട്ടെ ആപത്തുകളിൽ കലുങ്ങാത്ത ഹൃദയം നല്കണേ എന്നു പ്രാർത്ഥിക്കുന്നു. ദുഃഖങ്ങളുടെയും യാതനകളുടെയും കരിനിഴലുകൾ ആവരണം ചെയ്യുമ്പോൾ ദിവ്യസാന്ത്വനങ്ങളുടെ വെളിച്ചം വിതറണമേ എന്നല്ല പ്രാർത്ഥന; പ്രതിബന്ധങ്ങൾ തട്ടിത്തകർത്തു വിജയം വരിക്കുന്നതിനുള്ള കഴിവുകളാണു് ആവശ്യം. സഹായികളില്ലെങ്കിൽ വേണ്ട; സ്വന്തം ബലം തകരാതിരുന്നാൽ മതി. ജീവിതപ്പോരിൽ ചേതങ്ങൾ എത്രയെങ്കിലും വരട്ടെ; തോററുതുല്ലിട്ടുപോയെന്ന വിചാരം നമ്മേ ഗ്രസിക്കാതിരുന്നാൽ ഭാഗ്യമായി. സ്വപ്രയത്നത്തിൽ വിശ്വാസം, ഉത്സാഹം, ഇവയാണു കാമ്യങ്ങൾ. ജീവിതത്തിലെ ഭാരമേറിയ ചുമതലകൾവഹിച്ചു് ആത്മബലവും ഗാംഭീര്യവും നേടുക; യഥാർത്ഥത്തിൽ ധർമ്മവീരനാകുക — ഇതാണു് കവിയുടെ സന്ദേശം.

സുപ്രസിദ്ധമായ ഒരു രംഗംകൂടി. എപ്പോഴാണു് മനുഷ്യനു ഈശ്വരനെകൂടിയേതീരു എന്നുവരുക? "പ്രാണപ്രയാണസമയേ" എന്നാണല്ലോ ചിരന്തനമതം. അതല്ലെന്നു ടാഗോർ ദൃഢസ്വരത്തിൽ പറയുന്നു; അതോടൊപ്പം ആദ്ധ്യാത്മികലോകത്തിലെ 'പ്രാണവായു'വായി ഈശ്വരസാന്നിദ്ധ്യത്തെ ആവിഷ്കരിക്കയും ചെയ്യുന്നു. പശുപ്രായരല്ലാത്തവക്കറിയാം 'കൊററിനും കയ്യാളിപ്പിനും' എത്രതന്നെ ഉണ്ടായാലും, പിന്നെയും, നികത്താൻവയ്യാത്ത ഒരു പോരായ്മ ജീവിതത്തിൽ അവശേഷിക്കുമെന്നു്. ശരീരത്തിന്റെ ഏററവും ചുരുങ്ങിയ ആവശ്യങ്ങൾ നിറവേറിയതിനുശേഷമാണു് ഈ വല്ലാത്ത കുറവിനെക്കുറിച്ചുള്ള തോന്നൽ ഉണ്ടാകുന്നതു്. ഷെല്ലി പരാമർശിക്കുന്ന 'ദിവ്യമായഅസംതൃപ്തി'തന്നെ ഇതു്. ഏതുനിലയിൽ നയിക്കപ്പെടുന്ന ജീവിതത്തിനും ഈ പതനം വരാം. ടാഗോറിന്റെ ഭാഷയിൽ ജീവിതം ഈ ഘട്ടത്തിൽ ശുഷ്കമായിത്തീരുന്നു; ഒരു മണലാരണ്യമായി മാറുന്നു. ഇഹത്തിൽപിന്നെ കാമ്യമായി ഒരുവസ്തുവും അവശേഷിക്കുന്നില്ല. ഈ പ്രതിസന്ധിയിൽ ജീവിതത്തെ തണുപ്പിച്ചു മധുരീകരി

കടലിന്റെ കർത്തവ്യം

പുതുശ്ശേരിൽ കെ. പി. രാമചന്ദ്രൻപിള്ള

(ഗീതകം)

അലറും തിരകൈയ്യാൽ, ഹൃത്തടംതുടിക്കുന്നോ-
രലയാഴിയെന്തിനീ തീരത്തെയലട്ടുന്നു?
താരാട്ടുപാടിപ്പാടി കുഞ്ഞിനെയുറക്കുന്ന-
തായയാണിവളെങ്കിലെന്തിനീ കോലാഹലം?
ആയതല്ലതിൻഹേതു; സമരോൽസുകയായ
തായയാണിവൾ, വീരവീരസൂവത്രേ നൂനം!
നിദ്രയാൽ മതിമങ്ങി നിശ്ചലംകിടപ്പോരേ
വിദ്രുത'മുണർത്തുവാൻ'വെമ്പുകയാണിന്നിവൾ
ശതവർഷങ്ങൾകൊണ്ടുമർദ്ദനംസഹിച്ചോരാം
സുതരേ,മുന്നേററുവാൻ സമരംചെയ്യിപ്പിക്കാൻ,
ചെങ്കതിർവീശി കിഴക്കെത്തിടും പകലിന്റെ
ചെങ്കൊടിക്കീഴിൽ ചേരിതിരിയാതണിചേർക്കാ-
സങ്കടപ്പെട്ടും വീണ്ടും,പിന്നെയുംപണിയുമാ- (ൻ
വങ്കടൽ, അവൾക്കെഴും കർത്തവ്യം മഹത്തത്രേ!

ക്കുന്നതിനുവേണ്ടി കൃപാപീയൂഷം ചൊരിയുന്ന ഒരു മേഘമായി ജഗദീശ്വരൻ, ഹൃദയേശ്വരൻ, ആവിർഭവിക്കണം. അപ്പോൾ കേൾക്കുന്ന ഭാവനിബിഡമായ ഗാനങ്ങളിൽ തിങ്ങിവിങ്ങുന്ന മാധുരി ആയിട്ടു ഹൃദയേശ്വരൻ അനുഭവപ്പെടണം. ദുർഭരമായ കടമകളുടെ പിടിയിലും വലിയിലും അകപ്പെട്ടു താറുമാറാകാത്ത ഹൃദയം ഏതുണ്ടു്? ചെകിടുപൊടിയുമാറു് അലറിക്കൊണ്ടു് വെല്ലുവിളിക്കുന്ന കർത്തവ്യങ്ങൾ നമ്മെ സ്തബ്ധരാക്കുമ്പോൾ, നിശ്ശബ്ദമായി ഹൃദയത്തിൽ പ്രവേശിച്ചു് അങ്ങു കുടികൊള്ളണം, പോംവഴികാട്ടണം. ഇതിലുമേറെ ഭയങ്കരമാണു് നൈരാശ്യം, തന്നെക്കൊണ്ടൊന്നുമാകില്ലെന്നുറച്ചുള്ള മനസ്സിന്റെ മലപ്പു്. ഒരു കോണിൽ ചുരുണ്ടു് അടിഞ്ഞിരിക്കുന്ന മനസ്സിനെ തട്ടിഉണർത്തി ഉത്സാഹവും ധൈര്യവും നല്കാൻ ആ ചെററക്കുടിലിലേക്കു്, ദീനഹീനമായ അന്തരംഗത്തിലേക്കു്, രാജപ്രഭാവനായി അങ്ങു് കടന്നുവരണം. മനഃകണ്ണിൽ മണ്ണിട്ടു്, നെറിയും തെറിയും കൂട്ടിക്കലർത്തി, സ്വച്ഛജീവിതത്തെ അലംകോലപ്പെടുത്തുന്നതു് പശുവാസനകളാണല്ലോ. ഇവ അങ്ങനെ അടിച്ചുകയറുമ്പോൾ, ഉള്ളിലെവെളിച്ചംതീരെമങ്ങുമ്പോൾ, സദാ ജാഗരൂകനായ അവിടുന്നു്, പവിത്രവും നിർബാധവുമായ പ്രകാശം പരത്തിക്കൊണ്ടു, ഹൃദയവേദിയിൽ സന്നിധാനം ചെയ്യണം.

ആർഷമായ ഈ ദർശനം രാഷ്ട്രീയകാര്യപര്യാകുലനായ ഗാന്ധിജിക്കു് ഒന്നിലേറെ സന്ദർഭങ്ങളിൽ ഏകാവലംബമായിത്തീർന്നിട്ടുള്ള ചരിത്രവസ്തുതയും പ്രകൃതത്തിൽ സ്മരണീയമാണു്.

സൌന്ദര്യത്തിന്റെ തകന്ന ചില ചില്ലുകൾപെറുക്കി പതിച്ചു കവിതകൾക്കു പകിട്ടുകൂട്ടുന്ന കവികൾതന്നെ ഏറെക്കുറെ കൃതകൃത്യരാണു്. അപ്പോൾ അതിന്റെ പൂർണ്ണബിംബം സ്ഥിരമായും അവികലമായും ഉൾക്കൊള്ളുവാൻ കഴിയുന്ന അനുഗൃഹീതൻ പുരാണനായ ആ കവിയെത്തന്നെ അനുകരിക്കയും അനുസ്മരിപ്പിക്കയും ചെയ്യുന്നു. മിൽട്ടൺപറയുംപടി മനുഷ്യന്റെ ദൌർബല്യങ്ങൾ പരിഹരിച്ചുയർത്തി മഹാശക്തികളായി രൂപാന്തരപ്പെടുത്തുന്നതാണു് ഈശ്വരപ്രചോദനമെങ്കിൽ അതിന്റെ നിറകുടമാണു് ഗീതാഞ്ജലി.

*ഷേക്സ്പിയർ

കൈനിക്കര കുമാരപിള്ള.

സുപ്രസിദ്ധചിന്തകനും, സാഹിത്യകാരനും, ദീർഘദർശിയുമായിരുന്ന കാർലൈൽ ഒരു സന്ദർഭത്തിൽ ഇങ്ങനെ വെളിപാടുകൊണ്ടു:—

"ഇങ്ങനെ നമ്മോടു ചോദിക്കുന്നുഎന്നു വിചാരിക്കുക, 'നിങ്ങൾ ഏതു ത്യജിക്കാൻ സന്നദ്ധരാകും, നിങ്ങളുടെ ഇൻഡ്യാസാമ്രാജ്യത്തേയോ നിങ്ങളുടെ ഷേക്സ്പീയറേയോ?' വാസ്തവത്തിൽ ഗൗരവമുള്ള ഒരു പ്രശ്നമാണിതു്. ഉദ്യോഗസ്ഥന്മാർ തീർച്ചയായും അതിന് ഔദ്യോഗികഭാഷയിൽ മറുപടി പറയും: എന്നാൽ നാം ഇങ്ങനെ മറുപടിപറയാൻ നിർബന്ധരാകയില്ലേ?—'ഇൻഡ്യാസാമ്രാജ്യം ഉണ്ടായാലുംശരി ഇല്ലെങ്കിലുംശരി, ഞങ്ങൾക്കു ഷേക്സ്പീയറെ കൂടാതെ കഴിയൂ. ഇൻഡ്യാസാമ്രാജ്യം പോകും, എന്തായാലും ഒരുകാലത്തു് പോകതന്നെ ചെയ്യും. പക്ഷേ ഈ ഷേക്സ്പീയർ പോകയില്ല. നമ്മുടെകൂടെ അദ്ദേഹം എന്നും നിലനില്ക്കും. നമ്മുടെ ഷേക്സ്പീയറെ നമുക്കു പരിത്യജിക്കാൻ സാധ്യമല്ല.'

ആ ദീർഘദർശിയുടെ വാക്കു തെററിയില്ല. ഇൻഡ്യാസാമ്രാജ്യം ഇംഗ്ലീഷുകാൎക്കു നഷ്ടപ്പെടുകതന്നെ ചെയ്തു. ഷേക്സ്പീയർ നഷ്ടപ്പെട്ടിട്ടില്ല. നഷ്ടപ്പെടുകയുമില്ല.

അങ്ങനെയൊരു പ്രശ്നം ഉത്ഭവിച്ചാൽ ഇൻഡ്യാസാമ്രാജ്യത്തിൻെറ നഷ്ടത്തിൽ ഉന്മാദംകൊള്ളുന്ന ചർച്ചിൽപോലും കാർലൈലിനോടു യോജിക്കുമെന്നാണ് എൻെറ വിശ്വാസം. എന്തുകൊണ്ടെന്നാൽ ഇംഗ്ലീഷുകാൎക്ക് ഇൻഡ്യാസാമ്രാജ്യത്തെക്കാൾ അഭിമാനിക്കത്തക്ക സമ്പത്താണ് അവരുടെ ഷേക്സ്പീയർ. ഇൻഡ്യാസാമ്രാജ്യത്തേക്കാൾ വിപുലതരമായ ഒരു സാമ്രാജ്യമാണ് ഷേക്സ്പീയർ അവൎക്കു സമ്പാദിച്ചിട്ടുള്ളതു്. അതു് അനശ്വരവും അക്ഷയ്യദീപ്തവുമാണ്.

ലോകത്തിൻെറ ശ്രദ്ധയേയും ചിന്തയേയും വിഭാവനയേയും ഏററവും കൂടുതൽ ആകർഷിക്കുകയും അദ്ധ്വാനിപ്പിക്കുകയും ചെയ്തിട്ടുള്ള സാഹിത്യകാരൻ ഷേക്സ്പീയറാണ്. അജ്ഞാതനായ ആ മനുഷ്യനാണ് ലോകത്തിലെ ഏററവും സുജ്ഞാതനായ സാഹിത്യകാരൻ. ലോകത്തിൻെറ ഏതൊരു മൂലയിലും സാമാന്യവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഏതൊരു മനുഷ്യനും ഷേക്സ്പീയറെപ്പററി കേട്ടുകാണും. തലമുറകൾ തലമുറകളായി ഏകദേശം മൂന്നരനൂററാണ്ടുകാലമായി ലോകം അദ്ദേഹത്തെപ്പററി അന്വേഷിക്കുന്നു, പഠിക്കുന്നു, ചിന്തിക്കുന്നു, എഴുതുന്നു. അദ്ദേഹത്തെപ്പററി രചിക്കപ്പെട്ടിട്ടുള്ളിടത്തോളം ഗ്രന്ഥങ്ങൾ മറെറാരു വ്യക്തിയെപ്പററിയും നിർമ്മിക്കപ്പെട്ടിരിക്കയില്ല. അദ്ദേഹത്തെപ്പററി ലോകത്തിനുള്ള ജിജ്ഞാസയ്ക്കു് ഇന്നും ഒരു കുറവും വന്നിട്ടില്ല. ഗ്രന്ഥങ്ങൾ ഇനിയും വർദ്ധിക്കുകയേയുള്ളു. പുതിയ പുതിയ ഗവേഷണങ്ങൾ, അഭ്യൂഹങ്ങൾ, വ്യാഖ്യാനങ്ങൾ—അങ്ങനെപോകും ആ വ്യവസായം. ഗൗരീശങ്കരശൃംഗംപോലെ അഗമ്യമായി അജ്ഞേയമായി; ലോകത്തിൻെറ അശമ്യമായ ജിജ്ഞാസയെ വെല്ലുവിളിച്ചുകൊണ്ടു് ആ സാഹിത്യലോകമഹാത്ഭുതം അങ്ങനെ നിലനില്ക്കും!

മാത്യൂ ആർനോൾഡിൻെറ ഷേക്സ്പീയറെപ്പററിയുള്ള ഗീതകം ഇവിടെ സ്മൎത്തവ്യമാണ്—"മററുള്ളവർ ഞങ്ങളുടെ ചോദ്യത്തിനു സമാധാനം തരുന്നു. അങ്ങു സ്വതന്ത്രനാണ്. ഞങ്ങൾ വീണ്ടും വീണ്ടും ചോദിക്കുന്നു. അങ്ങു് അറിവിൻെറ കൈയെത്താത്തിടത്തു മിണ്ടാതെനിന്നു മന്ദഹസിക്കുന്നു. പതറാത്തപാദം പാരാവാരത്തിൽ ഉറപ്പിച്ചു്, പരമോന്നതസ്വർഗ്ഗത്തെ അധിവസിച്ചു്, തൻെറമഹത്വം നഭശ്ചരങ്ങൾക്കുമാത്രം തുറന്നുകാട്ടുന്ന മഹാപൎവതം മേഘാവരണമായ സാനുക്കൾ മാത്രമേ മർത്ത്യചക്ഷുസ്സിൻെറ വിഫലാന്വേഷണങ്ങൾക്കു വിഷയീഭവിപ്പിക്കുന്നുള്ളു. നക്ഷത്രങ്ങളേയും സൂൎയകരങ്ങളേയും നേരിട്ടറിഞ്ഞ അങ്ങു് സ്വയം പഠിച്ചു സ്വയം പരിശോധിച്ചു, സ്വയം അഭിനന്ദിച്ചു, സ്വയം ആശ്രയിച്ചു. ദുൎഗ്രഹനായി ഈ ഭൂമിയിൽ സഞ്ചരിച്ചു. അതുതന്നെ നന്ന്. അനശ്വരമായ ആത്മാവു് അനുഭവിക്കേണ്ട വേദനകളെല്ലാം, അതിനെ പ്രതിബന്ധിക്കുന്ന ശക്തിഹീനതകളെല്ലാം, പരവശമാക്കുന്ന ദുഃഖങ്ങളെല്ലാം അവയുടെ ഏകവക്താവിനെ വിജയശ്രീലാളിതമായ ആ വദനത്തിൽ കണ്ടെത്തുന്നു.'

ഷേക്സ്പീയറുടെ ജീവിതത്തെപ്പററി നമുക്കു കിട്ടിയിട്ടുള്ള അറിവിൻെറ തുച്ഛമായ ഒരു അംശംമാത്രമേ അനിഷേധ്യങ്ങളായ തെളിവുകളിൽ അധിഷ്ഠിതമായിട്ടുള്ളു. ശേഷമെല്ലാം ഐതിഹ്യങ്ങളും ഊഹാപോഹങ്ങളും സങ്കല്പങ്ങളുമാണ്.

---

* By kind permission of the Director of the Broadcasting, Trivandrum.

ഇംഗ്ലണ്ടിൽ, വാർവിക്ഷയറിൽ ആവൺനദീതീരത്തുള്ള സ്ട്രാറ്റ്ഫോർഡ് എന്ന ഗ്രാമമാണ് വില്യം ഷേക്സ്പീയറുടെ ജനനസ്ഥലം. അച്ഛന്റെപേർ ജോൺ എന്നും അമ്മയുടെ പേരു് മേരി എന്നും ആയിരുന്നു. ജോൺ ഒരു വ്യാപാരിയായിരുന്നു. അയാളെപ്പറ്റി പല കഥകളും ഉണ്ടെങ്കിലും തെളിവിന്റെ പിൻബലമുള്ള അറിവു വളരെയില്ല.

അവരുടെ മൂന്നാമത്തെ സന്താനവും ആദ്യത്തെ പുത്രനുമായിരുന്നു വില്യം. ആ ശിശു ജനിച്ചതു് ൧൫൬൪ ഏപ്രിൽ ൨൩-ാംതീയതിയാണെന്നു് വിശ്വസിക്കപ്പെടുന്നു. സ്ഥലത്തെ പള്ളിയിൽ ൨൬-ാംതീയതി വില്യത്തിന്റെ ജ്ഞാനസ്നാനകർമ്മം നടന്നതായി രേഖയുണ്ടു്.

൧൫൮൨ നവംബറിൽ വില്യത്തിനു ൧൮ വയസ്സുള്ളപ്പോൾ ആൻഹാതവേ എന്ന സ്ത്രീയെ അയാൾ വിവാഹംചെയ്തു. വിവാഹം നടന്നതു് സ്ട്രാറ്റ്ഫോർഡ് പള്ളിയിൽ വച്ചല്ല—അടുത്തുള്ള വുസ്റ്റർ എന്ന സ്ഥലത്തെ ബിഷപ്പിന്റെ പ്രത്യേകാനുമതി വാങ്ങിയാണു് അതു നിർവഹിച്ചതു്. വധുവിനു് വരനെക്കാൾ എട്ടു വയസ്സു കൂടുതലായിരുന്നു. ഈ വിവാഹത്തിനു് ആകപ്പാടെ ഒരു അസാധാരണത്വമുണ്ടു്. നവദമ്പതികൾക്കു് ആറുമാസത്തിനുള്ളിലുണ്ടായ സന്താനലാഭത്തിൽ അതിന്റെ വ്യാഖ്യാനം കണ്ടുകൊള്ളണം. ആദ്യത്തെ മകൾ സൂസന്നാ ൧൫൮൩ മേയ്മാസത്തിൽ ജനിച്ചു. ൮൫ ഫെബ്രുവരിയിൽ ആൻ ഇരട്ടപെറ്റു—ഒരാണും ഒരു പെണ്ണും—ഹാംനെറ്റും ജൂഡിത്തും. ഈ മകൻ അവന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ മരിച്ചുപോയി.

ഭാര്യയുടെ ഇരട്ടപ്രസവംകഴിഞ്ഞു് ഏതാനും മാസങ്ങൾക്കുള്ളിൽ വില്യം വീടും, നാടും വിട്ടു. അതിന്റെ കാരണമെന്തെന്നോ, പോയതെങ്ങോട്ടെന്നോ, ജീവിച്ചതെങ്ങനെയെന്നോ നിശ്ചയമില്ല.

പിന്നീടു നാം അയാളെ കാണുന്നതു് അഞ്ചാറുകൊല്ലംകഴിഞ്ഞു് ലണ്ടൻനഗരത്തിലാണു്—ഒരു നാടകകർത്താവായിട്ടു്. ൧൫൯൨ മാർച്ചുമാസത്തിൽ Henry VI എന്ന നാടകത്തിന്റെ ആദ്യത്തെ ഭാഗം നഗരത്തിലെ ഒരു നാടകശാലയിൽ പ്രദർശിപ്പിക്കപ്പെട്ടു. ൧൬൧൧ വരെ, ഏകദേശം ഇരുപതുകൊല്ലം ഷേക്സ്പീയർ ലണ്ടനിൽ സ്ഥിരതാമസക്കാരനായിരുന്നുഎന്നു് നിശ്ചയമുണ്ടു്. നാടകരചനയും നാടകപ്രദർശനവുമായിരുന്നു തൊഴിൽ. അതിൽനിന്നു് നല്ല ആദായം അദ്ദേഹത്തിനു കിട്ടി. അന്നത്തെ ഏറ്റവും മികച്ച ഒരു നാടകശാലയുടെ ഉടമയിലും നടത്തിപ്പിലും അദ്ദേഹത്തിനു് അതിപ്രധാനമായ പങ്കുണ്ടായിരുന്നു. ആരംഭംമുതൽതന്നെ നാടകകർത്താവെന്ന നിലയിൽ അദ്ദേഹത്തിനു് അസൂയാർഹമായ വിജയം സിദ്ധിച്ചു. ആ സമുന്നതമായ സ്ഥാനം അവസാനംവരെ അദ്ദേഹം പുലർത്തുകയും ചെയ്തു.

അദ്ദേഹം ഇടയ്ക്കിടയ്ക്കു വീട്ടിൽ പോവുകയും അവിടുത്തെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. ൧൫൯൭-ൽ സ്വദേശത്തു് ന്യൂപ്ലേസ് എന്ന വീടും വിശാലമായ പുരയിടവും വിലയ്ക്കുവാങ്ങി. ൧൬൦൨-ൽ അവിടെ നൂറിൽപരം ഏക്കർ സ്ഥലം സമ്പാദിച്ചു. അദ്ദേഹത്തിന്റെ ക്രമപ്രവൃദ്ധമായ ഐശ്വര്യത്തിനു് ഇതു് തെളിവാണു്.

൧൬൧൧ മുതൽ ഷേക്സ്പീയർ സ്ഥിരതാമസം സ്ട്രാറ്റ്ഫോർഡിലെ പുതിയ ഗൃഹത്തിലേക്കു മാറ്റി. ആവശ്യമുള്ളപ്പോൾമാത്രം ലണ്ടൻ സന്ദർശിച്ചു പോന്നു.

൧൬൧൩-നുശേഷം അദ്ദേഹം നാടകങ്ങൾ ഒന്നും എഴുതിയിട്ടില്ല. അതുവരെയുള്ള ഇരുപതോ കൂടിയാൽ ഇരുപത്തിയഞ്ചോ വർഷത്തിനകത്തു് മുപ്പത്തിയേഴ് നാടകങ്ങളും രണ്ടു ഖണ്ഡകാവ്യങ്ങളും നൂറ്റിഅൻപത്തിനാലു ഗീതകങ്ങളും രചിച്ചതായി പൊതുവേ കരുതപ്പെടുന്നു. ഈ വിപുലമായ സാഹിത്യസൃഷ്ടി സമർത്ഥവും അവിശ്രമവുമായ വ്യവസായത്തെ കുറിക്കുന്നു എന്നുള്ളതിൽ സംശയമില്ലല്ലോ.

൧൬൧൬ മാർച്ചുമാസം ൨൫-ാംനു ഷേക്സ്പീയർ തന്റെ മരണശാസനത്തിൽ ഒപ്പുവച്ചു. ഏപ്രിൽ ൨൩-ാംനു അൻപത്തിരണ്ടു വയസ്സുതികഞ്ഞ പുറനാൾദിവസം അദ്ദേഹം മരിച്ചു എന്നു് വിശ്വസിക്കപ്പെടുന്നു. ൨൫-ാംനു അദ്ദേഹത്തിന്റെ മൃതദേഹം സ്ട്രാറ്റ്ഫോർഡിലെ പള്ളിയിൽ മറവുചെയ്തു. ആ ശരീരാവശിഷ്ടങ്ങൾ ഇന്നും അവിടെ വിശ്രമിക്കുന്നു.

സ്ട്രാറ്റ്ഫോർഡിലെ ഹെൻലിതെരുവിന്റെ വടക്കുവശത്തു് ഇന്നും നില്പുള്ള ഒരു ഭവനമാണു് ഷേക്സ്പീയറുടെ ജന്മഗേഹം. ഒരിക്കൽ ഇരട്ടക്കെട്ടായിരുന്ന ആ ഗൃഹം ഇന്നു് ഒറ്റക്കെട്ടാക്കി പരിഷ്കരിച്ചു് ഒരു പ്രദർശനാലയമായി സംരക്ഷിക്കപ്പെടുന്നു. രണ്ടാംനിലയിൽ പടിഞ്ഞാറെ അറ്റത്തുള്ള ഒരു മുറിയിലാണു് ഷേക്സ്പീയർ ജനിച്ചതെന്നു് സന്ദർശകരെ ധരിപ്പിച്ചുപോരുന്നുണ്ടു്. എന്നാൽ അതിനു യാതൊരു തെളിവുമില്ല. അതെങ്ങനെയിരുന്നാലും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സാഹിതീഭക്തന്മാരെ ആകർഷിച്ചു് ആരാധനപാറുന്ന ഒരു പുണ്യസ്ഥലമായി അതു് ഇന്നു നിലകൊള്ളുന്നു.

ഷേക്സ്പീയർ വിലയ്ക്കുവാങ്ങി സ്വന്തം വസതിയാക്കിയ ന്യൂപ്ലേസ് പതിനെട്ടാംശതകത്തിന്റെ മധ്യത്തിൽ പൊളിച്ചുകളഞ്ഞു.

ഇത്രയും വസ്തുതകളാണു് നമുക്കു ഷേക്സ്പീയറെപ്പറ്റി അസന്ദിഗ്ദ്ധമായി അറിയാൻ കഴിയുന്നതു്.

ഇതു വളരെ അപൂർണ്ണമാണെന്നുള്ളതിൽ തർക്കമില്ല. എത്രയോ കാര്യങ്ങൾ മറഞ്ഞുകിടക്കുന്നു. ഇതു് കേവലം ഒരു അസ്ഥിപഞ്ജരംമാത്രം. അതുതന്നെയും പലേടത്തും വികലം. ഇതിനു് മാംസവും തൊലിയും ആവശ്യമുള്ളിടത്തു് അസ്ഥിഖണ്ഡങ്ങളുംകൊടുത്തു് പൂർണ്ണമാക്കാൻ അസംഖ്യം ആളുകൾ അതിസാഹസം ചെയ്തിട്ടുണ്ടു്. ഒരുത്തന്റെ സൃഷ്ടി മറ്റൊരുത്തന്റെ

തിൽനിന്നു ഭിന്നമാണ്. സർവ്വസമ്മതമായ ഒരു സ്വരൂപം ഇതേവരെ ആരും സൃഷ്ടിച്ചിട്ടില്ല.

ഏററവും കൂടുതൽ അഭിപ്രായഭിന്നതകൾക്കും അഭ്യൂഹങ്ങൾക്കും ഇടംകൊടുത്തിട്ടുള്ളതു് ഷേക്സ്പീയർ നാടകകൃത്തായി ലണ്ടനിൽ ആവിർഭവിക്കുന്നതുവരെയുള്ള ജീവിതഘട്ടമാണ്. അതിലും പ്രത്യേകിച്ചു് വിദ്യാലയജീവിതത്തിന്റെ സമാപ്തിമുതൽ വിവാഹംവരെയുള്ള ഏകദേശം അഞ്ചുകൊല്ലവും, ഭാര്യയുടെ ഇരട്ടപ്രസവത്തിനുശേഷം ലണ്ടനിൽ പ്രത്യക്ഷപ്പെടുന്നതുവരെയുള്ള ഏകദേശം ആറുകൊല്ലവുമാണ്.

ഷേക്സ്പീയറുടെ ശൈശവത്തിൽ കുടുംബം നല്ല നിലയിലായിരുന്നു. അച്ഛൻ സ്ഥലത്തെ ഒരു പ്രമാണിയും. അതുകൊണ്ടു് വില്യം തീർച്ചയായും അടുത്തുണ്ടായിരുന്ന ഗ്രാമർസ്കൂളിൽ അക്കാലത്തെ പതിവനുസരിച്ചു നാലാംവയസ്സിൽ പ്രവേശിച്ചിരിക്കണം. പത്തുവർഷം അവിടെ അദ്ധ്യയനവും നടത്തിയിരിക്കണം. ഇന്നത്തെ പ്രൈമറിസ്കൂളും കൂടിച്ചേർന്ന ഒരു ഹൈസ്കൂളിന്റെ സ്ഥാനമാണ് അന്നത്തെ ഗ്രാമർസ്കൂളിന് ഏകദേശം ഉണ്ടായിരുന്നതു്. പ്രധാന പാഠവിഷയവും എല്ലാ വിഷയങ്ങളുടേയും അദ്ധ്യാപനഭാഷയും ലാററിൻ ആയിരുന്നു. അക്കാലത്തു് ആ വിദ്യാലയത്തിൽ പ്രസിദ്ധന്മാരായ ചില പണ്ഡിതന്മാർ അദ്ധ്യാപകന്മാരായിരുന്നുഎന്നും തെളിഞ്ഞിട്ടുണ്ടു്. ആ നിലയ്ക്കു് പത്തുകൊല്ലം അവിടെ അദ്ധ്യയനം നടത്തിയ ഷേക്സ്പീയറെ കേവലം അശിക്ഷിതനെന്നും അനഭ്യസ്തവിദ്യനെന്നും ഗണിക്കുന്നതു് അബദ്ധമാണ്. സാമാന്യവിദ്യാഭ്യാസം തികച്ചും ലഭിച്ചുഎന്നു തീർച്ചയാണ്. അതുലബുദ്ധിയായ ആ ബാലനിൽ അതു് അസാമാന്യമായി ഫലിച്ചുഎന്നു വിചാരിക്കുന്നതിലും തെററില്ല.

ഇക്കാലത്തുതന്നെ ആയിരിക്കണം ഷേക്സ്പീയർ പ്രകൃതിവസ്തുക്കളുമായി അത്യന്തം ഗാഢമായ പരിചയം സമ്പാദിച്ചതു്. എന്തുകൊണ്ടെന്നാൽ അനന്തരകാലത്തെ മിക്കവാറും നിരന്തരമായ നഗരജീവിതത്തിലോ, വല്ലപ്പോഴുമുള്ള കുടുംബസന്ദർശനാവസരങ്ങളിലോ അതിനു സൗകര്യംലഭിച്ചിരിക്കയില്ലല്ലോ. കുന്നും ചരിവും കാടും മേടും കുളിരരുവികളും നിറഞ്ഞ കോട്സ്വാൾഡ് പ്രദേശം പ്രകൃതിയുമായി ഉററസമ്പർക്കം പുലർത്താൻ പററിയ സ്ഥലമായിരുന്നു. പ്രകൃതിവസ്തുക്കളുമായി മറെറാരുകവിയും പ്രദർശിപ്പിച്ചിട്ടില്ലാത്ത സൂക്ഷ്മവും പ്രഗാഢവുമായ പരിചയമാണ് ഷേക്സ്പീയറുടെ കൃതികളിൽ എവിടെയും കാണുന്നതു്. പ്രകൃതിസൗന്ദര്യനിരീക്ഷകന്മാരെന്നു സുവിദിതന്മാരായവരുടെ ശ്രദ്ധയിൽപോലും പെട്ടിട്ടില്ലാത്ത അനേകം കാട്ടുചെടികളേയും പുഷ്പങ്ങളേയും രണ്ടോ മൂന്നോ വാക്കുകളിൽ അദ്ദേഹം എത്ര സൂക്ഷ്മമായി ചിത്രീകരിച്ചിരിക്കുന്നു! സകല മീനും മൃഗവും പക്ഷിയും പൂച്ചിയും ചെടിയും മരവും അദ്ദേഹത്തിനു സുപരിചിതമായിരുന്നുവെന്നു് ഓരോന്നിനേയുംപററിയുള്ള പരാമർശം നിരാക്ഷേപം തെളിയിക്കുന്നു. സൂക്ഷ്മനിരീക്ഷകനും പ്രതിഭാസമ്പന്നനുമായ ആ ബാലന്റെ വിദ്യാഭ്യാസത്തിന് ഗ്രാമർസ്കൂളിനെക്കാൾ എത്രയോ കൂടുതൽ ഉപകരിച്ചതു് പ്രകൃതിയുടെ മഹാവിദ്യാലയമായിരുന്നു എന്നു തീർത്തുപറയാം.

വിദ്യാലയജീവിതത്തിനുശേഷം, ഏകദേശം പതിനാലാമത്തെ വയസ്സുമുതൽ വിവാഹബന്ധത്തിൽ കുടുങ്ങിയ പതിനെട്ടാംവയസ്സുവരെ വില്യം എന്തുചെയ്തു? അക്കാലത്തു് അധോഗതിയിലെത്തിയിരുന്ന അച്ഛൻ അന്നു് ഏർപ്പെട്ടിരുന്ന കശാപ്പുജോലിയിൽ അവനും സഹായിച്ചുഎന്നാണ് ഒരു ഐതിഹ്യം. ബാലനായ ഷേക്സ്പീയർ മൃഗനിധനം നിർവ്വഹിച്ചതു് അസാമാന്യധാടിയോടുകൂടി ആയിരുന്നെന്നും, ഓരോ കൊലയും കഴിഞ്ഞു് ഒരു പ്രഭാഷണം നടത്തുമായിരുന്നെന്നും, ഷേക്സ്പീയർ മരിച്ചു് അനേകവർഷങ്ങൾ ചെന്നതിൽപിന്നെ വിഭാവനാവിഭവനായ ഒരു വായാടി തട്ടിവിട്ട ഒരു 'പുനസ്സരുട്ടി'യാണ് ഈ ഐതിഹ്യത്തിനവലംബം എന്നുതോന്നുന്നു. മാതാപിതാക്കന്മാരുടെ പ്രഥമപുത്രനായിരുന്ന വില്യം വിദ്യാഭ്യാസംകഴിഞ്ഞു് പ്രത്യേകിച്ചു ജോലിയൊന്നുമില്ലാതെ വീട്ടിൽതന്നെ കഴിയുകയായിരുന്നെങ്കിൽ, അച്ഛന്റെ തൊഴിലിൽ—അതു് കശാപ്പായാലും ശരി മററുവല്ലതും ആയാലുംശരി, സഹായിച്ചിരിക്കും എന്നുള്ളതു് സ്വാഭാവികം മാത്രമാണ്.

വിവേകശൂന്യമായ വിവാഹം, അതു സമ്മാനിച്ച ക്രമാധികപ്രവൃദ്ധമായ പ്രാരബ്ധം, കുടുംബത്തിന്റെ ശോച്യാവസ്ഥ, ഇതെല്ലാമായിരിക്കാം ജീവനോപായമന്വേഷിച്ചു സ്ട്രാററ്ഫോർഡ് വിടാൻ വില്യമിനെ പ്രേരിപ്പിച്ചതു്. അടുത്തുള്ള ഒരു പ്രഭുവിന്റെ വനത്തിൽ കടന്നു നടത്തിയ മൃഗാപഹരണത്തിന്റെ അനിഷ്ടഫലങ്ങളിൽനിന്നു രക്ഷനേടാനാണ് ആ യുവാവു് പെട്ടെന്നു നാടുവിട്ടതെന്നു പ്രബലമായ ഒരു ഐതിഹ്യമുണ്ടു്. അതിനു തെളിവൊന്നുമില്ല. അയാൾ ഒളിച്ചോടി ലണ്ടനിൽ എത്തിയെന്നും, വളരെക്കാലം ഗ്ലോബ്തിയേററിന്റെ മുൻപിൽ സന്ദർശകന്മാരുടെ കുതിരകളെ സൂക്ഷിക്കുന്ന ദാസ്യവൃത്തിയിലേർപ്പെട്ടിരുന്നുഎന്നും, പിന്നീടു് നാടകശാലയ്ക്കുള്ളിൽ പരിചാരകൻ, ചില്ലറവേഷക്കാരൻ, അന്യർ എഴുതിയ നാടകങ്ങളുടെ അററകുററപ്പണിക്കാരൻ, ഒടുവിൽ സ്വതന്ത്രനായ നാടകമെഴുത്തുകാരൻ, എന്നിങ്ങനെ പടിപടിയായി ഉയർന്നുഎന്നുമാണ് ഐതിഹ്യം. കാൽനടയായോ വള്ളത്തിലോമാത്രം ചെന്നെത്താൻ കഴിഞ്ഞിരുന്ന ഗ്ലോബ് നാടകശാലയ്ക്കുമുൻപിൽ ഷേക്സ്പീയർക്കു സൂക്ഷിക്കാൻ ആരു് എങ്ങനെ കുതിരയെ എത്തിച്ചുകൊടുത്തു എന്നു മനസ്സിലാകുന്നില്ല. ദുർബലങ്ങളായ ചില കിംവദന്തികളുടെമേൽ കെട്ടിപ്പടുത്തിട്ടുള്ള അഭ്യൂഹങ്ങളാണിതെല്ലാം.

പ്രകൃതിലാവണ്യവും അന്തരംഗലഹരിയും പ്രശാന്തസുന്ദരമായ സ്ട്രാററ്ഫോർഡിൽവച്ചു് ഒരുമിച്ചു് ആസ്വദിച്ച പ്രതിഭാശാലിയും അഭ്യസ്തവിദ്യനുമായ ഒരു യുവാവിൽ കവിതാവാസന പൊട്ടിപ്പുറപ്പെടാൻ ബ

ഹളംനിറഞ്ഞ ലണ്ടൻപട്ടണത്തിന്റെ പ്രചോദനം വേണ്ടിയിരുന്നോ? നഗരം സന്ദർശിക്കുന്നതിനുമുൻപുതന്നെ കാവ്യസൗന്ദര്യത്തിന്റെ മായാമണ്ഡലത്തിൽ ആ യുവഹൃദയം വിഹരിച്ചിരുന്നിരിക്കയില്ലേ? ഭാഗ്യപരീക്ഷയ്ക്കു ലണ്ടനിൽ എത്തിയ ആ ഗ്രാമീണയുവാവിന്റെ കീശയിൽ ഏതാനും കവനങ്ങളെങ്കിലും, ഒരു പക്ഷേ ശൃംഗാരരസപ്രചുരമായ Venus and Adonis തന്നെ, ഉണ്ടായിരുന്നിരിക്കയില്ലേ?

അജ്ഞാതതയിൽ ആണ്ടുകിടക്കുന്ന ഈ രണ്ടു ജീവിതഘട്ടങ്ങളെസംബന്ധിച്ചുള്ള രസാവഹമായ മറ്റൊരു അഭ്യൂഹം അദ്ദേഹം ആ കാലങ്ങളിൽ ആദ്യം ഒരു നാവികബാലനായും രണ്ടാമത്ത് ഒരു വ്യാപാരിയായും കപ്പൽയാത്രയിൽ ഏർപ്പെട്ടിരിക്കയായിരുന്നു എന്നും, രണ്ടാമത്തെയാത്രയിൽ കപ്പൽ മുങ്ങിയെന്നും, വളരെ കഷ്ടിച്ചാണ് മരണത്തിന്റെ വായിൽനിന്ന് അദ്ദേഹം രക്ഷപ്പെട്ടത് എന്നുംമററും മാറുമാണ്. കപ്പലിലെ ജീവിതം, സംഭാഷണം, കടലിലെ കോളിളക്കം, കപ്പൽനാശം ഇതുകളുടെ സൂക്ഷ്മമായ അനുഭവജ്ഞാനം നാടകങ്ങളിൽ ബഹുലമായി പ്രത്യക്ഷപ്പെടുന്നുഎന്ന വസ്തുതയാണ് ഇതിന് ഉപോദ്ബലകമായി ഉന്നയിച്ചിരിക്കുന്നത്. കുശലവും കൗതുകപ്രദവുമായ ഒരു അഭ്യൂഹമാണിതെന്നു സമ്മതിച്ചേ മതിയാകൂ.

അത്ഭുതാവഹമായ വൈവിധ്യം പ്രദർശിപ്പിക്കുന്ന അനേകശതം പാത്രങ്ങളിൽ ഓരോന്നിനോടും സമ്പൂർണ്ണമായി താദാത്മ്യം പ്രാപിക്കാൻകഴിഞ്ഞ അസാധാരണനായ ഒരു നാടകകർത്താവിന്റെ കൃതികളിലെ പരാമർശങ്ങളെ ആധാരമാക്കി അദ്ദേഹത്തിന്റെ ജീവചരിത്രം സൃഷ്ടിക്കാൻ ഒരുമ്പെടുന്നത് അവിവേകമാണെന്നുമാത്രമാണ് ഈ അഭ്യൂഹങ്ങളിൽ മിക്കതും തെളിയിക്കുന്നത്.

ഷേക്സ്പീയറെപ്പററി സമകാലീനന്മാരിൽ പലരും അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രീൻ എന്ന നാടകകൃത്തിന്റെ അസൂയാലിപ്തമായ ഒരു പരിഹാസം ഒഴിച്ചാൽ, എല്ലാം ഷേക്സ്പീയർക്ക് അത്യന്തം അഭിമാനകരമാണ്. സകലരും അദ്ദേഹത്തിന്റെ ശാന്തതയേയും ആർജ്ജവത്തേയും സൗഹൃദത്തേയും മസൃണമായ പെരുമാററത്തേയും വാഴ്ത്തിയിരിക്കുന്നു. അഗാധപണ്ഡിതനും അപഹസനകുതുകിയും, നാടകരംഗത്ത് ഷേക്സ്പീയരുടെ എതിരാളിയുമായിരുന്ന ബെൻജോൺസൺ അത്യന്തമായ പ്രശംസയാണ് ഒരു മനുഷ്യൻ എന്ന നിലയിലും ഒരു കവിയെന്ന നിലയിലും ഷേക്സ്പീയർക്കു നൽകിയിട്ടുള്ളത്.

അദ്ദേഹത്തിന്റെ നിരന്തരവും പ്രശാന്തവും ആയ പരിശ്രമവും ക്രമാനുഗതമായ സാമ്പത്തികാഭിവൃദ്ധിയും കലാകാര്യങ്ങളിലെന്നപോലെതന്നെ ലൗകികകാര്യങ്ങളിലും ഷേക്സ്പീയർ അത്യന്തം ശ്രദ്ധാലുവും നിപുണനുമായിരുന്നു എന്നു തെളിയിക്കുന്നു.

ഒരു നാടകകർത്താവ് എന്ന നിലയിൽ ഷേക്സ്പീയറെപ്പററി വിശ്വസനീയങ്ങളായ പല വസ്തുതകളും നമുക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ അവയെ സംബന്ധിച്ചും അസംഖ്യം പരസ്പരവിരുദ്ധങ്ങളായ അഭ്യൂഹങ്ങളും അഭിപ്രായങ്ങളുമാണുള്ളത്. ഓരോന്നിന്റെയും കാലം ഏത്? എല്ലാം ഷേക്സ്പീയർതന്നെയോ എഴുതിയത്? പലതും അന്യർ എഴുതിയ നാടകങ്ങൾ ഷേക്സ്പീയർ പരിഷ്കരിച്ചതല്ലേ? ചില നാടകങ്ങൾ ഷേക്സ്പീയരും മറേറതോ നാടകകർത്താവും കൂടിച്ചേർന്നു രചിച്ചതല്ലേ? ഇങ്ങനെയുള്ള വിവിധപ്രശ്നങ്ങളാണ് തീവ്രമായ വാദപ്രതിവാദത്തിനു കളം ഒരുക്കിയിട്ടുള്ളത്. ഇതിനെക്കാളൊക്കെ മൗലികമായ ഒരു പ്രശ്നവും ഉന്നയിക്കപ്പെടാതിരുന്നിട്ടില്ല. ഈ നാടകങ്ങൾ ഷേക്സ്പീയർ എഴുതിയതേ അല്ല എന്നായിരുന്നു ഒരു കൂട്ടരുടെ വാദം. അവയുടെ കർത്തൃത്വം ബേക്കണിലും ഓക്സ്ഫോർഡുപ്രഭുവിലും ഡെർബിപ്രഭുവിലും മററു പലരിലുംആണ് ഇവർ ആരോപിച്ചത്. ഒരുകാലത്ത് ഏതാനും ചിലരെ ബാധിച്ച ഈ ജ്വരം ഘോരമായിരുന്നെങ്കിലും ആശങ്കാജനകമായ സാംക്രമികശക്തി അല്പകാലത്തേക്കു പ്രദർശിപ്പിച്ചു എന്നുവരികിലും പറയത്തക്ക വിപത്തൊന്നും വരുത്താതെ ശമിച്ചതിൽ നമുക്കു സന്തോഷിക്കാം. വില്യം ഷേക്സ്പീയർതന്നെയാണ് വില്യംഷേക്സ്പീയരുടെ നാടകങ്ങൾ എഴുതിയത് എന്നുള്ളതിൽ ഇന്ന് ആർക്കും സംശയമുണ്ടെന്നു തോന്നുന്നില്ല.

Henry VI-ന്റെ ഒന്നാംഭാഗവുമായി ഷേക്സ്പീയർ പരസ്യമായി നാടകരംഗത്തുപ്രത്യക്ഷപ്പെട്ട ൧൫൯൨-ാമാണ്ടിനുമുൻപുതന്നെ, ആ നാടകത്തിന്റെ മൂന്നുഭാഗങ്ങൾ, Loves' Labours Lostമുതലായി ഏതാനും കൃതികൾ രചിച്ചുകഴിഞ്ഞു എന്നുവേണം വിചാരിക്കാൻ. Henry VI-നെ തുടർന്ന് Richard III തുടങ്ങി Henry V വരെയുള്ള ഇംഗ്ലീഷുകാരന്റെ നവോദ്ബുദ്ധമായ രാജ്യാഭിമാനത്തെ ഉത്തേജിപ്പിക്കുന്ന ഏതാനും ചരിത്രനാടകങ്ങളും Mid Summer Nights Dream, The Merchant of Venice മുതലായി പ്രസാദപൂർണ്ണങ്ങളായ ഏതാനും ശുഭാന്തനാടകങ്ങളും, ഉച്ഛൃംഖലമായ പ്രേമവായ്പിന്റെ മാദകമായ മാധുര്യവും കരുണമായ ദുരന്തവുംകൊണ്ട് ഹൃദയപ്രമഥകമായ Romeo and Juliet-ഉം കാവ്യലാവണ്യത്തിന്റെ പരമസീമകളെ തഴുകുന്ന Venus and Adonis, Rape of Lucrece, എന്ന ഖണ്ഡകാവ്യങ്ങളും പത്തുകൊല്ലത്തിനുള്ളിൽ പുറത്തണഞ്ഞു.

സർവ്വകലാശാലാബിരുദധാരികളായ ഏതാനും പണ്ഡിതന്മാരായ നാടകകർത്താക്കളെ അപണ്ഡിതനായ ഈ ഗ്രാമീണന്റെ അപ്രതിരോധ്യമായ ആക്രമണം ആരംഭത്തിൽ ഇതികർത്തവ്യതാവിമൂഢരും അസൂയാകലുഷിതരുമാക്കിയതിൽ ആശ്ചര്യപ്പെടാനില്ല. മരണവും പരാജയവും അവരെ ഓരോരുത്തരായി പുറത്താക്കി. ഷേക്സ്പീയരുടെനേർക്ക് വിഷലിപ്തമായ ശരം പ്രയോഗിച്ച ഗ്രീൻ അക്കൊല്ലംതന്നെ ൧൫൯൨-ൽ മരിച്ചു. അക്കൂട്ടത്തിലെ ഏററവും മികച്ച കവിയും നാടകകൃത്തുമായിരുന്ന മാർലോ ഒരു കലഹത്തിൽപെട്ട് അടുത്ത കൊല്ലവും, കിഡ് അതിനടുത്തകൊല്ലവും ചരമം അട

ഞ്ഞു. ലോഡ്ജ് നാടകനിർമ്മാണം കൈവെടിഞ്ഞ് വൈദ്യവൃത്തിയിൽ ഏർപ്പെട്ടു. ലൈലിയും രംഗം വിട്ടു. നാഷ് അപഹാസലേഖനങ്ങളിലേക്കും കഥകളിലേക്കും തിരിഞ്ഞു. അങ്ങനെ കുറേക്കാലത്തേക്കു നാടകകർത്തൃകികളുടെ കണ്ണിലുണ്ണിയും ആരാധനാപാത്രവുമായി ആ കളത്തിൽ ഷേക്സ്പീയർമാത്രം വിഹരിച്ചു. സതാംപ്റ്റൺപ്രഭു തുടങ്ങിയ ഏതാനും പ്രബലന്മാരായ മിത്രങ്ങളുടെ സാഹായ്യവും അദ്ദേഹത്തെ അനുഗ്രഹിച്ചു.

൧൬൦൧ മുതൽ ൧൬൦൮ വരെ ഷേക്സ്പീയറുടെ നാടകരചന ഒരു പുതിയ വഴിയിലേക്കു തിരിയുന്നു. ഇരുളും വേദനയും നിറഞ്ഞ ശോകാന്തനാടകങ്ങളുടെ കാലമാണത്. അദ്ദേഹത്തിന്റെ വിശ്വവിഖ്യാതങ്ങളായ ശോകാന്തനാടകങ്ങളെല്ലാം ഇക്കാലത്താണ് ആവിർഭവിച്ചത്. 'ഹാംലെററ്' ഉൽഘാടനംചെയ്ത ആ കനസാമ്രാജ്യം 'ഒതെല്ലോ'വും 'ലീയറും' 'മാക്ബെത്തും' Timon of Athens-ഉം, റോമാചരിത്രത്തെ അധികരിച്ചുള്ള Julius Caesar-ഉം Antony and Cleopatra-യും, Coriolanus-ഉം, അനന്തവിസ്തൃതമാക്കുന്നു.

ഇക്കാലത്തും Measure for Measure, Troilus and Cressida തുടങ്ങിയ ഏതാനും ശുഭാന്തനാടകങ്ങൾ അദ്ദേഹം രചിക്കാതിരുന്നില്ല. എന്നാൽ അവയുടെ മുൻഗാമികളുടെ നിർമ്മലമായ സ്ഫാടികപ്രസാദമോ, പിൻഗാമികളുടെ ചിന്താശീതളമായ ശാന്തപ്രകാശമോ അവയിൽ പ്രത്യക്ഷപ്പെടുന്നില്ല. അവയിലെ തിളക്കം നിശിതവും നിർദ്ദയവുമാണ്. അവയുടെ രസത്തിൽ കയ്പും കവർപ്പും കലർന്നിട്ടുണ്ട്.

ഷേക്സ്പീയറുടെ ജീവിതത്തിലുണ്ടായ ശോകാത്മകങ്ങളായ ചില സംഭവവികാസങ്ങളുടെ കനത്ത കരിനിഴലാണ് ഈ നാടകങ്ങളിലെല്ലാം അടിഞ്ഞുകിടക്കുന്നതെന്ന് പ്രബലമായ ഒരു അഭിപ്രായമുണ്ട്. അത് അസംഭാവ്യമല്ല.

൧൬൦൧-ൽ അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചു. കുടുംബഭാരം മുഴുവൻ അദ്ദേഹത്തിന്റെ ചുമലിലായി. ഏതോ ഒരു ആത്മസുഹൃത്തും ഹൃദയശൂന്യയായ ഒരു മോഹിനിയും അദ്ദേഹത്തിനു മഹാവേദനകൾ സമ്മാനിച്ചതായി അദ്ദേഹത്തിന്റെ ഗീതകങ്ങളിൽനിന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ സുഹൃത്തമനും, ഉററസഹായിയുമായിരുന്ന സതാംപ്റ്റൺപ്രഭു വിഫലമായ ഒരു ഉപജാപത്തിൽ ഉൾപ്പെട്ട് അപകടത്തിലായതും ഏതാണ്ട് ഇക്കാലത്തുതന്നെയാണ്. അങ്ങനെ അദ്ദേഹത്തിന്റെ ജീവിതം ബഹുധാ വിഷാദപൂർണ്ണം ആയിരിക്കാം. ദുരന്തനാടകങ്ങളോട് അദ്ദേഹം പ്രദർശിപ്പിച്ച അഭിനിവേശം അതിന്റെ ഒരു പ്രതിഫലനവും ആയിരിക്കാം.

പക്ഷേ, ഷേക്സ്പീയറെപ്പററി ഇങ്ങനെയുള്ള ഊഹാപോഹങ്ങളിൽ വ്യാപരിക്കുന്നതു സൂക്ഷിച്ചുവേണം. പ്രസാദാത്മകങ്ങളായ നാടകങ്ങൾ കുറെ അധികം എഴുതിയപ്പോൾ സ്വാഭാവികമായിത്തന്നെ മനസ്സു മറുവഴിക്കു തിരിഞ്ഞതാവാനും പാടില്ലായ്കയില്ല. പ്രായോഗികബുദ്ധിയായ ഷേക്സ്പീയർ പ്രേക്ഷകലോകത്തിന്റെ അഭിരുചിഭേദങ്ങളെ ശ്രദ്ധാപൂർവം പഠിച്ചുകൊണ്ടാണിരുന്നത്. ഈ ഘട്ടത്തിന്റെ ആരംഭത്തിൽ മററു പല നാടകകർത്താക്കന്മാരും ദുരന്തനാടകങ്ങളോട് ഒരു ആഭിമുഖ്യം കാണിച്ചു എന്നുള്ള വസ്തുത ശ്രദ്ധേയമാണ്. Chapman, Marston, Chettle, ഇവരെല്ലാം ഹൃദയാന്തുദങ്ങളായ ശോകാന്തനാടകങ്ങളെഴുതി. എല്ലാവരുടെയും ജീവിതം ആ ഘട്ടത്തിൽ ഒരുപോലെ ശോകപൂരിതമായിരുന്നിരിക്കയില്ലല്ലോ. ഇതിൽനിന്ന്, സഹൃദയലോകത്തിന്റെ അഭിരുചി ആ വഴിക്ക് അക്കാലത്തു തിരിഞ്ഞു എന്നും, അതു മനസ്സിലാക്കിയ ഷേക്സ്പീയർ അതിനെ തൃപ്തിപ്പെടുത്താൻ ഉത്സാഹിച്ചുഎന്നും ഊഹിക്കുന്നതിലും തെററില്ല. ഒരുപക്ഷേ പ്രേക്ഷകരുടെ അഭിരുചിഭേദവും ഷേക്സ്പീയറുടെ മനോഭംഗവും യദൃച്ഛയാ അനുരഞ്ജിച്ചതാവും വന്നുകൂടെന്നില്ല.

൧൬൦൮ മുതൽ ൧൬൧൬ വരെയുള്ള എട്ടുവർഷം ഷേക്സ്പീയറുടെ ജീവിതസായാഹ്നമാണ്. നാടകനിർമ്മാണം ഇക്കാലത്തു മന്ദീഭവിക്കുന്നു. ൧൬൧൩-ൽ നിശ്ശേഷം നിലയ്ക്കുന്നു. ഈ ഘട്ടത്തിലെ Cymbeline, Winter Tale, The Tempest, ഈ നാടകങ്ങളിൽ നിഴലും വെളിച്ചവും അന്യോന്യം പ്രേമബദ്ധരായി കൈകോർത്തുനില്ക്കുന്നതുപോലെയും, പരസ്പരവൈരുദ്ധ്യങ്ങളെ കൂട്ടിയിണക്കിയും അതിലംഘിച്ചും വർത്തിക്കുന്ന സമുന്നതമായ ഒരു അനുരഞ്ജനത്തിൽ, അഭംഗുരമായ ഒരു ശാന്തിയിൽ കവിയുടെ ചേതസ്സു വിശ്രമിക്കുന്നതുപോലെയും തോന്നിപ്പോകുന്നു. ജീവിതലക്ഷ്യത്തിന്റെ പൂർണ്ണമായ പ്രാപ്തിയിൽ അതിലേക്ക് ഉപകരിച്ച മാന്ത്രികോപകരണങ്ങൾ പരിത്യജിച്ച് ചിന്താബന്ധുരമായ ശാന്തിയിലേക്കു പിൻവാങ്ങുന്ന പ്രോസ്പിറോവിൽ കലാകാരന്റെ മായാപിഞ്ഛിക മാററിവച്ച് വിശ്രമത്തിനൊരുങ്ങുന്ന വിജയശ്രീലാളിതനും ചരിതാർത്ഥനും പ്രശാന്തനുമായ കവിയെത്തന്നെ നാം കണ്ടുപോകുന്നു.

ആഴവും അതിരും നിർണ്ണയിക്കാൻവയ്യാത്ത അലയാഴിപോലെയാണ് ഷേക്സ്പീയറുടെ കൃതികൾ. അതിലേക്കു കടക്കാൻ ഞാൻ ഇവിടെ മുതിരുന്നില്ല. അവയെ പൊതുവേ സംബന്ധിക്കുന്ന ഒന്നുരണ്ടു കാര്യങ്ങളെപ്പററിമാത്രം ഒന്നു സൂചിപ്പിച്ചുകൊള്ളട്ടെ.

ലോകത്തിലെ എതിരില്ലാത്ത കവിയായും നാടകകർത്താവായും ഷേക്സ്പീയർ വാഴ്ത്തപ്പെടുന്നത് എന്തുകൊണ്ടാണ്? എല്ലാദേശക്കാരും എല്ലാകാലത്തും അദ്ദേഹത്തെ ഉച്ചൈസ്തരം വാഴ്ത്തിയിട്ടുണ്ട്. അദ്ദേഹത്തോടു സ്വയം തുലനംചെയ്യാൻ ബെർണാർഡ്ഷാ ഒഴിച്ചു മറെറാരു സാഹിത്യകാരനും ഇന്നേവരെ ധൈര്യപ്പെട്ടിട്ടില്ല. ഷാതന്നെയും ആ പ്രവൃത്തികൊണ്ട് ലോകത്തിൽ മററാർക്കും കൊടുക്കാത്ത ഒരു പ്രശംസയാണ് ഷേക്സ്പീയർക്കു സമ്മാനിക്കുന്നത്. ഷായുടെ

വിമർശനങ്ങളിലെ അഹങ്കാരാഭാസത്തിന്റെ മറവിൽ അകളങ്കമായ ആരാധന തുളുമ്പുന്നതു് കണ്ണുള്ളവൎക്കു കാണാൻകഴിയും. എന്താണു് ഷേക്സ്പീയരുടെ വിശേഷതരമായ മഹത്ത്വം?

അദ്ദേഹത്തിന്റെ കൃതികൾ അവികലങ്ങളല്ല. അദ്ദേഹത്തിന്റെ ഏററവും നല്ല കൃതികളിൽപോലും കുറവുകൾ ചൂണ്ടിക്കാണിക്കാൻ കഴിയും. അദ്ദേഹം കാലദേശങ്ങളെക്കുറുക്കിച്ചുരുട്ടുകയും അടിച്ചുനീട്ടുകയും ചെയ്തിട്ടുണ്ടു്. ചരിത്രവസ്തുതകളെ അവഗണിച്ചിട്ടുണ്ടു്, വളച്ചുതിരിച്ചിട്ടുണ്ടു്, പിടിച്ചു് ഒടിച്ചിട്ടുണ്ടു്. ഭൂമിശാസ്ത്രത്തെപ്പററിയുള്ള അജ്ഞത പലേടത്തും പ്രകടമാക്കിയിട്ടുണ്ടു്. വാക്കുകൾകൊണ്ടു ചെപ്പടിവിദ്യ കാട്ടുന്നതിൽ സ്ഥാനത്തും അസ്ഥാനത്തും അതിരുകവിഞ്ഞ കൗതുകം എന്നും പ്രദൎശിപ്പിച്ചിട്ടുണ്ടു്. വ്യാകരണത്തിന്റെ വേലികളെ നിർദ്ദാക്ഷിണ്യം തകൎത്തിട്ടുണ്ടു്. ശബ്ദങ്ങളെ അവയ്ക്കില്ലാത്ത അൎത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ടു്, ഇല്ലാത്ത ശബ്ദങ്ങൾ സ്വയം സൃഷ്ടിച്ചിട്ടുണ്ടു്. അങ്ങനെ അദ്ദേഹത്തിനു പ്രത്യേകമായി ഒരു വ്യാകരണവും ഒരു നിഘണ്ടുവും നിൎമ്മിക്കാൻ ഇടയാക്കിയിട്ടുണ്ടു്. അദ്ദേഹത്തിന്റെ നാടകങ്ങളിലെ ഇതിവൃത്തങ്ങളെല്ലാം, ഒന്നുരണ്ടെണ്ണം ഒഴിച്ചാൽ തികച്ചും പരസ്വമാണു്. എന്നിട്ടും ലോകം അദ്ദേഹത്തെ ഏററവും വലിയ നാടകകൎത്താവായും കവിയായും വാഴ്ത്തുന്നതു് എന്തുകൊണ്ടാണു്?

പേരുകേട്ട സാഹിത്യകാരന്മാൎക്കെല്ലാം ചില ചില പ്രത്യേക സിദ്ധികളുണ്ടു്; അവരുടെ നിസ്തുലമായ കഴിവു കാട്ടാൻ ഉപകരിക്കുന്ന ചില ചില പ്രത്യേക മണ്ഡലങ്ങളുണ്ടു്. അതതു സിദ്ധികളിൽ, അതതു മണ്ഡലങ്ങളിൽ അവരിൽ പലരും ഷേക്സ്പീയൎക്കു തുല്യരോ ഷേക്സ്പീയറെ അതിശയിച്ചവരോ ആണു്. ഷേക്സ്പീയരുടെ സൎവ്വാതിശായിയായ വൈശിഷ്ട്യം, സകല സിദ്ധികളും അദ്ദേഹത്തിൽ സമ്മേളിച്ചു എന്നുള്ളതാണു്; സകലമണ്ഡലങ്ങളിലും അദ്ദേഹം നിർബാധം വിഹരിച്ചു എന്നുള്ളതാണു്.

അദ്ദേഹത്തെപ്പോലെ സമ്പാദിക്കുന്നതിനും സമ്പാദിക്കുന്നതുവച്ചു പൊലിപ്പിക്കുന്നതിനും യഥാവസരം വിദഗ്ദ്ധമായി വിനിയോഗിക്കുന്നതിനും ഉള്ള ശക്തി ലോകത്തിൽ മററാരും പ്രദർശിപ്പിച്ചിട്ടില്ല. ശൈശവം മുതൽ കണ്ടതും കേട്ടതും വായിച്ചതും അനുഭവിച്ചതും എല്ലാം ഒന്നൊഴിയാതെ ഭദ്രമായി വച്ചുസൂക്ഷിക്കുകയും അപ്രതിമമായ പ്രതിഭയുടെ വ്യവസായശാലയിൽ അത്ഭുതാവഹമാംവണ്ണം സംസ്കരിച്ചു് അഭിവൃദ്ധിപ്പെടുത്തുകയും അവസരോചിതം നിർലോഭം എടുത്തു് ഉപയോഗിക്കുകയുമാണു് അദ്ദേഹം ചെയ്തതു്. ഒരു ഉദാഹരണം നോക്കുക; മഹാപണ്ഡിതനും അതുല്യപ്രഭാവനും ആയ മിൽററൺ അദ്ദേഹത്തിന്റെ ബഹുലവും വിപുലവുമായ കൃതികളിൽ ഏഴായിരം വാക്കുകൾ ഉപയോഗിച്ചപ്പോൾ ഒരു ഗ്രാമർസ്ക്കൂളിന്റെ പരിധിക്കു പുറത്തുപോയിട്ടില്ലാത്ത അപണ്ഡിതനായ ഷേക്സ്പീയർ സ്വകൃതികളിൽ ഇരുപത്തിയോരായിരം വാക്കുകളാണു് ഉപയോഗിച്ചിട്ടുള്ളതു്. ഇത്ര വിസ്മയാവഹമായ ഒരു ശബ്ദകുബേരത്വം മറെറാരു സാഹിത്യകാരനും പ്രദർശിപ്പിച്ചിട്ടില്ല. എവിടെനിന്നുകിട്ടി ഈ വാക്കുകളെല്ലാം? അനന്തവിസ്തൃതമായ മനുഷ്യജീവിതത്തിന്റെ എണ്ണമററ വിവിധമണ്ഡലങ്ങളിൽനിന്നു്, സമുജ്ജ്വലമായ ബുദ്ധിയുടെ അവിരതവൃത്തിയായ സൎഗ്ഗശാലയിൽനിന്നു്, എന്നേ ഉത്തരം പറയാൻ കാണുന്നുള്ളു.

ഈ വൈപുല്യവും വൈവിധ്യവും അദ്ദേഹത്തിന്റെ ലോകത്തിനുള്ളതാണു്. അദ്ദേഹത്തിന്റെ കൃതികളിൽ നിഴലിക്കുന്നതു് ലോകം മുഴുവൻതന്നെയാണു്. രാജാധിരാജന്മാർ, പ്രഭുക്കന്മാർ, മതാധിപന്മാർ, സേനാനായകന്മാർ മുതലായി ഉന്നതസ്ഥാനീയർ തുടങ്ങി കർഷകനും ഇടയനും ശവക്കുഴിതോണ്ടുന്ന കൂലിക്കാരനും വരെയുള്ള സകല സമുദായതലങ്ങളും അവിടെയുണ്ടു്. സകലവിധത്തിലുമുള്ള വ്യക്തികളും അതിലുണ്ടു്. ഗ്രാമീണനും നാഗരികനുമുണ്ടു്, സുബുദ്ധിയും വികലബുദ്ധിയും സൽബുദ്ധിയും ദുർബുദ്ധിയുമുണ്ടു്. സുന്ദരനും അസുന്ദരനുമുണ്ടു്. സന്മന്ത്രവാദികളുണ്ടു്, ദുൎമ്മന്ത്രവാദികളുണ്ടു്, എന്തിനു് മനുഷ്യമൃഗവും ദേവതയും യക്ഷിയും പ്രേതവുമുണ്ടു്. ഓരോരുത്തരും അവരവരുടെ ഭാഷ സംസാരിക്കുന്നു; അവരവരുടെ ആശയങ്ങളും വികാരങ്ങളും ആവിഷ്കരിക്കുന്നു, അവരിൽക്കൂടി കവി സംസാരിക്കയല്ല; അവരെക്കൊണ്ടു് കവി സംസാരിപ്പിക്കയുമല്ല. കവി അവർതന്നെ ആവുകയാണു്.

ഇത്ര സമ്പൂൎണ്ണമായ ഒരു തന്മയീഭാവം മറെറാരു സാഹിത്യകാരനും സാധിച്ചിട്ടില്ല. പദാൎത്ഥനിഷ്ഠന്മാരെന്നു സുപ്രസിദ്ധി നേടിയിട്ടുള്ള കലാകാരന്മാർപോലും, അവരുടെ പാത്രങ്ങളിലല്ലെങ്കിൽ, അവയുടെ വിന്യസനത്തിൽ, പരസ്പരബന്ധത്തിൽ, ഗതിവിഗതികളിൽ സ്വന്തം ആത്മസത്ത പ്രകടിപ്പിച്ചുപോയിട്ടുണ്ടു്. എന്നാൽ തന്റെ പാത്രങ്ങളിലും അവയുടെ ഘടനാവിഘടനകളിലും ഭാഗധേയപരിവൎത്തനങ്ങളിലും ഷേക്സ്പീയർ നിശ്ശേഷം അദൃശ്യനായിത്തന്നെ വൎത്തിക്കുന്നു. ഓരോ പാത്രത്തിനും, അതിന്റെ നിലയും വിലയും എന്തുതന്നെയും ആയിക്കൊള്ളട്ടെ, ഒരു തത്ത്വസംഹതയുണ്ടു്. മനനവിചക്ഷണനായ ഹാംലെററിനുമാത്രമല്ല, അപൂൎണ്ണബുദ്ധിയായ കാലിബനുമുണ്ടു്, ആത്മബലിക്കു് ഒരുങ്ങുന്ന അൻേറാണിയോവിനുമാത്രമല്ല നരമേധത്തിനൊരുങ്ങുന്ന ഷൈലോക്കിനുമുണ്ടു്. ജീവചൈതന്യവും വ്യക്തിത്വവും നിറഞ്ഞതാണു് ഓരോ പാത്രവും.

എന്തൊരു വിസ്മയാവഹമായ വൈചിത്ര്യമാണു് അവ പ്രദർശിപ്പിക്കുന്നതു്! ഒന്നും മറെറാന്നുപോലെയല്ല. ഒരേ സ്ഥാനത്തു രണ്ടുപേരെ കാണുകയില്ല. ഒരേ ഘട്ടം രണ്ടു നാടകത്തിൽ കാണുകയില്ല. ഒരു രാജാവിനെപ്പോലെയല്ല മറെറാരു രാജാവു്, ഒരു കാമുകനെപ്പോലെയല്ല മറെറാരു കാമുകൻ, ഒരു ഖലനെപ്പോലെയല്ല മറെറാരു ഖലൻ, ഒരു വിഡ്ഢിയെപ്പോലെയല്ല മറെറാരു വിഡ്ഢി.

ഈ സാർവ്വലൌകികത്വമാണ്, സർവ്വംഗ്രാഹിത്വമാണ് ഷേക്സ്പീയരുടെ അസമാനമായ മഹത്വത്തിന്റെ അടിസ്ഥാനം. അദ്ദേഹം മനുഷ്യഹൃദയത്തിന്റെ അത്ഭുതരഹസ്യങ്ങൾ സർവ്വും കണ്ടു. സഹഭാവപൂർവ്വം പഠിച്ചു, സൂക്ഷ്മമായി ചിത്രീകരിച്ചു. ആരുടെമേലും വിധിയെഴുതാൻ തുനിഞ്ഞില്ല. അധർമ്മചാരിയിലും ഘാതകനിലും വികലബുദ്ധിയിലും വിഡ്ഢിയിലുംപോലും മഹനീയമായ മനുഷ്യത്വത്തിന്റെ സ്ഫുരണം അദ്ദേഹം ദർശിച്ചു, പ്രദർശിപ്പിച്ചു. സാഹിത്യലോകത്തിലെ ഏററവും വിശാലാശയനായ മാനവബന്ധുവാണദ്ദേഹം.

അദ്ദേഹം ഒരു തത്വജ്ഞാനിയല്ല—അദ്ദേഹത്തിന് പ്രത്യേകിച്ച് ഒരു തത്വസംഹിതയില്ല—ആ വാക്കുകളുടെ സുവിദിതമായ നിഷ്കൃഷ്ടാർത്ഥത്തിൽ. അദ്ദേഹത്തിന്റെ പാത്രങ്ങൾ പ്രദർശിപ്പിക്കുന്ന ആശയകോടികൾ പരസ്പരവിരുദ്ധങ്ങളാണ്. അദ്ദേഹം സൃഷ്ടിക്കുന്ന ലോകം വൈരുദ്ധ്യങ്ങളുടെ സംഘട്ടനരംഗമാണ്. പക്ഷേ ഇതിൽനിന്നു വെളിവാകുന്നതു് തത്വജ്ഞാനികളെന്നു് പേരെടുത്ത പലരെക്കാളും സമുന്നതനായ ഒരു തത്വജ്ഞാനിയായിരുന്നു അദ്ദേഹം എന്നാണ്. പ്രപഞ്ചസത്യം സമഗ്രമായികണ്ട ക്രാന്തദർശിയാണദ്ദേഹം. ഏതെങ്കിലും ഒരു അഭ്യൂഹത്തിന്റെയോ സിദ്ധാന്തത്തിന്റെയോ പിന്നാലെ ഒററയടിപ്പാതയിൽക്കൂടി ഇടംവലം നോക്കാതെ മുന്നോട്ടുപാഞ്ഞ തത്വാന്വേഷണഭ്രാന്തനല്ല. വൈവിധ്യവും വൈരുദ്ധ്യവുമാണ് പ്രപഞ്ചസത്യത്തിന്റെ പ്രത്യേകഗുണം. അതു മുഴുവൻ അറിഞ്ഞു അംഗീകരിക്കുന്നവനുമാത്രമേ, അതിൽ സഹതപിക്കുന്നവനുമാത്രമേ, അതിന്റെ ആന്തരമായ അന്തരംഗം കാണാനും അതിൽ ശാന്തിഅടയാനും കഴിയൂ.

ജീവിതത്തിന്റെ മിഥ്യാഭാവത്തെപ്പററി അദ്ദേഹത്തിന്റെ പല കഥാപാത്രങ്ങളും ഊന്നിപ്പറയുന്നുണ്ടു്. 'മരിക്കുക, ഉറങ്ങുക, അതിനപ്പുറത്തു് ഒന്നുമില്ല' എന്നു ഹാംലെററും, 'ജീവിതം സഞ്ചരിക്കുന്ന ഒരു നിഴലാണ്......ഒരു മരത്തലയൻ ആഖ്യാനംചെയ്ത, അർത്ഥമില്ലാത്ത ശബ്ദവും ക്ഷോഭവും നിറഞ്ഞ ഒരുകെട്ടുകഥയാണ്" എന്നു മാക്ബെത്തും, 'സ്വപ്നങ്ങൾ പണിയുന്ന കരുക്കൾകൊണ്ടാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നതു്, അതിന്റെ പരിപൂർത്തി ഒരുറക്കവുമാണ്' എന്നു പ്രോസ്പിറോവും പറഞ്ഞിട്ടുണ്ടു്. ഇതിൽനിന്നെല്ലാം ഷേക്സ്പീയർ പരിമിതവും നശ്വരവുമായ ഐഹികജീവിതത്തിന്റെ അപ്പുറത്തേക്കു കണ്ണയച്ചിട്ടില്ലെന്നു വാദിക്കുന്നവരുണ്ടു്. കണ്ണയച്ചിട്ടുള്ളതിനു തെളിവുകൾ നാടകങ്ങളിൽനിന്നുതന്നെ നൽകാൻകഴിയും. എന്നാൽ ഓരോപാത്രത്തെക്കൊണ്ടും സ്വഭാവത്തിനും സന്ദർഭത്തിനും ഉചിതമാംവണ്ണം സംസാരിപ്പിച്ചിട്ടുള്ളതു് ഉദ്ധരിച്ചു് അനുകൂലമോ പ്രതികൂലമോ ആയ തെളിവുകൾ ഉന്നയിക്കുന്നതിലർത്ഥമില്ല. അതൊന്നും ഷേക്സ്പീയരുടെ വിശ്വാസമാവണമെന്നില്ല.

ഷേക്സ്പീയരുടെ സ്വന്തംഹൃദയം സ്പന്ദിക്കുന്നതും പിടയ്ക്കുന്നതും കാണണമെങ്കിൽ, അദ്ദേഹത്തിന്റെ ആത്മാവിന്റെ ചിരിയും കരച്ചിലും ഏങ്ങിപ്പറച്ചിലും കേൾക്കണമെങ്കിൽ അദ്ദേഹത്തിന്റെ ഗീതകങ്ങളിലേക്കു കടക്കണം. ഈ ഗീതകഭാഗം കേട്ടിട്ടു് ഷേക്സ്പീയരുടെ ആദ്ധ്യാത്മികവിശ്വാസത്തെപ്പററി വിധി എഴുതുക:—

"നിന്റെ പുറം ഭിത്തികൾ നിർല്ലോഭം മോടിപിടിപ്പിച്ചുകൊണ്ടു് നീ എന്തിനു് അകമേ ഉണങ്ങി സന്തപിച്ചുക്ഷയിക്കുന്നു?

അല്പകാലത്തെ താമസത്തിനു് നീ വാടകയ്ക്കു് എടുത്തിരിക്കുന്ന ജീർണ്ണിക്കുന്ന ഈ ഗേഹത്തിന്മേൽ നീ എന്തിനു് ഇത്രയധികം ദ്രവ്യം ചെലവാക്കുന്നു?

അധികത്വത്തിന്റെ അവകാശികളായ ക്രിമികൾ നിന്റെ ദ്രവ്യം തിന്നൊടുക്കുമോ? ഇതാണോ നിന്റെ ശരീരത്തിന്റെ അവസാനം?

ആണെങ്കിൽ, ആത്മാവേ, നിന്റെ സേവകന്റെ നഷ്ടംകൊണ്ടു നീ തഴയ്ക്കുക. നിന്റെ സമ്പാദ്യം സമൃദ്ധമാക്കുവാൻ അതു നശിക്കട്ടെ. ക്ഷുദ്രങ്ങളായ മണിക്കൂറുകൾവിട്ടു" ഐശ്വരങ്ങളായ ലാഭങ്ങൾ നേടുക. ബാഹ്യസമ്പത്തു് ഇനി വേണ്ടാ. അകം പോഷിപ്പിക്കുക.

മനുഷ്യരെ ഭക്ഷിക്കുന്ന മരണത്തെ നീ അങ്ങനെ ഭക്ഷിക്കുക. മരണം മരിച്ചാൽ പിന്നെ മരിക്കൽ എന്നൊന്നില്ല."

ഒരു ഹൈന്ദവവേദാന്തിയെപ്പോലും അസൂയാലുവാക്കാൻപോന്ന ആദ്ധ്യാത്മികജ്ഞാനമല്ലേ ഈ ഗീതകത്തിൽ പ്രകാശിക്കുന്നതു്?

ഷേക്സ്പീയരുടെ കഴിവിനു് അതിരില്ല. അദ്ദേഹത്തിന്റെ കണ്ണെത്താത്ത സ്ഥലമില്ല; അദ്ദേഹം കൈയാളിക്കാത്ത കരുവില്ല. ആവിഷ്കരിക്കാത്ത സത്യമില്ല. സമ്പൂർണ്ണമാണ് അദ്ദേഹത്തിന്റെ അത്ഭുതപ്രപഞ്ചം. അതു് ഇംഗ്ലണ്ടിന്റെ മാത്രമല്ല മനുഷ്യലോകത്തിന്റെ അമൂല്യമായ സമ്പത്താണ്.

"എങ്ങുനിന്നു്"

ജി. ശങ്കരപ്പിള്ള ബി. എ.; ഡി. എസ്സ്-എസ്സ്. എ.

('ഓമനക്കുട്ടൻ')

"എങ്ങുനിന്നെന്നെക്കിട്ടിയെന്നമ്മ"-
യ്ക്കോമ്മണിപ്പൈതൽ ചോദിക്കെ,
കൺമുനകൾനനഞ്ഞും തെല്ലൊരു
മന്ദഹാസം വഴിഞ്ഞുമേ
തന്നുടലിലണച്ചു മാതാവ-
പ്പൊന്നിളംമേനി—ചൊല്ലിനാൾ:—
"മാമകാത്മാവിൽ നീ മറഞ്ഞിരു-
ന്നോമനേ!യതിൻമോഹമായ്.
കല്മഷംപുരളാത്ത കൗമാര-
കമ്രലീലാവിധികളിൽ,
ഉൾപ്പുളകമെനിക്കുനൽകിയ
കൊച്ചുപാവകൾക്കുള്ളിലും
ഹർഷസീമയായ് കണ്ടിരുന്നു ഞാൻ
വത്സലേ! നിന്റെ പൊന്നുടൽ.

നിന്നെയും പരദൈവതത്തെയു-
മൊന്നുപോലെ നിരന്തരം,
അക്ഷയസ്നേഹസാരമേ! നിന-
ച്ചർച്ചനംചെയ്തിരുന്നു ഞാൻ!
സേവചെയ്യുവാൻ മണ്ണിനാൽ തീർത്ത
ദേവതാവിഗ്രഹങ്ങളിൽ;
ഹാ! രചിച്ചിതഴിച്ചതനുപഹം
പ്രാണഹർഷമേ! നിന്നെ ഞാൻ.

ജന്മജന്മശതങ്ങളിൽക്കൂടി
നമ്മൾതൻ ഗൃഹഭാവുകം
സപ്രഹർഷം ഭരിച്ചുപോരുന്നൊ-
രത്ഭുതോദാരദൈവതം;
അബ്ദകോടികളായ് തടങ്കത്തിൽ
വച്ചുലാളിച്ചതാണു നീ.
കന്യകാതപത്തിലെ മനസ്സതിൻ-
പൊന്നിതൾ വിടർത്തീടവേ,
സൽഭ്രമത്തിൽ തങ്ങിനിന്നേതോ
സ്വപ്നസൗരഭമായി നീ!
മിന്നിമിന്നി വിടർന്നു ഭാവുകം
ചിന്നിയെൻയുവാംഗങ്ങളിൽ
എന്നരുമക്കരുന്നേ! നിന്മെയ്യിൽ
ജന്മസിദ്ധമാം മാർദ്ദവം.

പൊന്നുഷസ്സിനുടപ്പിറന്നതേ!
വിണ്ണിനൗരസവത്സലേ!
കർമ്മബന്ധപ്രവാഹമങ്ങനെ
മന്ദമന്ദം നയിച്ചുടൻ,
എന്മനസ്സിലണച്ചൊട്ടുവിൽ നിൻ-
കമ്രവിഗ്രഹമെന്തിനോ!

നിന്മധുരാനനത്തിലിന്നു മൽ-
കൺമുനകൾ പതിക്കവേ,
അപ്രമേയം സ്തിമിതമായിതൊ-
രത്ഭുതത്തിലെൻ ചേതന
എന്തു മാത്സരവൈഭവത്തിന്റെ
ബന്ധനത്തിലമർന്നാവോ,
വിശ്വസമ്പത്തേ! നീയണഞ്ഞിതെൻ-
വിഹ്വലമാം കരങ്ങളിൽ."

Crescent Moon — ടാഗോർ.

മനോഭാവം

വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. ഏ.

മനുഷ്യസമുദായത്തിനുണ്ടാകുന്ന സംതൃപ്തിയും ക്ഷേമവും ഏറക്കുറെ വ്യക്തികളുടെ പെരുമാററത്തേയും മനോഭാവത്തേയും ആശ്രയിച്ചാണിരിക്കുന്നതെന്നു പറയാം. മനസ്സിൻെറ സ്വൈരതയോ, അസ്വൈരതയോ നിമിത്തമാണല്ലോ സുഖദുഃഖങ്ങൾ അനുഭൂതമാകുന്നതു്. ദാരിദ്ര്യം, പട്ടിണി, രോഗം മുതലായ ദുഃസ്ഥിതികളിൽ പെട്ടിരുന്നാലും മനോനിയന്ത്രണമുള്ളവൻ അത്ര വേഗം ദുഃഖത്തിനു വശഗനായിപ്പോകുന്നില്ല. നേരെ മറിച്ചു്, വിവിധഭോഗങ്ങളിൽ നിമഗ്നരായി രമ്യസൗധങ്ങളിൽ വസിക്കുന്ന സമ്പന്നന്മാർ മനഃസ്വാസ്ഥ്യം ഇല്ലാതെ നിരവധി സങ്കടങ്ങൾ അനുഭവിക്കുന്നുണ്ടാവാം. ഈ തത്വം, അതായതു് മനോനിയന്ത്രണത്തിൻെറ ആവശ്യകത ആചാൎയ്യന്മാരാലും ചിന്തകന്മാരാലും പലവുരു പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ളതാണെങ്കിലും ലോകം അതു വേണ്ടവണ്ണം ചെവിക്കൊണ്ടിട്ടില്ലെന്നു് അനുഭവം തെളിയിക്കുന്നു. എന്നിരുന്നാലും നാം നിരാശപ്പെടാതെ മനോനിയന്ത്രണമാഹാത്മ്യം മുഴക്കുകതന്നെ വേണം.

മനോനിയന്ത്രണത്തോടു് എത്രയും ബന്ധപ്പെട്ടു നില്ക്കുന്ന ഒരവസ്ഥയാണു് മനോഭാവം എന്നുള്ളതു്. എന്നാൽ ഈ മനോഭാവം ചിലപ്പോൾ ദുഷിച്ചുപോയെന്നുവരാം. നിയന്ത്രണവിധേയമായി ധർമ്മപ്രചോദിതമായി, പ്രസ്ഫുരിക്കുന്ന മനോഭാവത്തെ സാത്വികമെന്നും സ്വാർത്ഥജടിലമായതിനെ രാജസം എന്നും അന്ധകാരാവൃതമായതിനെ താമസം എന്നും തരംതിരിക്കാവുന്നതാണു്. സാത്വികമനോഭാവം പുലർത്തുന്നവരുടെ സംഖ്യ എത്രയും ചെറുതായിരിക്കും. പക്ഷേ അവരാണു് ലോകോപകാരികളും സമുദായസ്നേഹികളുമായി എന്നും പ്രകീർത്തിക്കപ്പെടുന്നതു്. രാജസമനോഭാവക്കാർ മററുള്ളവരെ അവഹേളിക്കാറില്ലെങ്കിലും സ്വാർത്ഥപ്രതിപത്തിയുടെ പടിയിൽ കിടന്നു കുഴങ്ങുന്നവരായും, താമസമനോഭാവക്കാർ മൂക്കുമുറിച്ചും ശകുനം മുടക്കാൻ കാപ്പുകെട്ടി നടക്കുന്ന ജനദ്രോഹികളായും പ്രത്യക്ഷപ്പെടുന്നു.

ഒരു സംഭവമോ, ഒരു കാഴ്ചയോ, ഒരു കേഴ്‌വിയോ നിമിത്തം ഒരാളുടെ മനസ്സിൽ പെട്ടെന്നു ജനിക്കുന്ന അഭിപ്രായമാണു് അയാളുടെ അപ്പോഴത്തെ മനോഭാവം എന്നു സമഷ്ടിയായിപ്പറയാം. ഇങ്ങനെ സംഭവിക്കുന്ന മനോഭാവം ചിലപ്പോൾ ചിലരിൽ ഉറച്ചുപോകാറുണ്ടു്. കാരണമില്ലാത്ത പരസ്പരവൈരവും മാത്സൎയ്യവും അസൂയയും മററും ഉദാഹരണങ്ങളാണു്. ഇത്തരം ദുഷ്ടമനോഭാവം നമ്മുടെ ദൈനന്ദിനജീവിതത്തിൽ വരുത്തിക്കൂട്ടുന്ന വൈഷമ്യങ്ങൾ തുച്ഛങ്ങളല്ല. ധനികൻ ദരിദ്രനേയും, പണ്ഡിതൻ പാമരനേയും, യുവാവു് വൃദ്ധനേയും മലിനമനോഭാവത്തോടുകൂടി വീക്ഷിക്കുന്നു. ഒരാൾതന്നെ വിവിധ പരിതഃസ്ഥിതികളിൽ വർത്തിക്കുമ്പോൾ മനോഭാവം മാറിപ്പോകുന്നതും അസാധാരണമല്ല. നമ്മുടെ സ്നേഹിതന്മാരായി സമനിലയിൽ കഴിഞ്ഞുകൂടുന്നവരെപ്പോലും ഈ ദുർഭൂതം ചിലപ്പോൾ ബാധിക്കാറുണ്ടെന്നു് സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ദ്രോണരെ ദ്രുപദൻ നിന്ദിച്ചതു് എന്തെല്ലാം അന്ന

ത്ഥങ്ങൾ വരുത്തി? എന്നാൽ കുചേലനെ ശ്രീകൃഷ്ണൻ മാറത്തുണ്മയോടുചേർത്തു ഗാഢം പുണർന്നതു് എത്ര മഹനീയമായ മാതൃകയെ നിർദ്ദേശിക്കുന്നു.

നമ്മോടു വല്ല സഹായവും ആവശ്യപ്പെടാൻ വരുമ്പോൾ "ശ്വാവിനെപ്പോലെ കിഴിഞ്ഞാശ്രയിക്കുന്ന"വർ കാര്യം നേടിക്കഴിഞ്ഞാൽ പിന്നെ നമ്മെ അറിയുന്ന മട്ടുപോലും കാണിക്കയില്ല. ഈ മനോഭാവം ശ്വാവിനുപോലും ഇല്ലാത്തതാണു്. മററുള്ളവരുടെ പ്രീതിയോ, അപ്രീതിയോ ഗണിക്കാത്ത ഇക്കൂട്ടർ "കണ്ടിടുമ്പോൾ മണ്ടിവന്നു കാലുരണ്ടുംപിടിക്കും" എന്നു പറഞ്ഞതുപോലെ ആവശ്യം പുരസ്കരിച്ചുമാത്രം മൈത്രീഭാവം പ്രകടിപ്പിക്കുന്നവരാണു്. കാര്യം നേടിയാൽ ഉടനെ കാലുമാറുന്നു. അടുത്ത പ്രാവശ്യം എന്തെങ്കിലും സഹായം ആവശ്യപ്പെടുമ്പോൾ മാത്രമാണു് സ്നേഹമസൃണമായ വാക്കും ബഹുമാനോദ്യോതകമായ നോക്കും ഇവരിൽനിന്നും വീണ്ടും പുറപ്പെടുന്നതു്.

ആദായവും ശമ്പളവും കണക്കാക്കി സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്ന മനോഭാവക്കാരും ഒട്ടും കുറവല്ല. നൂറുരൂപാ ശമ്പളക്കാരനേക്കാൾ നൂററിഇരുപതുകാരൻ കേമൻ. അതിലും യോഗ്യൻ നൂററമ്പതുള്ളവൻ, എന്തിനു്? കഞ്ഞികുടിക്കുന്നവനെക്കാൾ കേമൻ കാപ്പികുടിക്കുന്നവൻ, കാൽനടക്കാരനെക്കാൾ ചവിട്ടുവണ്ടിക്കാരൻ യോഗ്യൻ, അതിലും ശ്രേഷ്ഠൻ മോട്ടോർവണ്ടിയിലിരിക്കുന്നവൻ — ഇങ്ങനെയാണു് മനോഭാവത്തിൻെറ പോക്കു്. ഈ അധരോത്തരഭാവങ്ങൾ എത്രയെത്ര ചോരപ്പുഴകൾ ലോകത്തു സൃഷ്ടിച്ചിട്ടില്ല!

ഇന്ദ്രപ്രസ്ഥം കാണാൻപോയ ദുര്യോധനാദികൾക്കു സ്ഥലജലഭ്രാന്തിയിൽ സംഭവിച്ച ഏടാകൂടങ്ങൾ കണ്ടു് പാർഷതിയും ഭീമനും കൈകൊട്ടിച്ചിരിച്ചതിൽ തങ്ങിനിന്ന ഗർഹണീയമനോഭാവമാണു് ഭാരതയുദ്ധത്തെ ത്വരിപ്പിച്ചതു്. ജർമ്മനിയിൽ ഏകാധിപത്യം പുലർത്തിപ്പോന്ന ഹിററ്ലറുടെ അനുകമ്പാരഹിതമായ മനോഭാവം രണ്ടാംലോകമഹായുദ്ധം സംജാതമാക്കുകയും ലക്ഷോപലക്ഷംപേർക്കു ജീവഹാനി വരുത്തുകയും ചെയ്തു. ഇങ്ങനെ നോക്കുമ്പോൾ വ്യക്തികളുടെ നിന്ദ്യമനോഭാവം ലോകത്തിനാകമാനം ആപല്ക്കരമായി തീർന്നിട്ടുണ്ടെന്നു കാണാം.

അധരോത്തരഭാവം സ്ഥാപിക്കാനുള്ള മന്ദമതികളുടെ ഉദ്യമത്തെ എത്ര ആക്ഷേപിച്ചാലും അധികമാകയില്ല. നമ്മെ മററുള്ളവർ ബഹുമാനിക്കണമെങ്കിൽ നാം അതിനുള്ള അർഹത സമ്പാദിക്കണം. അല്ലാതെ, മററുള്ളവരുടെ ആദരം പിടിച്ചുവാങ്ങുകയല്ല വേണ്ടതു്. ഈ അവസരത്തിൽ ഒരു വൃത്താന്തം ഓർമ്മയിൽ വരുന്നു. മദ്രാസ് കൃസ്ത്യൻകാളേജ് പ്രിൻസിപ്പാളായിരുന്ന ഒരു സായ്പ് (മില്ലർധ്വരയാണെന്നുതോന്നുന്നു) അദ്ദേഹത്തിൻെറ വണ്ടിയിൽ കയറി സായന്തനസവാരിചെയ്യുമ്പോൾ റോഡിൽക്കൂടി വിദ്യാർത്ഥികൾ വല്ലവരും പോകുന്നതുകണ്ടാൽ വണ്ടിയിലിരുന്നുകൊണ്ടു് അവരെ ആദ്യം അഭിവാദനംചെയ്ക പതിവായിരുന്നു. ശിഷ്യന്മാർ തന്നെ കണ്ടില്ലെങ്കിൽ സായ്പ് ചിലപ്പോൾ പേർപറഞ്ഞു് വിളിച്ചുനിർത്തി കുശലാന്വേഷണം ചെയ്തിട്ടു് കടന്നുപോകും. ചില സന്ദർഭങ്ങളിൽ അവർ ദൂരത്തുകൂടി പോകുകയാണെങ്കിൽ ധ്വര തല വെളിയിലേക്കു നീട്ടി അവർ കൺമുമ്പിൽനിന്നു് മറയുന്നതുവരെ നോക്കിക്കൊണ്ടിരിക്കും. യാദൃച്ഛികമായി അവർ തിരിഞ്ഞുനോക്കിയാലുടൻ അദ്ദേഹം സലാംചെയ്യും. ഈ ധ്വരയുടെ മനോഭാവം എത്ര മഹനീയം. സായ്പന്മാരെ സ്ഥാനത്തും അസ്ഥാനത്തും കുററം പറയാൻ തയാറുള്ള നമ്മിൽ പലരും അവരുടെ ഉത്തമസ്വഭാവങ്ങളെ അനുവർത്തിക്കുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു?

മതാചാര്യന്മാരായ ശ്രീബുദ്ധൻ, ശ്രീശ

റഷ്യയും മതവും

എം. ആർ. മാധവവാര്യർ ബി. ഏ., എൽ എൽ. ബി.

റഷ്യയിൽ ബോൾഷെവിസം പ്രചരിച്ചതോടുകൂടി നാസ്തികതത്വത്തിനു പ്രാബല്യം വർദ്ധിച്ചു. റഷ്യയിൽ അന്ധവിശ്വാസജടിലമായ ക്രിസ്തുമതമായിരുന്നു അക്കാലത്തു പ്രചാരത്തിലിരുന്നതു്. സാർചക്രവർത്തിയുടെ കാലത്തു് ക്രിസ്തുമതസംഘടനയുടെ നേതാവു് അദ്ദേഹമായിരുന്നു. അദ്ദേഹത്തിൻെറ മരണത്തിനു് അല്പകാലംമുമ്പുവരെ അദ്ദേഹത്തിൻെറ ആത്മീയോപദേഷ്ടാവു് റാസ്പുട്ടിൻ ആയിരുന്നു. മദ്യപാനിയും വ്യഭിചാരിയും ദുരധികാരപ്രമത്തനുമായിരുന്ന റാസ്പുട്ടിനോടു് സകലർക്കുമുണ്ടായിരുന്ന വെറുപ്പുമൂലം അയാൾ വധിക്കപ്പെട്ടു. ഗ്രാമങ്ങളിലെ പുരോഹിതന്മാർ അക്ഷരാഭ്യാസവിഹീനരും ദുരാഗ്രഹികളുമായിരുന്നു. ധാരാളം സ്വത്തുള്ള സന്യാസാശ്രമങ്ങൾ മന്ത്രവാദത്തിൻെറയും അത്ഭുതപ്രകടനങ്ങളുടെയും കേന്ദ്രങ്ങളായിരുന്നു.

ശകൻ, ശ്രീയേശുക്രിസ്തു, ശ്രീരാമകൃഷ്ണൻ മുതലായവർ നിത്യജീവിതത്തിൽ പ്രകടിപ്പിച്ച സമത്വവും സൗഹാർദ്ദവും സൗമനസ്യവും മനുഷ്യരാശിയുടെ ശ്രേയോലാഭത്തിനുള്ള മാർഗ്ഗദീപികകളാകുന്നു. ഈശ്വരസൃഷ്ടിയിൽ എല്ലാവരും സമത്വം ഉള്ളവരാണെന്നും ഉച്ചനീചഭാവങ്ങൾ കേവലം കൃത്രിമമാണെന്നും അവർ മുക്തകണ്ഠം പ്രഖ്യാപനം ചെയ്തു. ഈ തത്വം പ്രായോഗികജീവിതത്തിൽ തെററാതെ അനുഷ്ഠിക്കുന്നവരെയാണു് മഹാത്മാക്കൾ എന്നു് വിളിക്കുന്നതു്. ലോകവന്ദ്യനായിരുന്ന ഗാന്ധിജിയുടെ മനോഭാവവും ജീവിതപരിപാടിയും ഇതുതന്നെയായിരുന്നു എന്നു നമുക്കറിയാമല്ലോ.

മഹാകവി രവീന്ദ്രനാഥടാഗോറിൻേറയും ജീവിതാദർശം മനുഷ്യർ തമ്മിലുള്ള പരസ്പരസ്നേഹവും വിശ്വാസവുമായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കവിതകൾ അനിഷേധ്യമായി തെളിയിക്കുന്നുണ്ടു്. മനസ്സുനന്നാകാതെ സ്നേഹവിശ്വാസങ്ങളുടെ വേരു് ഉറയ്ക്കുകയില്ലെന്നുള്ളതു് തീർച്ചയാണല്ലോ. അതാണു് ഭാരതഭൂമിയുടെ ശോഭനമായ ഭാവിയെ ഉദ്ദേശിച്ചു് ടാഗോർ മഹാകവി ഇപ്രകാരം പ്രാർത്ഥിക്കുന്നതു്:—

Where the mind is without fear
and the head is held high,
Where the world has not been
broken up into fragments by
narrow domestic walls,
Where the mind is led forward
by Thee into ever-widening
thought and action,
In to that heaven of freedom,
my father, let my country awake.

മഹാത്മജിയും മഹാകവിയും നിർദ്ദേശിച്ചിട്ടുള്ള സാത്വികമനോഭാവവും, നിഷ്കളങ്കപ്രേമവും പുലർത്താൻ നമ്മാൽ കഴിയുംവണ്ണം പ്രവർത്തിക്കുന്നപക്ഷം നമ്മുടെ ജന്മവും ഏതാണ്ടു് സഫലമായതായി നമുക്കും തന്മൂലം മററുള്ളവർക്കും സന്തോഷിക്കുവാനവകാശമുണ്ടു്.

അന്ധവിശ്വാസത്തേയും ദുരാഗ്രഹത്തേയും ദുരാചാരത്തേയും പ്രോത്സാഹിപ്പിച്ചിരുന്ന മതസംഘടനയിൽനിന്നും യഥാർത്ഥക്രിസ്തുമതം ഓടിയൊളിച്ചിരുന്നു.

ഇങ്ങനെയിരിക്കുന്ന സന്ദർഭത്തിലാണു് ലോകത്തിൽ ഈശ്വരൻ എന്നൊരു തത്വമൊ സത്വമൊ ഇല്ലെന്നും മനുഷ്യന്റെ പൗരുഷംകൊണ്ടാണു് ലോകം നടക്കുന്നതെന്നുമുള്ള ചാർവാകമതം ബോൾഷെവിക്കുകൾ പ്രഖ്യാപനംചെയ്തതു്. മാർക്സും എൻജൽസും അവരുടെ പുസ്തകങ്ങളിൽ നാസ്തികത്വം പ്രസംഗിച്ചിരുന്നു. ലെനിനും ആ തത്വത്തെ മുറുകെപ്പിടിച്ചുകൊണ്ടു് ഈശ്വരനില്ലെന്നും ജ്ഞാനം (സയൻസു്) ആണു് മനുഷ്യനെ നയിക്കേണ്ടതെന്നും സിദ്ധാന്തിച്ചു. ആത്മാവു്, മോക്ഷം, മരണത്തിനുശേഷമുള്ള ജീവിതം ഇവയെ ലെനിൻ നിഷേധിക്കുകയും മതം അന്ധവിശ്വാസവും ദുരാചാരവും പ്രചരിപ്പിക്കുന്നതും കറുപ്പുപോലെ മനുഷ്യനെ മത്തുപിടിപ്പിക്കുന്നതുമായ ഒരാശയമാണെന്നു സ്ഥാപിക്കുകയുംചെയ്തു. കമ്മ്യൂണിസ്റ്റുകളുടെ മതം നാസ്തികത്വമാണു്. കമ്മ്യൂണിസ്റ്റുകൾ ജന്മികളേയും ധനവാന്മാരേയും വൻകൃഷിക്കാരേയും വേട്ടയാടിയതുപോലെ പുരോഹിതന്മാരേയും കഠിനമായി ഉപദ്രവിച്ചു. പള്ളികളുടേയും ആശ്രമങ്ങളുടേയും വസ്തുക്കളും കെട്ടിടങ്ങളും സ്വത്തുക്കളും കൃഷിക്കാർ കവർന്നെടുത്തു വീതിക്കുവാൻ ഗവമ്മെന്റു സമ്മതിച്ചു. അക്കാലത്തു നിരവധി പുരോഹിതന്മാർ നിഷ്കരുണം നിഗ്രഹിക്കപ്പെട്ടിട്ടുണ്ടു്. മിക്ക സ്ഥലങ്ങളിലേയും പള്ളികൾ ക്ലബ്ബ്കളും വിദ്യാലയങ്ങളും സ്റ്റോറുകളുമാക്കപ്പെട്ടു. യാതൊരു വിദ്യാലയത്തിലും മതവിദ്യാഭ്യാസം പാടില്ലെന്നു നിരോധിക്കപ്പെട്ടു. പട്ടണങ്ങളിൽ ദൈവത്തിനെതിരായ പ്രകടനങ്ങളും പ്രദർശനങ്ങളും ആരംഭിക്കപ്പെട്ടു. മതത്തിനെ ദ്യോതിപ്പിക്കുന്ന സകല സാധനങ്ങളും റഷ്യാക്കാരുടെ വെറുപ്പിനെ ഉദ്ദീപിപ്പിച്ചു. വ്യക്തികളും സംഘടനകളും മതത്തിനും ഈശ്വരനും എതിരായി നടത്തിവന്ന പ്രക്ഷോഭണത്തെ ഗവമ്മെന്റു് ശക്തിപൂർവ്വം പിന്താങ്ങി. "ബെസ്സ്ബോസ്നിക്ക്" എന്ന പേരിൽ ഒരു പത്രം മതത്തിനെതിരായുള്ള പ്രചരണത്തിനുവേണ്ടി നടത്തപ്പെട്ടിരുന്നു. റഷ്യ മുഴുവൻതന്നെ നാസ്തികത്വം പ്രചരിപ്പിക്കുന്നതിനു് ഒരു സംഘടനയുണ്ടായിരുന്നു. ൧൯൨൯-ൽ മോസ്കോയിൽ കൂടിയ കാൺഫറൻസിൽ ഈ സംഘത്തിന്റെ പേർ "യൂണിയൻ ഓഫ് മിലിറ്റന്റ് എതീസ്റ്റ്സ്" എന്നാക്കി. അക്കാലത്തു് ആ സംഘത്തിനു ൯൦൦൦ ശാഖകൾ ഉണ്ടായിരുന്നു. പ്രസ്തുത സംഘത്തിന്റെ പ്രചാരം വർദ്ധിച്ചു് ഇപ്പോൾ ൭൦൦൦൦ ശാഖകളോളം ഉണ്ടായിരിക്കുന്നു. ൧൯൩൭-ൽ ഡാക്ടർ ഹെക്കർ പ്രസ്താവിച്ചതു് റഷ്യയിലെ പകുതി ജനങ്ങൾ മതത്തെ വെറുക്കുകയും ബാക്കിയുള്ളവർ ഉദാസീനരായിരിക്കുകയും മതഭ്രാന്തന്മാരായ മുസ്ലീമങ്ങൾപോലും അവരുടെ മതത്തെ പരിത്യജിക്കുകയും ചെയ്യുന്നുവെന്നാണു്. മതപരിത്യാഗംമൂലം മുസ്ലിംസ്ത്രീകൾക്കു പരിപൂർണ്ണ സ്വാതന്ത്ര്യം സിദ്ധിച്ചിട്ടുണ്ടു്. മതപരമായ സകല അസ്ഥിവാരങ്ങളേയും ബോൾഷെവിക്കുകൾ തുരന്നെടുത്തു നശിപ്പിച്ചുകഴിഞ്ഞിരിക്കുന്നു.

റഷ്യയിലെ പൊതുജനാഭിപ്രായം പ്രകൃത്യതീതമായ സകലവിധവിശ്വാസങ്ങൾക്കും എതിരാണു്. എന്നാൽ ൧൯൩൮-ൽ ക്രിസ്ത്യാനികളേയും ജൂതന്മാരേയും മുസ്ലീമങ്ങളേയും ഉപദ്രവിക്കുന്ന നയം ഗവമ്മെന്റുപേക്ഷിച്ചു. ഏതെങ്കിലും മതത്തിൽ വിശ്വസിക്കുകയോ രഹസ്യമായി മതചടങ്ങുകളനുഷ്ഠിക്കുകയോ ചെയ്യുന്നതിനെ നിരോധിക്കുന്ന യാതൊരു നിയമവും റഷ്യയിലില്ല. മതവിശ്വാസികളെ കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ചേർക്കുകയില്ലെന്നല്ലാതെ ഉദ്യോഗങ്ങളിൽനിന്നും ഒഴിച്ചിട്ടില്ല. മതവിശ്വാസികളുടെ കുട്ടികൾക്കു് സ്കൂളിലും കാളേജിലും പഠിക്കുന്നതിനും തടസ്സ

മില്ല. ഇപ്പോൾ പുരോഹിതന്മാർക്ക് ശമ്പളംകൊടുത്തും കെട്ടിടങ്ങൾ വാടകയ്ക്കുകൊടുത്തും മതകർമ്മങ്ങൾ നടത്തുന്നതിനെ ഗവർമ്മെൻറു വിരോധിക്കുന്നില്ല. ജനനം, വിവാഹം, മരണം മുതലായവ സംബന്ധിച്ചു വീട്ടിലോ, ശ്മശാനത്തിലോ, പള്ളിയിലോ വെച്ചു കർമ്മംനടത്തുന്നതിനെ ഗവർമ്മെൻറു തടയുന്നില്ല. പുരോഹിതന്മാർ അവരുടെ വേഷത്തിൽ തെരുവുകളിൽക്കൂടി സഞ്ചരിക്കുകയും വയലുകളിൽ വേലയെടുക്കുകയും ചെയ്യുന്നു. പല വീടുകളിലും കൂട്ടുകൃഷിത്തോട്ടങ്ങളിലും ക്രിസ്തുവിൻേറയും പുണ്യവാളന്മാരുടേയും പ്രതിമകൾ കാണപ്പെടുന്നു. മാതാപിതാക്കന്മാർക്ക് വീട്ടിൽവെച്ചു കുട്ടികൾക്ക് മതപ്രബോധനം നൽകുന്നതിനു തടസ്സമില്ല. എന്നാൽ വീട്ടിനു പുറത്തോ, വിദ്യാലയത്തിലോ മതപ്രബോധനംനൽകുകയോ മതസംഘടനകൾ മതപരമായ പ്രചരണം നടത്തുകയോ ചെയ്യുന്നതു കുററകരമാകുന്നു. ഗവർമ്മെൻറുവക അച്ചുക്കൂടങ്ങളിൽ മതപ്രചരണത്തിനായുള്ള യാതൊരു ഗ്രന്ഥവും അച്ചടിക്കുകയില്ല. മതഗ്രന്ഥങ്ങളെ റഷ്യയിൽ ഇറക്കുമതിചെയ്യുവാൻ ഗവർമ്മെൻറ് അനുവദിക്കുകയില്ല. ഒരു വ്യക്തിയുടെ മതപ്രചരണത്തിൽ യാതൊരു നിയന്ത്രണവുമില്ലെങ്കിലും മതസംഘടനകളുടെ പ്രവർത്തനങ്ങളെ ഗവർമ്മെൻറു തീർച്ചയായും പരിമിതപ്പെടുത്തുന്നു. ഗവർമ്മെൻറും കമ്മ്യൂണിസ്റ്റ്പാർട്ടിയും മതവിശ്വാസത്തിനെതിരായി പ്രചരണം നടത്തുന്നു. ഒരു നാസ്തികനാണെന്നു പരസ്യമായി പ്രഖ്യാപനംചെയ്യാത്ത യാതൊരാളെയും കമ്മ്യൂണിസ്റ്റ്കക്ഷിയിൽ ചേർക്കുകയില്ല.

പുരോഹിതന്മാരെല്ലാംതന്നെ കമ്മ്യൂണിസത്തിനെതിരാണെന്നാകുന്നു പാർട്ടിയുടെ ധാരണ. പാരീസ് മുതലായ സ്ഥലങ്ങളിൽ കമ്മ്യൂണിസത്തെ നേരിടേണ്ട വിധങ്ങൾ പുരോഹിതന്മാരെ പഠിപ്പിക്കുന്ന സെമിനാരികളുണ്ട്. അതുകൊണ്ട് മോസ്ക്കോവിലുംമററും പുരോഹിതന്മാർ ശുശ്രൂഷനടത്തുമ്പോൾ സി.ഐ.ഡി-കളവരുടെ പ്രവൃത്തിയും പ്രസംഗവും പ്രത്യേകം നോട്ടുചെയ്യുന്നുണ്ട്. പുരോഹിതന്മാർഅന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നപക്ഷം സയൻസിൻെറ പുരോഗതിക്ക്തടസ്സമുണ്ടാകുമെന്ന് കമ്മ്യൂണിസ്റ്റ്പാർട്ടി ഭയപ്പെടുന്നു. മഴയില്ലെങ്കിൽ പ്രാർത്ഥിക്കണമെന്ന് പുരോഹിതന്മാർ കർഷകരെ പഠിപ്പിക്കും. പുരോഹിതന്മാരുടെ അനുഗ്രഹമുണ്ടെങ്കിൽ നിലത്തിൽ വിളവുവർദ്ധിക്കുമെന്ന് ഒരുകാലത്തു് കൃഷിക്കാർ വിശ്വസിച്ചിരുന്നു രോഗം ഭേദമാകുന്നതിന് പുരോഹിതന്മാർ വിധിക്കുന്ന ചികിത്സ നേർച്ചയും പ്രാർത്ഥനയുമാകുന്നു. ഇത്തരം അന്ധവിശ്വാസങ്ങൾ നീങ്ങണമെങ്കിൽ മതസംഘടനയേയും പൌരോഹിത്യത്തേയും തച്ചുടയ്ക്കണമെന്ന് കമ്മ്യൂണിസ്റ്റ്പാർട്ടി തീർച്ചപ്പെടുത്തി. എന്നാൽ ഇപ്പോഴാകട്ടെ വ്യക്തികളുടെ മതവിശ്വാസത്തേയോ ആചാരത്തേയോ നിന്ദിക്കേണ്ടയാവശ്യമില്ലെന്നാണ് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുടെ ഉപദേശം. നാസ്തികസംഘത്തിൻെറ ഉഗ്രപ്രവർത്തനത്തെ ശാന്തപ്പെടുത്തുവാൻ ഗവർമ്മെൻറ് പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. ഇപ്പോൾ പട്ടണങ്ങളിലുള്ള പള്ളികളടച്ചിടുന്നതു് അതിൻെറ സംരക്ഷണത്തിനാളുകളില്ലെങ്കിലോ ശുശ്രൂഷനടത്തുവാനും നടത്തിക്കുവാനും ചുമതലക്കാരില്ലെങ്കിലോ മാത്രമാണ്. ഗ്രാമങ്ങളിലെ ജനങ്ങളിൽ ഭൂരിപക്ഷം പള്ളി മററുകാര്യങ്ങൾക്ക് വിനിയോഗിക്കണമെന്നാവശ്യപ്പെട്ടാൽമാത്രം അപ്രകാരം ചെയ്യുന്നതായിരിക്കും. നിർബ്ബന്ധമായി പള്ളിയടച്ചിടുകയോ മതവിശ്വാസത്തെ നിരോധിക്കുകയോ ചെയ്താൽ മതവിശ്വാസവർദ്ധനയ്ക്കു പ്രേരണയുണ്ടാകുമെന്ന് കമ്മ്യൂണിസ്റ്റ്നേതാക്കന്മാർക്ക് ബോധം വന്നിരിക്കുന്നു. ജനങ്ങൾ പള്ളിയിൽപോകുന്നതു പ്രാർത്ഥനയ്ക്കുമാത്രമല്ല സംഗീതത്തിനും ആഡംബരത്തിനും കർമ്മത്തിനുംകൂടിയാകുന്നു. പുസ്തകങ്ങൾ, പ്രസംഗങ്ങൾ, സിനിമാ, നാടകം മുതലായവമൂലം ജനസാമാന്യത്തി

ന്റെ ശ്രദ്ധമാററുവാൻ കമ്മ്യൂണിസ്റ്റ്പാർട്ടി ഉദ്യമിക്കുന്നു. നമ്മുടെ ഇന്ദ്രിയങ്ങൾക്കും യുക്തിക്കും അതീതമായ കാര്യങ്ങളെ അവിശ്വസിക്കണമെന്നുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സിദ്ധാന്തം ചിലപ്പോൾ സയൻസിനു യോജിച്ചതല്ല.

മുമ്പ് പുരോഹിതന്മാർക്ക് വോട്ടവകാശമില്ലായിരുന്നു. ൧൯൩൬-ലെ ഭരണഘടനയനുസരിച്ച് സകല പുരോഹിതന്മാർക്കും വോട്ടവകാശം സിദ്ധിച്ചു. വോട്ടറന്മാരായ പുരോഹിതന്മാരുടെ സംഖ്യ അമ്പതിനായിരം മാത്രമേയുള്ളു. ഒരുകോടി വോട്ടറന്മാരുടെ ഇടയിൽ അമ്പതിനായിരം പുരോഹിതന്മാർക്ക് യാതൊരു സ്വാധീനശക്തിയും ഉണ്ടാകയില്ലെന്ന് ഗവമ്മെൻറിനറിയാം. ലോകത്തിലുള്ള മതഭക്തന്മാരെല്ലാം കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നാസ്തികത്വത്തെ ആക്ഷേപിക്കുന്നുണ്ട്. എന്നാൽ സോവിയററ്റഷ്യ സന്ദർശിച്ച ക്യാൻറർബറിയിലെ ഡീനായ വ്യൂലെററ്ജാൺസൺ ഈ വിഷയത്തെപ്പററി പറയുന്നതു നോക്കുക: "കമ്മ്യൂണിസം മതത്തിന്റെ വിശിഷ്യ ക്രിസ്തുമതത്തിന്റെ ശത്രുവല്ല. അതു മതത്തിന്റെ ഒരു ബന്ധുവാകുന്നു. അതു് സമുദായത്തിനു് ഒരു ധാമ്മികാധിഷ്ഠാനം നൽകുകയും അതു നാം ആത്മീയമായി സാധിക്കുവാനുദ്ദേശിക്കുന്ന കാര്യം ഭൗതികമായി സാധിക്കുകയുംചെയ്യുന്നു. നാം വഴങ്ങിക്കൊടുക്കുന്ന ഒരധാമ്മികാവസ്ഥയുടെ കണ്ടുകോടാലിയാണു് കമ്മ്യൂണിസം. മതത്തെപ്പററി ഒരു തെററിദ്ധാരണ റഷ്യ മുഴുവൻ പരന്നിരിക്കുന്നതു് മാറേറണ്ടകാലം വൈകിയിരിക്കുന്നു. ഒരാൾ നാസ്തികനാണെന്നുപറഞ്ഞാൽ അയാൾക്കു മതമില്ലെന്നോ ഈശ്വരവിശ്വാസിയാണെന്നു പറഞ്ഞാൽ മതമുണ്ടെന്നോ ധരിക്കുന്നതു ശരിയല്ല. "മതം" "ഈശ്വരൻ" ഈ പദങ്ങളെ നാം എങ്ങനെ വ്യാഖ്യാനിക്കുന്നു എന്നു് ആദ്യം മനസ്സിലാക്കണം. ഒരിക്കൽ ടോൾസ്റ്റോയി മാക്സിംഗോർക്കിയോടു ചോദിച്ചു; "നിങ്ങൾ ഈശ്വരനിൽ വിശ്വസിക്കുന്നോ?" എന്നു്. ഗോർക്കിയുടെ മറുപടി 'ഇല്ല' എന്നായിരുന്നു. "നിങ്ങൾ വിശ്വസിക്കുന്നില്ലെന്നുപറയുന്നു. നിങ്ങൾ വിശ്വസിക്കുന്നില്ലെന്നു ധരിക്കുന്നു. വാസ്തവത്തിൽ നിങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾ എഴുതുന്ന ഓരോ വാക്കും അങ്ങനെയാണു് എന്നോടു പറയുന്നതു്. ഒരു മനുഷ്യൻ പറയുന്നതോ പറയുന്നതായി വിചാരിക്കുന്നതോ അല്ല അവന്റെ സത്തയാണു് യാഥാത്ഥ്യം വെളിപ്പെടുത്തുന്നതു്. നിങ്ങളുടെ സത്ത എന്നോടു പറയുന്നതു് നിങ്ങൾ ഈശ്വരനിൽ വിശ്വസിക്കുന്നുവെന്നാണു്." ഇങ്ങനെയായിരുന്നു ടോൾസ്റ്റോയിയുടെ മറുപടി. ക്രിസ്തു പറഞ്ഞിട്ടുള്ളതെന്താണു്? "കത്താവേ! കത്താവേ! എന്നു വിളിക്കുന്നവരെല്ലാം സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല. സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ നിശ്ചയമനുസരിച്ചു പ്രവൎത്തിക്കുന്നവൻ സ്വൎഗ്ഗരാജ്യംപ്രാപിക്കും" നാം നമ്മുടെ ചിറികൾകൊണ്ടുച്ചരിക്കുന്നതോ നാം വിശ്വസിക്കുന്നതായി പ്രസ്താവിക്കുന്നതോ അല്ല നമ്മുടെ യഥാൎത്ഥവിശ്വാസം. യഥാൎത്ഥമായ ഈശ്വരവിശ്വാസം നമ്മെ സ്വാൎത്ഥതയിൽനിന്നും കരകയററുകയും ഭീതിയിൽനിന്നും മോചിപ്പിക്കുകയും ചെയ്യുന്നു. ഒരു സമഷ്ടിയുടെ അംശമെന്നുള്ളനിലയിൽ പ്രവൎത്തിക്കുകയാണു് യഥാൎത്ഥമതം. ഒരു കമ്മ്യൂണിസ്റ്റ് ഈ ലോകത്തിലുള്ള ജനതയുടെ ദുരിതനിവാരണത്തിനുവേണ്ടിയാണു് ശ്രമിക്കുന്നതു്. അയാൾ സമഷ്ടിയുടെ സുഖത്തിനുവേണ്ടി പ്രയത്നിക്കുന്നു. ഇതാണു് പരമാൎത്ഥമായ മതം.

ഹിന്ദുക്കൾക്കു് റഷ്യാക്കാരുടെ നാസ്തികത്വത്തിൽ യാതൊരു പരിഭ്രമവുമില്ല. ചാൎവാകമതം, കപിലസാംഖ്യം, വൈശേഷികം, അദ്വൈതം, ബുദ്ധമതം മുതലായവ ഉത്ഭവിച്ചതു് ഇന്ത്യയിലാകുന്നു. വ്യാസൻ ഭാരതം മുഴുവൻ എഴുതിയശേഷം അത്യ

ൻെറ ഗുണപാഠം പരോപകാരം പുണ്യവും പരപീഡനം പാപവുമാണെന്നു പറഞ്ഞിരിക്കുന്നു. വേദാന്തത്തിൻെറ അങ്ങേഅറ്റം അദ്വൈതമാകുന്നു. "ഞാൻ ബ്രഹ്മമാണു്" എന്നു ജപിക്കുന്നവനു് അവനിൽ നിന്നും അന്യമായി ഒരീശ്വരനില്ല. അദ്വൈതം സകലമതസംഘടനകൾക്കും പൗരോഹിത്യത്തിനും ഭക്തിക്കും അന്ധവിശ്വാസത്തിനും പുനർജ്ജന്മത്തിനും മറ്റും എതിരാകുന്നു. ഒരു ഭക്തൻെറ ദൃഷ്ടിയിൽ അദ്വൈതം നാസ്തികത്വമാണു്. ശ്രീകൃഷ്ണൻെറ കർമ്മയോഗത്തിനു് ഈശ്വരനൊ മതസംഘടനയൊ കർമ്മകാണ്ഡമൊ ആവശ്യമില്ല. സുഖത്തിലും അസുഖത്തിലും ലാഭത്തിലും അലാഭത്തിലും മനസ്സിൻെറ സമത്വം പാലിച്ചുകൊണ്ടു ലോകക്ഷേമത്തിനും ശരീരരക്ഷയ്ക്കുംവേണ്ടി നിഷ്കാമമായി സ്വധർമ്മം അനുഷ്ഠിക്കുകയാണു് കർമ്മയോഗം. ആസ്തികനും നാസ്തികനും കർമ്മയോഗിയാകാം. പരോപകാരവും ലോകസേവയും എല്ലാ മതങ്ങളുടെയും മൗലികതത്വമാകുന്നു. കമ്മ്യൂണിസ്റ്റുകൾ ഈശ്വരനെ നിഷേധിക്കുന്നതു ഈശ്വരൻ എന്നുപറഞ്ഞാലെന്താണെന്നറിയാഞ്ഞിട്ടാകുന്നു. ലോകം മുഴുവൻ നിറഞ്ഞിരിക്കുന്ന ജീവചൈതന്യമാണീശ്വരനെങ്കിൽ അവൎക്കതിനെ ഒരു സെക്കൻറുനേരത്തേക്കു നിഷേധിക്കുവാൻ സാധിക്കുകയില്ല. ഇന്ത്യാക്കാരുടെ തത്വജ്ഞാനത്തിൻെറ വലയത്തിൽ കമ്മ്യൂണിസത്തേയും ഉൾപ്പെടുത്താവുന്നതാകുന്നു.

ഒരുരാജ്യത്തു് സോഷ്യലിസ്റ്റ്‌വ്യവസ്ഥിതി ഉണ്ടാകുന്നതിനു ഈശ്വരനെ ധിക്കരിക്കുകയൊ നിഷേധിക്കുകയൊ ചെയ്യേണ്ടയാവശ്യമില്ല. ഗവൺമെൻറു് സംഘടനയ്ക്കെതിരായൊ അതിൻെറ ആദർശങ്ങൾക്കു വിരുദ്ധമായൊ മതസംഘടനയൊ സാമുദായികസംഘടനയൊ പ്രവർത്തിക്കരുതെന്നു പറയുന്നതു് അർത്ഥവത്താകുന്നു. മഹാത്മാഗാന്ധി വലിയ ഈശ്വരവിശ്വാസിയും ഭക്തനുമായിരുന്നു. സ്റ്റാലിൻ വിഭാവനം ചെയ്യുന്ന സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിതന്നെ മഹാത്മജിയും ഭാവനചെയ്തിട്ടുണ്ടു്. മതത്തെയും മതസംഘടനകളെയും ത്യജിച്ചല്ലാതെ സാമുദായികസമത്വം ഉണ്ടാകയില്ലെന്നാണു് കമ്മ്യൂണിസ്റ്റുകളുടെ അഭിപ്രായം. ചൈനായിൽ മതസംഘടനകളുണ്ടായിട്ടും സാമുദായികസമത്വം നിലനിൽക്കുന്നു. അതുകൊണ്ടു ഓരോരാജ്യത്തിലെ പരിതഃസ്ഥിതിയും പാരമ്പര്യവും വാസനയും ആവശ്യങ്ങളും അനുസരിച്ചു വേണ്ട മാററങ്ങൾ വരുത്തണമെന്നല്ലാതെ സോഷ്യലിസത്തിൻെറ കൂടെപ്പിറപ്പായി നാസ്തികത്വത്തെ സ്വീകരിക്കേണ്ടയാവശ്യമില്ല. സോഷ്യലിസം വേണമെന്നാഗ്രഹിക്കുന്നവരെല്ലാം മാർക്സിൻേറയും എൻജൽസിൻേറയും ലെനിൻേറയും സിദ്ധാന്തങ്ങൾ കണ്ണുമടച്ചു് സ്വീകരിക്കണമെന്നു് പറയുന്നതസംബന്ധമാകുന്നു. മാർക്സും എൻജൽസും ലെനിനും ആധുനികശാസ്ത്രത്തിനും യുക്തിക്കും അനുഭവത്തിനും വിരുദ്ധമായ പല പ്രസ്താവനകൾ ചെയ്തുവെന്നുവരാം. നമ്മുടെ യുക്തിക്കോ അനുഭവത്തിനോ ജ്ഞാനത്തിനോ വിരുദ്ധമായി അവതാരപുരുഷന്മാർപോലും എന്തെങ്കിലും പ്രസ്താവിക്കുന്നതായാൽ ആയതിനെ തിരസ്കരിക്കണമെന്നാണു് ഇൻഡ്യാക്കാർ പഠിച്ചിട്ടുള്ളതു്. അതുകൊണ്ടു് സോഷ്യലിസം വേണമെന്നു് വാദിക്കുന്നവരെല്ലാം മാർക്സിൻെറയും ലെനിൻെറയുംസിദ്ധാന്തങ്ങളും അഭിപ്രായങ്ങളുംമുഴുവൻ സ്വീകരിക്കേണ്ടയാവശ്യമില്ല. ആറേഴായിരം കൊല്ലങ്ങളായി ഇൻഡ്യയിൽ വേരൂന്നിക്കിടക്കുന്ന മതബോധത്തെ ജയിച്ചു് ഇവിടെ മാർക്സിയൻസോഷ്യലിസംഉണ്ടാകുമെന്നു് എനിക്കു് വിശ്വാസമില്ല. ഇന്ത്യയിൽ സോഷ്യലിസത്തിനു് വിജയം വേണമെങ്കിൽ അതിനു് ആത്മീയമായ ഒരു ചട്ടക്കൂട്ടുവേണം. ആത്മീയവേഷം കൊടുത്തു് സോഷ്യലിസത്തെ ഭാരതത്തിൻെറ മുമ്പിൽ പ്രകാശിപ്പിച്ചാൽ ആ ആദർശം ഉടൻ സ്വീകരിക്കുന്നതിനും അതി

രവിവർമ്മയുടെ കലാപാരമ്യം

കെ. പി പത്മനാഭൻതമ്പി ബി എ.

ചിത്രകലാഭിവൃദ്ധിക്ക് ഉതകുന്ന കലാപരമായ വിദ്യാഭ്യാസത്തിന്റെ അഭാവത്തെ അതിലംഘിച്ചു സുയശസ്സുനേടിയ "ചിത്രമെഴുത്തു രവിവർമ്മകോയിത്തമ്പുരാനെ" എത്ര തന്നെ ബഹുമാനിച്ചാലും മതിയാകുന്നതല്ല. സ്വതസ്സിദ്ധമായ പ്രതിഭ, വിപുലമായ ഭാവനാശക്തി, അനസ്യൂതമായ യത്നം, എന്നീ മൂന്നു വിശിഷ്ടഗുണങ്ങളുടെ അപൂർവ്വ ശ്രേയസ്കരമായ സങ്കലനം അദ്ദേഹത്തെ വിശ്വവിശ്രുതനാക്കി. നിരീക്ഷണവിചക്ഷണനായിരുന്ന ഈ അനുഗൃഹീതകലാകാരൻ മനുഷ്യരേയും വസ്തുക്കളേയും സ്ഥിതിഗതികളേയും അസാമാന്യസാമർത്ഥ്യത്തോടുകൂടി സൂക്ഷ്മവീക്ഷണം ചെയ്കയും അവയെ ഒരിക്കലും തന്റെ സ്മൃതിപഥത്തിൽനിന്നു തേയാനോ, മായാനോ സാധിക്കാത്തവിധത്തിൽ, തന്റെ മനോദർപ്പണത്തിൽ പ്രതിഫലിപ്പിച്ചു സംഭരിച്ചുപോരുകയും ചെയ്തുപോന്നു. ആവശ്യപ്പെടുന്ന അവസരത്തിൽ വാസനാസമ്പന്നനായ രവിവർമ്മ അവയെ വരയിലും വർണ്ണത്തിലും മാററംചെയ്തു ഒന്നാംതരം ആലേഖ്യങ്ങൾ നിർമ്മിച്ചു് ലോകോത്തരമായ പേരും പെരുമയും നേടി.

ചിത്രകലയുടെ ഉന്നമനത്തിനുവേണ്ടി രവിവർമ്മ ആത്മാർത്ഥതയോടുകൂടി യത്നിച്ചിട്ടുണ്ടു്. താൻ വെട്ടിത്തെളിച്ച കലാപഥത്തിന്റെ മാർഗ്ഗദർശിയും നേതാവും അദ്ദേഹം തന്നെയായിരുന്നു. അതിവിശിഷ്ടവും ആദർശസമ്പൂർണ്ണവും ആയ ഒരു നവീന കലാപ്രസ്ഥാനത്തിന്റെ പ്രണേതാവായ രവിവർമ്മ ചിത്രകലയുടെ പരമോൽകൃഷ്ടമായ ഉദ്ദേശം ആരാഞ്ഞറിഞ്ഞു് അതനുസരിച്ചു് കലാവ്യവസായം നിർവഹിച്ചു് അനശ്വരമായ യശസ്സാർജ്ജിച്ചു. പ്രകൃതിയെ എത്രയും ഹൃദയസ്പൃക്കും നിസ്സർഗ്ഗസുന്ദരവും ആയ രീതിയിൽ പ്രദർശിപ്പിക്കുക, പ്രകൃതിയുടെ ജീവനും, ചേതസ്സും ആത്മാവും, സൌന്ദര്യവും ഗ്രഹിച്ചു് അവയെ വരയാലും വർണ്ണത്താലും വെളിപ്പെടുത്തുക, ഇതാണു് ഉത്തമകലയെന്നു് രവിവർമ്മ തെളിയിച്ചു. അദ്ദേഹത്താൽ സ്ഥാപിക്കപ്പെട്ട പ്രസ്ഥാനത്തിൽ മനഃപൂർവ്വമായി വിശ്വസിക്കുന്നവരും അദ്ദേഹത്തിന്റെ "കാൽ-നഖേന്ദുമരീചികൾ" കലാദ്ധ്വാവിൽ വഴികാട്ടിക്കൊടുക്കപ്പെട്ടവരുമായ പ്രശസ്തന്മാരായ ചിത്രകാരന്മാർ ഇന്നും ഉണ്ടു്. പാശ്ചാത്യപൌരസ്ത്യകലാസിദ്ധാന്തങ്ങളെ അത്യന്തം അനുയോജ്യവും ആദർശപരവും ആയ രീതിയിൽ കൂട്ടിയിണക്കി, ഒരു നവീനകലാപ്രസ്ഥാനം തുടങ്ങിയ രവിവർമ്മയുടെ കലാപരമായ നേട്ടത്തെ

നുവേണ്ടി എന്തുകഷ്ടനഷ്ടങ്ങൾ സഹിക്കുന്നതിനും ഇന്ത്യാക്കാർ സന്നദ്ധരാകും. റഷ്യയുടെ നാസ്തികത്വവും മാർക്സിന്റെ ഭൌതികവാദവുംകൊണ്ടു് സോഷ്യലിസത്തെ ഇന്ത്യയിൽ രംഗപ്രവേശം ചെയ്യിക്കുന്നതു് വിജയകരമായ ഒരു നയമാണോ എന്നു് ഞാൻ സംശയിക്കുന്നു. റഷ്യൻകമ്യൂണിസത്തിന്റെ ഒരു മഹാപരാജയം ചിന്താസ്വാതന്ത്ര്യത്തെ തടുക്കുന്നതും സഹിഷ്ണുതയില്ലാത്തതുമായ മതനിയന്ത്രണമാകുന്നു.

ഭാരതത്തിലെ മററൊരു ചിത്രകാരനും അതിശയിച്ചിട്ടില്ല.

ഹൈന്ദവപുരാണേതിഹാസങ്ങളിൽ പ്രകീൎത്തിക്കപ്പെട്ടിട്ടുള്ളവരും അമാനുഷികങ്ങളായ വീരപ്രവൃത്തികൾ ചെയ്തവരും ആയ പുണ്യപുരുഷന്മാരുടെ രൂപങ്ങൾ അവരവരുടെ യഥാൎത്ഥവൎണ്ണനങ്ങളിൽ അപാരപണ്ഡിതനും, ഭാവനാസമ്പന്നനും, ഭക്താഗ്രേസരനും ആയ രവിവൎമ്മയുടെ മനോഭല്പ്പനത്തിൽ പതിഞ്ഞു്, കൺകുളുക്കെ, ഹൃദയം നിറയെ കണ്ടു്, ആസ്വാദിച്ചാനന്ദിച്ചു്, ആലേഖ്യങ്ങൾക്കു് വിഷയമാക്കി, ഹിന്ദുക്കളുടെ മതബോധത്തേയും, സംസ്കാരത്തേയും ക്രമാതീതമായി വൎദ്ധിപ്പിച്ചു് കലാപരമായും ആദ്ധ്യാത്മികപരമായും ഭാരതവൎഷത്തെ ഉദ്ധരിച്ചു. ഹിന്ദുക്കളുടെ ഗൃഹങ്ങളും കലാസ്വാദനോത്സുകന്മാരുടെ വസതികളും രവിവൎമ്മചിത്രങ്ങളാൽ സമലംകൃതങ്ങളാണു്. ഹിന്ദുക്കൾക്കു് അവരുടെ ആരാധ്യപുരുഷന്മാരുടെ ചിത്രങ്ങൾ ഉണ്ടാക്കിക്കൊടുത്തതു് പുണ്യശ്ലോകനായ രവിവൎമ്മയല്ലാതെ മററാരുമല്ല. അദ്ദേഹത്തെ ഭാരതീയർ, ഹിന്ദുക്കൾ പ്രത്യേകിച്ചും, അഭിമാനസമന്വിതം ആദരിക്കുന്നതിൽ തെല്ലും അത്ഭുതത്തിനു് അവകാശമില്ല.

തിരുവനന്തപുരത്തെ വിശ്രുതമായ ശ്രീ ചിത്രാലയം സന്ദൎശിക്കാനിടവന്നിട്ടുള്ള സകലരുടേയും ഉള്ളഴിഞ്ഞ അഭിനന്ദനത്തിനു വിഷയീഭവിച്ചതാണു് അവിടെ നയനമോഹനമായ രീതിയിൽ പ്രദൎശിപ്പിച്ചിട്ടുള്ള രവിവൎമ്മ ചിത്രങ്ങൾ. ഹൈന്ദവകലയുടെ മഹനീയതയെ പ്രഖ്യാപനം ചെയ്യുന്നതും, അഭൂതപൂൎവ്വവും അത്യുൽകൃഷ്ടവുമായ കലാസുഷമ ചിതറുന്നതും ആയ പ്രസ്തുത ആലേഖ്യങ്ങൾ, രവിവൎമ്മയുടെ നിശിതമായ ധിഷണയ്ക്കും, ഭാവനാവൈശിഷ്ട്യത്തിനും ഉൽകൃഷ്ടമാതൃകകളായി പരിലസിക്കുന്നു. ഇവയിൽ മൂന്നെണ്ണം പ്രത്യേകം പ്രസ്താവയോഗ്യമാണു്. ലോകം ഉള്ള കാലത്തോളം, മനുഷ്യവൎഗ്ഗത്തിന്റെ കലാബോധം നിലനില്ക്കുന്ന കാലത്തോളം, ഈ ആലേഖ്യങ്ങളുടെമേന്മ ഉത്തരോത്തരം വൎദ്ധിക്കുന്നതല്ലാതെ അണുമാത്രവും കുറയുന്നതല്ല. അസുലഭമായ പെരുമയ്ക്കും ആദൎശപരമായ അഭിനന്ദനത്തിനും, ഭാഗ്യം സിദ്ധിച്ച ഈ ചിത്രങ്ങൾമാത്രം മതി, രവിവൎമ്മയുടെ നാമധേയം സുവൎണ്ണലിപികളാൽ ലേഖനം ചെയ്യപ്പെടാൻ. ഏതാദൃശമായ ആലേഖ്യങ്ങൾ നിൎമ്മിക്കുന്നതിനു രവിവൎമ്മയ്ക്കല്ലാതെ മററാൎക്കും സാധിക്കുന്നതല്ല എന്ന യാഥാൎത്ഥ്യം അദ്ദേഹത്തിന്റെ കലാപരമായ നേട്ടത്തിന്റെ മാഹാത്മ്യത്തെ പ്രകീൎത്തിക്കുന്നു. രവിവൎമ്മയുടെ ചിത്രകലയ്ക്കു് സഹജമായ ഗുണങ്ങൾ എല്ലാം ഈ ചിത്രങ്ങളിൽ പ്രബലങ്ങളായി കാണുന്നുണ്ടു്. വരയിലും, വൎണ്ണത്തിലും, ഭാവനാശക്തിയിലും ഈ ചിത്രങ്ങൾ അന്നും ഇന്നും അദ്വിതീയങ്ങൾ തന്നെ. ചിത്രകലയിലെ യാഥാൎത്ഥ്യപ്രസ്ഥാനത്തിന്റെ അത്യുൽകൃഷ്ടങ്ങളായ പ്രകാശനങ്ങളാണു് ഈ ആലേഖ്യങ്ങൾ. അതൃയ്ക്കു് തന്മയത്വവും, ചേതസ്സും, ആകാരസൌഷ്ഠവവും അവയിലുണ്ടു്. ഒരു ആലേഖ്യത്തിൽ ശകുന്തള, സൌന്ദൎയ്യമൂൎത്തിയായ പെൺകിടാവു് നമ്മുടെ കൺമുമ്പാകെ, ഹൃദയസൌന്ദൎയ്യത്തിനും ആകാരസുഷമയ്ക്കും ഉത്തമമാതൃകയായി പ്രത്യക്ഷപ്പെടുന്നു. ഹൃദയവ്യഥയാൽ കലുഷിതമാനസയായിരിക്കുന്ന ആ തരുണീമണി, പിന്തിരിഞ്ഞുപോകുന്ന തന്റെ പ്രിയകാമുകനെ കൺകുളുക്കെ കണ്ടു് ആനന്ദാനുഭൂതി അടയണമെന്നുള്ള ആഗ്രഹത്താൽ പ്രേരിതയായിട്ടു് അങ്ങോട്ടു നോക്കിക്കൊണ്ടു ദൎഭമുന കാലിൽകൊണ്ടു എന്നു നടിച്ചുകൊണ്ടുള്ള നിലയെ കാണിക്കുന്ന ശകുന്തളയുടെ ചിത്രം പ്രതിഭാസമ്പന്നനും കവിതാമൎമ്മജ്ഞനുമായ ഒരു ചിത്രകാരനു മാത്രമേ നിൎമ്മിക്കാൻ സാധിക്കുകയുള്ളു. തന്മയത്വത്തിന്റെ അത്യുച്ചകോടിയിൽ എത്തീട്ടുള്ള ഈ വിശിഷ്ടചിത്രം ഹൈന്ദവചിത്രകലയുടെ

അക്ഷയസമ്പത്തുകളിൽ പ്രഥമഗണനീയമാണ്. തന്മയത്വം നിറഞ്ഞു കവിഞ്ഞൊഴുകുന്ന ഈ എണ്ണച്ചായപ്പടത്തിലെ സൌന്ദര്യപ്രകടനം അത്യന്തം ചേതോമോഹനവും ആകർഷകവുമാണ്. രവിവർമ്മയുടെ കലാപ്രദർശനങ്ങളിൽ അത്യുത്തമമമാണ് ഈ ചിത്രമെന്ന് നിരൂപകന്മാർ വാഴ്ത്തുന്നു. ശകുന്തളയുടെ ചിത്രീകരണത്തിൽ രവിവർമ്മയുടെ പ്രതിഭാസമ്പത്ത്, ഭാവനാശക്തി, വാസനാബലം എന്നിവ ധാരാളമായി പ്രതിഫലിച്ചു കാണുന്നു.

ഇനിയൊരുചിത്രം, വിരാടന്റെ ഉജ്ജ്വലവും ആഡംബരപരിപൂർണ്ണവും ആയ രാജസദസ്സാണ്. വിരാടരാജാവിന്റെ ആസ്ഥാനമണ്ഡപം പ്രേക്ഷകദൃഷ്ടിക്കു വിഷയീഭവിപ്പിക്കുന്ന ഈ ചിത്രം രവിവർമ്മയുടെ വർണ്ണനാപാടവത്തെ വെളിപ്പെടുത്തുന്നു. വിവിധവികാരസമുജ്ജ്വലമാണ് ഈ ചിത്രം. വിടാഗ്രേസരനായ കീചകന്റെ ക്രൂരകരങ്ങളിൽനിന്നും തപ്പിപ്പിഴച്ച് വിരാടരാജധാനിയെ അഭയം പ്രാപിക്കുന്ന വേപഥുഗാത്രിയും, പരിഭ്രാന്തചിത്തയും ആയ ദ്രൗപദിയുടെ ചിത്രം സ്തോഭസമ്പൂർണ്ണമാണ്. പ്രച്ഛന്നവേഷധാരികളായി വിരാടന്റെ രാജസദസ്സിൽ നിലകൊള്ളുന്ന തന്റെ പ്രാണപ്രിയന്മാരുടെ സന്നിധാനത്തിൽ, പാഞ്ചാലി, നിർവീര്യനായ വിരാടഭൂപതിയുടെ പാദങ്ങളിൽ ശരണാഗതയായി ദണ്ഡനമസ്കാരം ചെയ്യുന്ന മർമ്മസ്പൃക്കായ ആ രംഗം അത്യന്തം ദയനീയമാണ്. ഈ ചിത്രത്തിൽ ഓരോരുത്തരുടേയും മുഖഭാവം ചിത്രകാരൻ അത്യന്തം തന്മയത്വത്തോടുകൂടി വ്യഞ്ജിപ്പിച്ചിട്ടുണ്ട്. വിവിധങ്ങളായ സ്തോഭങ്ങളേയും രസങ്ങളേയും, മഹാകവികളുടെ വർണ്ണനാപാടവത്തേയും അതിശയിക്കത്തക്ക ഗുണപൌഷ്കല്യത്തോടുകൂടി രവിവർമ്മ ഈ ചിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മൂന്നാമത്തെ ചിത്രം വിശ്വവിശ്രുതമായ ഹംസദമയന്തിയത്രെ. ഈ ആലേഖ്യം രവിവർമ്മയുടെ കലാവ്യവസായത്തിന്റെ അത്യുൽകൃഷ്ടനേട്ടമത്രേ. മനുഷ്യസൌന്ദര്യത്തിന്റെ ചിത്രണത്തിൽ ഹംസദമയന്തി അദ്വിതീയമാണ്. രവിവർമ്മചിത്രങ്ങളിൽ അത്യുത്തമമാണ് ഹംസദമയന്തി എന്നഅഭിപ്രായക്കാരുണ്ട്. യഥാർത്ഥവർണ്ണനാരീതിയുടെ പരമോൽകൃഷ്ടമായ പ്രദർശനമാണ് ഈ ചിത്രം. രവിവർമ്മയുടെ ചിത്രകലയുടെ ജീവനം പ്രത്യേകഗുണവുമാണ് യഥാർത്ഥവർണ്ണന. യഥാർത്ഥമായ ചിത്രകല, സൌന്ദര്യം, സത്യം എന്നിവയുടെ ആസ്വാദ്യതരമായ പ്രകടനമാണെന്നുള്ള തത്വം, ഈ ചിത്രം പ്രഖ്യാപനംചെയ്യുന്നു. ഭാരതീയകലാലതികയിൽ നിതാന്തകാന്തി ചിന്തിനില്ക്കുന്ന സുരഭിലസുമമാണ് ഹംസദമയന്തി. മനുഷ്യനായാലും ശരി, വസ്തുക്കളായാലും ശരി, ഏതൊന്നായാലും അതിന്റെ സ്വാഭാവികമായ പരിസരത്തിൽ അതിനെ ദർശിക്കുന്ന സുഖം ആദർശരൂപത്തിലുള്ളതാണെന്നും അതിന്റെ യഥാർത്ഥപ്രതിഫലനമാണ് ഉത്തമകലയെന്നും ദൃഢമായി വിശ്വസിച്ചു വർത്തിച്ചുപോന്ന കലാകാരന്മാരിൽ മുമ്പനാണ് രവിവർമ്മ.

രവിവർമ്മയുടെ ഹംസദമയന്തിയെ അപഗ്രഥിച്ചു പരിശോധിക്കുമ്പോൾ ചിത്രകലയിലുള്ള യഥാർത്ഥ്യപ്രദർശനപ്രസ്ഥാനത്തിന്റെ മേന്മവെളിപ്പെടുന്നു. അതിമനോഹരമായ ഒരുദ്യാനത്തിന്റെ കുളിർമയേറിയ നിഴലിൽ, ചേതസ്സമാകർഷകമായി പരിലസിക്കുന്ന ഒരു താമരപ്പൊയ്കയുടെ സ്വച്ഛതകളിയാടുന്നകരയിൽ ഒരു മാർബിൾ സ്തംഭത്തിന്റെ മുകൾഭാഗത്ത് പക്ഷിസൌന്ദര്യം മൂർത്തീകരിച്ച് രാജപ്രൌഢിയോടെ തലയുയർത്തിചിറകല്പംവിടുർത്തി പക്ഷിരാജനായ ഹംസദൂതൻ സ്വൈരം സ്ഥിതിചെയ്യുന്നു. ഹംസരാജന്റെ മാധുര്യമേറിയ വചനങ്ങളാൽ നിർമ്മിക്കപ്പെട്ട നളമഹാരാജാവിന്റെ പ്രണയപ്രാർത്ഥനയെ ചിന്തിച്ച് നിശ്ചലയായി സൌന്ദര്യം അവതരിച്ചുവന്നതോ എന്നു തോന്നുമാറ് ദമയന്തി അധോമുഖിയായി നി

സന്താനനിയന്ത്രണം

പി വി കൃഷ്ണവാരിയർ കോട്ടയ്ക്കൽ,

പല രാജ്യങ്ങളിലും ജനസംഖ്യ അടിക്കടി വൎദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. കഴിഞ്ഞ ഒരു നൂറുകൊല്ലംകൊണ്ടു് ലോകത്തിലെ ഒട്ടാകെ ജനസംഖ്യ ഏതാണ്ടിരട്ടിച്ചിട്ടുണ്ടെന്നു കാണുന്നുണ്ടു്. ഇക്കണക്കിൽ ജനങ്ങൾ വൎദ്ധിക്കുവാൻ തുടങ്ങിയാൽ ഒരു നിശ്ചിതകാലാവധിക്കുള്ളിൽ ഈ ലോകത്തിൽ ആളുകൾക്കു പാൎക്കുവാൻ സ്ഥലവും ഭക്ഷിക്കുവാൻ സാധനങ്ങളും മതിയാകാതെ വന്നേക്കും. എന്തുകൊണ്ടെന്നാൽ ഭൂമിയുടെ വലിപ്പത്തിനു് ഒരു അതിരുള്ളതിനാൽ അതിലിത്ര ജനങ്ങൾക്കേ ഒരേസമയത്തു താമസിച്ചു ജീവിക്കുവാൻ സാധിക്കുകയുള്ളുവെന്നു നമുക്കൊന്നു നിൎണ്ണയിക്കാമല്ലോ. അതുപോലെതന്നെ ഭക്ഷണത്തിനുപയോഗിക്കാവുന്ന സാധനങ്ങൾ ശാസ്ത്രരീതിക്കനുസരിച്ചു പരിഷ്കരിച്ച കൃഷികൊണ്ടും മററും വളരെ വളരെ ഉണ്ടാക്കിത്തീൎക്കാമെങ്കിലും അവയ്ക്കും ഒരതിരുകാണുമെന്നു തീൎച്ചയാകയാൽ ഇപ്പോൾ കാണുന്നതോതിൽ ജനസംഖ്യ വൎദ്ധിച്ചു വരുന്നപക്ഷം ഭക്ഷണസാധനങ്ങൾക്കു ക്രമേണ ദുൎഭിക്ഷം നേരിടും. ഈ തത്വം കണ്ടുപിടിച്ചു് ഇതിനു പരിഹാരമായി പാശ്ചാത്യരാജ്യങ്ങളിലെ ചില ചിന്തകന്മാർ സന്താനനിയന്ത്രണം അല്ലെങ്കിൽ ജനനനിയന്ത്രണം അത്യാവശ്യമാണെന്നു് അഭിപ്രായപ്പെട്ടുതുടങ്ങി. എന്നല്ല, ഈ സിദ്ധാന്തം ചില പരിഷ്കൃതരാജ്യക്കാർ

ല്ക്കുന്നു. രവിവൎമ്മയുടെ ഹംസദമയന്തി എന്ന ചിത്രത്തിലുള്ള സൌന്ദൎയ്യം ദൎശിക്കുന്നവൎക്കു് ദമയന്തിയെ മോഹിച്ചു ദേവലോകത്തിൽനിന്നു വരുണാദിദേവന്മാർതന്നെയും നരലോകത്തിലേക്കു കുതിച്ചുപാഞ്ഞതിൽ തെല്ലും അത്ഭുതംതോന്നുകയില്ല. ആകാരസുഷമയും, തന്മയത്വവും, ചൈതന്യവും, നിറഞ്ഞ ആ ചിത്രം അക്ഷയഭാസ്സോടുകൂടി കലാലോകത്തിൽ പരിലസിക്കുന്നു. ഈ ചിത്രം ഏററവും സ്വാഭാവികമായിട്ടുണ്ടു്. മനോഹരമായ ആ മാർബിൾതൂണിന്റെ വെണ്മയെ അതിനുമുകളിൽനില്ക്കുന്ന ധവളവൎണ്ണനായ ഹംസദൂതൻ ശതഗുണീഭവിപ്പിക്കുന്നു. ഒരു തൂണിന്മേൽ ചാരിനിന്നു അത്യുല്ക്കണ്ഠയോടെ നിശ്ചേഷ്ടയായി ഹംസരാജന്റെ ചാടുവാക്യങ്ങൾ ശ്രവിച്ചു് ആനന്ദമടയുന്ന ദമയന്തി, സൌന്ദൎയ്യമൂൎത്തിയാണു്. മനുഷ്യാകൃതി ദമയന്തിയിൽ അനനുകരണീയമാംവണ്ണം ഒത്തിട്ടുണ്ടു്. മാനുഷികവും ദൈവികവുമായ സൌന്ദൎയ്യം, ഭൂമിയിൽ അവതരിച്ചു് കന്യകാരൂപമെടുത്തതാണോ ദമയന്തി എന്നു ന്യായമായി ആരും ശങ്കിച്ചുപോകത്തക്ക സൌന്ദൎയ്യപരിപൂൎണ്ണതയോടുകൂടിയാണു് ഭാവനാസമ്പന്നനായ രവിവൎമ്മ ചിത്രണംചെയ്തിരിക്കുന്നതു്. മനുഷ്യാകൃതിയിലുള്ള ഒരു ദേവതയാണു് ദമയന്തിയെന്നു നമുക്കു തോന്നിപ്പോകുന്നു. ആളിജ്ജ്വലിക്കുന്ന ഒരു സൌന്ദൎയ്യമാണു് നിസൎഗ്ഗസുന്ദരമായ ഈ ചിത്രദൎശനത്തിൽ നമുക്കനുഭവപ്പെടുന്നതു്.

അംഗീകരിക്കുകയും, ചിലടിക്കിൽ പ്രസ്തുത വിഷയത്തിൽ ചില പ്രായോഗികപരിശീലനങ്ങൾ നടത്തിവരികയും ചെയ്തുവരുന്നുമുണ്ട്. ആ കൂട്ടത്തിൽ ഇന്ത്യാരാജ്യത്തും ജനവർദ്ധനകണ്ടു ഭയപ്പെട്ടു ഗവമെൻറിൽനിന്നും ചിലതൊക്കെ ചെയ്തുവരുന്നതായും, ഇനിയും ചിലതു ചെയ്വാൻ ശ്രമമുള്ളതായും അറിയുന്നതുകൊണ്ടു് ഈ വിഷയത്തെപ്പററി നമ്മളൊക്കെ ഗാഢമായി ചിന്തിക്കേണ്ടതു് ഒരടിയന്തിരകാൎയ്യമായിട്ടാണു് ഇരിക്കുന്നതു്.

ഈ സിദ്ധാന്തം ആദ്യം കണ്ടുപിടിച്ചതായഭിമാനിക്കുന്ന മാൽത്തസ്സിൻെറ പേരോടുകൂടി ഘടിപ്പിച്ചു ഇതിനു മാൽത്ത്യൂസിയൻ തീയറി (Malthewsian theory) എന്നു പേർ പറഞ്ഞുവരുന്നു. സാമാന്യം പഠിപ്പും സ്വന്തമായി സമ്പാദിച്ച കുറേ സ്വത്തുമുണ്ടായിരുന്ന ഡാനിയൽ മാൽത്തസ്സ് എന്ന ആളുടെ മകനായി ഇംഗ്ലണ്ടിൽ ഗിൽഡ്ഫോർഡിന്നടുത്തു് റുക്കറി എന്ന സ്ഥലത്തായിരുന്നു ഇദ്ദേഹത്തിൻെറ ജനനം. 1766-ൽ ജനിച്ച തോമസ് റോബർട്ടു് മാൽത്തസ്സ് (ഇതാണു് മുഴുവൻ പേർ) സുമാർ 32-ാം വയസ്സിലായിരുന്നു തൻെറ ഈ പുതിയ സിദ്ധാന്തം ഒരു പ്രബന്ധരൂപേണ ആദ്യം പ്രസിദ്ധപ്പെടുത്തിയതു്. അന്നു് ഈ ലഘുപ്രബന്ധം പല മഹാന്മാരുടെയും ദൃഷ്ടിയെ ആകൎഷിക്കുകയും, പല കൎക്കശവിമൎശനങ്ങൾക്കും പാത്രീഭവിക്കുകയും ചെയ്തിട്ടുണ്ടു്. അതിൻെറ ഫലമായി മാൽത്തസ്സ് തന്നെ, അതാതുസമയം അനുകൂലമായും പ്രതികൂലമായും പുറപ്പെട്ടിരുന്ന അഭിപ്രായങ്ങൾക്കനുസരിച്ച ചില ചില മാററങ്ങൾ ചെയ്കയും പരിഷ്കരിക്കുകയും ചെയ്തുകൊണ്ടു ആറുപ്രാവശ്യം പ്രസ്തുത പുസ്തകത്തിൻെറ പുതിയ പതിപ്പുകൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ജനവർദ്ധനയ്ക്കു തക്കതായ പ്രതിവിധികളൊന്നും ആദ്യത്തെ പ്രസിദ്ധീകരണത്തിലുണ്ടായിരുന്നില്ല. 1803-ലെ പതിപ്പിലാണു് ധാൎമ്മികനിയന്ത്രണം (Moral Check) എന്ന ഒരു പരിഹാരമാൎഗ്ഗം പുതുതായി കൂട്ടിച്ചേൎത്തതു്. അങ്ങനെ പരിഷ്കരിച്ചു പരിഷ്കരിച്ചു് ഒടുക്കം 1816-ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകമാണു് ഇന്നും ഈ സിദ്ധാന്തത്തിനു് ആസ്പദമായിരിക്കുന്നതെന്നു കാണുന്നുണ്ടു്.

ആഹാരസാധനങ്ങൾ 1-2-3-4-എന്നീ സാധാരണകണക്കുപ്രകാരം വൎദ്ധിക്കുമ്പോൾ ജനസംഖ്യ 1-2-4-8-എന്നീ കണക്കിൽ പെരുകുന്നുണ്ടെന്നുള്ള ഈ പുസ്തകത്തിലെ സിദ്ധാന്തം തീരെ അടിസ്ഥാനമില്ലാത്തതാണെന്നു പ്രാമാണികന്മാരായ അനേകം ധനശാസ്ത്രജ്ഞന്മാർ ദൃഷ്ടാന്തപൂൎവ്വം തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. മാൽത്തസ്സ് സിദ്ധാന്തിക്കുന്നതുപോലെ മനുഷ്യരുടെ വൎദ്ധനയും ആഹാരസാധനങ്ങളുണ്ടാകുന്നതിനും തമ്മിൽ അത്ര വ്യത്യാസമില്ലെന്നും, ഇതു തീരെ തെററാണെന്നും, "എൻസൈക്ലോപ്പീഡിയ ബ്രിട്ടാനിക്ക" എന്ന മഹാഗ്രന്ഥത്തിൻെറ 17-ാം പുസ്തകം 515-ാം ഭാഗത്തു പറഞ്ഞിട്ടുണ്ടു്. ആധുനികവിദ്വാന്മാരിൽ അഗ്രഗണ്യന്മാരായ അനവധിപേർകൂടി പരിശോധിച്ചു പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത പുസ്തകത്തെക്കാളും വലിയൊരു പ്രാമാണികഗ്രന്ഥം ഇന്നേവരെ നമുക്കു ലഭിച്ചിട്ടില്ല.

മേൽപറഞ്ഞ പ്രകാരം നിൎമ്മൂലമായിത്തീൎന്നിട്ടുണ്ടെങ്കിലും, ഈ സിദ്ധാന്തം, ഒരു വിഷച്ചെടിയുടെ കൂട്ടത്തിൽ, ഇന്നും ഓരോദിക്കിൽ പടൎന്നുപിടിച്ചും പൊട്ടിത്തഴച്ചും നിലനിന്നുവരുന്നതാണു് ആശ്ചൎയ്യം. അല്ലെങ്കിൽ നവീനനാഗരികത്വത്തിൻെറ ഗതിക്കു് ഇതേററവും യോജിച്ചതാകയാൽ ഒട്ടും അത്ഭുതപ്പെടുവാനില്ലെന്നും സമാധാനിക്കാം. കറുപ്പു്, കഞ്ചാവു്, മദ്യം മുതലായ വസ്തുക്കൾ തീരെ പരിഹരിക്കേണ്ടതായ വിഷദ്രവ്യങ്ങളാണെന്നു പരക്കേ സമ്മതമായിട്ടും അവയെല്ലാം സീമാതീതമായ പ്രചാരമാണല്ലോ, ഇന്നത്തെ ലോകത്തിൽ കാണു

ന്നതു്. "രസകരങ്ങളായ ദുശ്ശീലങ്ങൾ" എന്നൊരു ന്യായവും പറഞ്ഞു് എത്രവളരെപ്പുകയിലയാണു് ചുരുട്ടായും സിഗരററായും ഇന്നത്തെ പരിഷ്ക്കാരികൾ വലിച്ചുകത്തു കയറുന്നതു്. അൎത്ഥത്തിന്നും ആരോഗ്യത്തിന്നും ഒരുപോലെ നാശം വരുത്തുന്ന മദ്യമെന്ന കഠിനവിഷത്തെ ഒരിക്കൽ തീരെ ബഹിഷ്ക്കരിച്ച അമേരിക്കയിലെ ഐക്യരാജ്യക്കാർ—പരിഷ്ക്കാരം പരമകാഷ്ഠയിലെത്തിയവരെന്നഭിമാനിക്കുന്ന രാജ്യക്കാർതന്നെ—ഇപ്പോളിതാ വീണ്ടും ഇതിന്റെ ഇറക്കുമതിക്കനുവദിച്ചിരിക്കുന്നു. ഇങ്ങനെ പരിശോധിക്കുംതോറും തല്ക്കാലരസിപ്പിക്കുന്ന സാധനങ്ങളിൽ മനുഷ്യർ അധികമധികം മയങ്ങിപ്പോകുന്നുണ്ടെന്നുകാണാവുന്നതാണു്. എന്നാൽ അതുപോലെ ഒരുഭ്രമംമാത്രമാണു്, ഈ സന്താനനിയന്ത്രണവിഷയത്തിലും പിടിപെട്ടിരിക്കുന്നതെന്നു തോന്നുന്നു. എങ്കിലും ഇതു് മററു ദുശ്ശീലങ്ങളെക്കാളും എത്രയോ അധികം അവരവൎക്കപായകരവും, മനുഷ്യസമുദായത്തെ ആകമാനം അതിവേഗത്തിലധഃപതിപ്പിക്കുന്നതുമായ ഒരു ദുഷ്പ്രവൃത്തിയാണെന്നുള്ളതിലേക്കു ചില സംഗതികൾകൂടി ഇവിടെ ചൂണ്ടിക്കാണിക്കാം.

ജനസംഖ്യ വൎദ്ധിക്കുന്നതോതിൽ ഭക്ഷണസാധനങ്ങൾ വൎദ്ധിക്കുന്നതല്ലെന്നും മററുമുള്ള സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയാണല്ലോ ഇന്നും ചിലർ സന്താനനിയന്ത്രണത്തിന്നു ശാഠ്യംപിടിക്കുന്നതു്. ഇക്കൂട്ടർ പ്രകൃതിയെ സൂക്ഷ്മമായൊന്നു പരിശോധിച്ചാൽ പരിഭ്രമത്തിന്നവകാശമില്ലാതാകും. ചരാചരാത്മകമായ പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ പ്രകൃതിയുടെ അല്ലെങ്കിൽ ഈശ്വരന്റെ ഇച്ഛയ്ക്കനുസരിച്ചുമാത്രം നടക്കുന്ന കാൎയ്യങ്ങളാണു്. അസംഖ്യം തരത്തിലുള്ള ജീവജാലങ്ങളെ പ്രകൃതി സൃഷ്ടിക്കുകയും, അവയെ രക്ഷിക്കുകയും, നശിപ്പിക്കുകയുംചെയ്യുന്നു. ജീവികളെല്ലാം അതിന്നുള്ള വെറും ഉപകരണങ്ങൾമാത്രം. കുലാലൻ കലങ്ങളും കുടങ്ങളും മററുമുണ്ടാക്കി വ്യാപാരം ചെയ്യുന്നു. മണ്ണുമുതലായ സാധനങ്ങൾ അതിന്നുള്ള ഉപകരണങ്ങൾ മാത്രമാകുന്നതല്ലാതെ സ്വയംസൃഷ്ടിയ്ക്കുശക്തിയുള്ളവയല്ലല്ലോ. അതേതരത്തിലല്ലാതെ ജീവജാലങ്ങൾക്കൊന്നിന്നും സൃഷ്ടിവിഷയത്തിൽ സ്വശക്തിയില്ല. ജീവികളിൽവെച്ചു അത്യുൽകൃഷ്ടനെന്നഭിമാനിക്കുന്ന മനുഷ്യനുപോലും സ്വേച്ഛാനുസരണം സന്തത്യുല്പാദനം സാദ്ധ്യമല്ലല്ലോ. അതൊക്കെ അങ്ങനെയാണെങ്കിലും ജനപ്പെരുപ്പത്തിന്നനുസരിച്ചു് ഭക്ഷണസാധനങ്ങൾ വൎദ്ധിക്കുവാൻ നിവൃത്തിയില്ലെന്നു് അനുഭവംകൊണ്ടും യുക്തികൊണ്ടും വിചാരിക്കേണ്ടയോഎന്നു്ചോദിക്കുന്നപക്ഷം, അക്കാൎയ്യവും പ്രകൃതിതന്നെ നോക്കിക്കൊള്ളുമെന്നാണു് ഈ ലേഖകന്നു പറയുവാനുള്ളസമാധാനം. ഒരു സാധാരണ ദൃഷ്ടാന്തം കാണിക്കാം. നമ്മുടെ വളപ്പിൽ ഒരാൽവൃക്ഷം നില്ക്കുന്നുണ്ടെന്നു വിചാരിക്കുക. ഓരോ പ്രാവശ്യവും അതിന്മേലുണ്ടാകുന്ന കായ്കളുടെഎണ്ണം നോക്കുമ്പോൾ ഈ വിത്തൊക്കെ വീണു് ആലുകൾ മുളച്ചുണ്ടാകുവാൻ തുടങ്ങിയാൽ കുറച്ചുകാലംകൊണ്ടു ലോകത്തിൽ മറെറാന്നിന്നും നില്ക്കാൻ സ്ഥലമില്ലെന്നു തോന്നുമല്ലോ. നമ്മുടെ അനുഭവം അങ്ങനെതന്നെയാണോ? അതിന്മേൽ കാണുന്ന അസംഖ്യം കായ്കളിൽ എത്ര കുറച്ചു വിത്തുമാത്രമാണു് മുളയ്ക്കുന്നതു്. ആ മുളയ്ക്കുന്നതിൽതന്നെ വളരെ ചുരുങ്ങിയ ഒരു ശതമാനമേ മരമാകയും ചെയ്യുന്നുള്ളൂ. അതുപോലെതന്നെ ഒരേസമയത്തു് അസംഖ്യം കുട്ടികളെ പ്രസവിക്കുന്ന എത്ര അനവധി ജന്തുക്കളുണ്ടു്. അവയൊക്കെ വളൎന്നു വലുതാകുന്നപക്ഷം ലോകത്തിലെ കഥ എന്താകണം! ഇങ്ങനെ നോക്കുമ്പോൾ വൃക്ഷലതാദികളിലാകട്ടെ മററു ജീവികളിലാകട്ടെ കണക്കില്ലാത്ത ഒരു വൎദ്ധന ഉണ്ടാകുന്നില്ലെന്നു നമുക്കു മനസ്സിലാക്കാം. എന്നാലിതിലൊന്നും മനുഷ്യന്റെ പ്രത്യേകമായ ഒരു പ്രയത്നം വേണ്ടിവരുന്നതുമല്ല. സൃഷ്ടിക്കനെ

സരിച്ച് സ്ഥിതിയ്ക്കും സംഹാരത്തിന്നും പ്രകൃതിതന്നെ വഴിവെച്ചിട്ടുണ്ടെന്ന് ഇതുകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ.

മനുഷ്യന്റെ കാര്യവും ഈ കൂട്ടത്തിൽ തന്നെ ഗണിക്കുവാനേയുള്ളു. സ്വേച്ഛപോലെ സന്തത്യുല്പാദനം സാധിക്കാതിരിക്കുന്നിടത്തോളംകാലം മനുഷ്യനു ജനവർദ്ധനകൊണ്ടു ഭയപ്പെടുവാനില്ല. ജനങ്ങൾ എത്ര വർദ്ധിച്ചാലും അവക്കു സ്ഥലവും ആഹാരസാധനങ്ങളും പ്രകൃതിതന്നെ ഉണ്ടാക്കിക്കൊള്ളും. അല്ലെങ്കിൽ പ്രകൃതി അതിനു വഴിയുണ്ടാക്കിത്തരും. രക്ഷയ്ക്കനുസരിച്ചുള്ള വർദ്ധനയേ പ്രകൃതി അനുവദിക്കുകയുള്ളു. രോഗനിവാരണം, യുദ്ധനിരോധം മുതലായ ഏർപ്പാടുകളാൽ ജനങ്ങളുടെ നാശത്തിനുള്ള വഴികൾ ഈ പരിഷ്കൃതകാലത്തു വളരെ ചുരുങ്ങിവരുന്നുണ്ടെന്നും അതു നിമിത്തം ഇനി അധികമധികം ജനവർദ്ധനയ്ക്കാണിടയുള്ളതെന്നും വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതൊക്കെ വെറും അന്ധാളിത്തമാണ്. നവീന നാഗരികത്വം മനുഷ്യന്റെ വർദ്ധനയ്ക്കല്ല, നാശത്തിനാണ് അധികമധികം വഴിയുണ്ടാക്കുന്നതു്. പ്രകൃതിയെ ജയിച്ചു കീഴടക്കി എന്നഭിമാനിക്കുകയാണ് ഇന്നത്തെ പരിഷ്കാരം. ഇതൊരിക്കലും സാദ്ധ്യമല്ല. പ്രകൃതിയെ ജയിക്കുവാൻ ശ്രമിക്കുന്നതൊക്കെ പ്രകൃതിവിരുദ്ധമായ കാര്യമാകയാൽ അതിന്റെ ഫലം പ്രകൃതികോപവും, നിസ്സഹായനായ മനുഷ്യന്റെ നാശവുമാണ്. എത്രമാത്രം വേഗാധിക്യമുള്ള വാഹനങ്ങൾ കണ്ടുപിടിക്കുന്നുവോ അത്രത്തോളം ആൾനാശവും വന്നുചേരുന്നു. പ്രകൃതിശക്തികളെ എത്രയധികം കീഴടക്കി എന്നഭിമാനിക്കുന്നു, അത്രമാത്രം അതു നശിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങനെ സൂക്ഷ്മചിന്തനം ചെയ്തുതുടങ്ങിയാൽ ഇന്നത്തെ പരിഷ്കാരംകൊണ്ടു വാസ്തവത്തിൽ ജനങ്ങൾക്കു വർദ്ധനയല്ല, നാശമാണധികം ഉണ്ടാകുന്നതെന്ന് ബോദ്ധ്യപ്പെടും.

ഇതുകൊണ്ടൊന്നും തൃപ്തിപ്പെടാത്തവരുണ്ടെങ്കിൽ അവർ ധാർമ്മികനിയന്ത്രണംകൊണ്ടു സന്താനവർദ്ധനം തടുക്കുന്നതു നിർദ്ദോഷവും അനുവദിക്കാവുന്നതുമാണ്. ഈ ഘട്ടത്തിലാണ് മതത്തിന്റെ, അല്ലെങ്കിൽ ധാർമ്മികജീവിതത്തിന്റെ ആവശ്യം നേരിടുന്നതു്. പുണ്യഭൂമിയായ ഭാരതഖണ്ഡത്തിലെ പ്രാചീനാർയ്യന്മാർ മാത്രമേ ഈ വിഷയത്തിൽ അങ്ങേഅററംവരെ ആലോചന ചെയ്തിട്ടുള്ളൂ. അവരുടെ ധർമ്മശാസ്ത്രം, വൈദ്യശാസ്ത്രം മുതലായ സകലശാസ്ത്രങ്ങളും പരമോൽകൃഷ്ടമായ ഒരു ജീവിതപദ്ധതിയാണ് വിധിച്ചിട്ടുള്ളതു്. പ്രകൃതവിഷയത്തിൽ ബ്രഹ്മചര്യ്യരതിയാണ് ആർയ്യന്മാരുടെ ഉത്തമാദർശം.

"അനുമോദാമഹേ ബ്രഹ്മ-
ചര്യ്യമേകാന്തനിർമ്മലം"

എന്ന തത്വം ലോകത്തിൽ ഇന്നും വിലമതിക്കാൻ കഴിയാത്ത ഒരു രത്നമായിട്ടാണല്ലോ പ്രകാശിക്കുന്നതു്. എങ്കിലും പ്രപഞ്ചഗതിയെ തടുക്കുവാൻ പാടില്ലാത്തതുകൊണ്ടു് സന്തത്യുല്പാദനത്തിന്നുമാത്രം വിവാഹവും വിധിച്ചിട്ടുണ്ടു്. അതു് അനിയന്ത്രിതമായ വിഷയസുഖാനുഭവത്തിൽ മനുഷ്യനെ ചാടിക്കരുതെന്നു കരുതി പലവിധം മതാനുഷ്ഠാനങ്ങളും വിധിച്ചിരിക്കുന്നു. ആവകയെല്ലാം അധികമായ സന്തതിവർദ്ധനത്തിന്ന് ഏറക്കുറെ പ്രതിബന്ധങ്ങളായിട്ടാണിരിക്കുന്നതു്. എന്നല്ല, എല്ലാവരും കഴിയുന്നത്ര ജിതേന്ദ്രിയന്മാരായിത്തന്നെ ജീവിക്കണമെന്നും, സന്തത്യുല്പാദനം സാധിച്ചാൽപിന്നെ ബ്രഹ്മചര്യംതന്നെ സ്വീകരിക്കണമെന്നുമാണ് ധർമ്മശാസ്ത്രസിദ്ധാന്തം. വൈദ്യശാസ്ത്രഗ്രന്ഥങ്ങളിൽ ഈ നിഷ്കർഷ കുറെക്കൂടി അധികമാണ്. ഇന്ദ്രിയനിഗ്രഹംചെയ്തു് ബ്രഹ്മചര്യ്യരതിയോടുകൂടി ഇരിക്കണമെന്ന് സാമാന്യമായുപദേശിക്കുന്നതുകൂടാതെ, വിഷയലമ്പടന്മാ

ക്കുതന്നെ ഇന്നയിന്ന കാലങ്ങളിൽ ഇത്രയിത്ര ദിവസമേ സംയോഗം പാടുള്ളു എന്നും അതുതന്നെ പ്രകൃതിസിദ്ധമായ വിധത്തിലും മററു മാർഗ്ഗങ്ങളൊന്നും സ്വീകരിക്കാതേയും വേണ്ടതാണെന്നും വൈദ്യഗ്രന്ഥങ്ങളിൽ പ്രത്യേകം സിദ്ധാന്തിച്ചിരിക്കുന്നു. പുരാണേതിഹാസങ്ങളും ഇതൊക്കെത്തന്നെയാണു് പ്രബലപ്പെടുത്തുന്നതു്. എന്തിനധികം വിസ്തരിക്കുന്നു? മനുഷ്യൻ വിഷയഭ്രമം കുറച്ചു് ഇന്ദ്രിയനിഗ്രഹം സാധിക്കുകയാണു് ജീവിതത്തിന്റെ പരമോദ്ദേശമെന്നുള്ള ധർമ്മശാസ്ത്രരഹസ്യം പ്രാചീനന്മാരുടെ കാവ്യാദികളിൽകൂടി സരസമായി പ്രതിപാദിക്കപ്പെട്ടു കാണുന്നുണ്ടല്ലോ. സകല സുഖഭോഗങ്ങൾക്കും ശക്തിയും സൌകര്യവുമുള്ള സാർവ്വഭൌമന്മാർക്കുപോലും സ്വീകരിക്കേണ്ടതായ ഒരു ധർമ്മമർമ്മമാണല്ലോ "പ്രജായൈ ഗൃഹമേധിനാം" എന്ന ഒരൊററവരിയിൽ കാളിദാസൻ കാണിച്ചിട്ടുള്ളതു്. രതിക്കായിട്ടല്ല, സന്തത്യുല്പാദനത്തിനു മാത്രമാണു് വിവാഹം എന്നു് ഈ വാക്യംകൊണ്ടു മഹാകവി നമ്മുക്കു മനസ്സിലാക്കിത്തരുന്നു.

മേൽക്കാണിച്ചപ്രകാരം ബ്രഹ്മജ്ഞാനികളായ മഹർഷിമാരുടെ പരിശുദ്ധസിദ്ധാന്തങ്ങളെ പ്രമാണിച്ചു നടന്നിരുന്നതുകൊണ്ടുതന്നെയാണു് പ്രാചീനാർയ്യന്മാർക്കു് അധികമായ ആയുസ്സും അതിരററതായ ബുദ്ധിശക്തിയും ഉണ്ടായിരുന്നതു്. ആവകസിദ്ധാന്തങ്ങളെല്ലാം ഇപ്പോൾ അസംബന്ധപ്രലാപങ്ങളാണെന്നും, ഇന്നല്ലെങ്കിൽ ഇന്നലെ മുളച്ചുപൊന്തിയ മാൽത്തസ്സിന്റെ സിദ്ധാന്തം ശുദ്ധവും സ്വീകാർയ്യവുമാണെന്നും വിചാരിക്കുന്നതു വെറും ഭ്രമമല്ലെങ്കിൽ മറെറന്താണെന്നു വായനക്കാർ തീർച്ചപ്പെടുത്തിയാൽമതി. ലോകാനുഗ്രഹതല്പരന്മാരായ ഋഷികളുടെ ശാസനങ്ങളിലുള്ള തത്വമാണു് മേൽക്കാണിച്ചതു്. മാൽത്തസ്സിന്റെ നവീനസിദ്ധാന്തമാകട്ടെ ഒരു വിധത്തിലും ആ പ്രാമാണ്യമർഹിക്കുന്നതല്ല. ഇതു സ്വീകരിക്കുന്നവരോ കൊണ്ടാടുന്നവരോ ലോകക്ഷേമത്തെ ആഗ്രഹിച്ചു പറയുന്നവരാണെന്നു വിചാരിക്കുവാൻ ഞാനൊരുക്കമില്ല. ഇന്നത്തെപ്പോലെ ജനസംഖ്യ അനിയന്ത്രിതമായി വർദ്ധിച്ചാൽ ലോകത്തിൽ ആളുകൾക്കു വാസസ്ഥലവും ഭക്ഷണസാധനവും ഇല്ലാത്ത ഒരുകാലം വരുമെന്നും, അങ്ങനെ വന്നാൽ അതു മഹാകഷ്ടമാകുമല്ലോ എന്നുമുള്ള പരിശുദ്ധവിചാരമല്ല നവീനപരിഷ്കാരികൾക്കുള്ളതെന്നു എല്ലാവർക്കും അറിയാം. അവരവർക്കു കഴിയുന്നത്ര സുഖാനുഭവം തരമാകണമെന്നും അതിനു തടസ്സമാകുന്ന ഗർഭധാരണം, പ്രസവം, യൌവനക്ഷയം മുതലായതു വരാതെകഴിക്കണമെന്നും മററുമുള്ള ഓരോ ദുരാഗ്രഹങ്ങളാണു് ഇന്നു സന്താനനിയന്ത്രണത്തിനു ശാഠ്യംപിടിക്കുവാൻ പലരേയും പ്രേരിപ്പിക്കുന്നതെന്നു സൂക്ഷ്മാന്വേഷണം ചെയ്യുന്നവരറിയുന്നതാണു്. അതുകൊണ്ടു് സന്താനനിയന്ത്രണം വേണമെന്നു സിദ്ധാന്തിച്ചു് കൃത്രിമപ്രയോഗങ്ങൾ തുടങ്ങിയാൽ മനുഷ്യസമുദായം മുഴുവനും കൃത്രിമമായിത്തീരുവാനാണു് എളുപ്പം. മററുള്ള ആപത്തുകളെപ്പററിയൊന്നും ഇപ്പോൾ പറയുന്നില്ല. നൈഷ്ഠികബ്രഹ്മചര്യംകൊണ്ടു സന്താനനിയന്ത്രണം സാധിക്കുന്നതു സർവ്വഥാ ശ്ലാഘനീയവുമാണു്.

"കുററക്കാരി"

ഒ. എൻ. വി. കുറുപ്പ്

[യൗവനം അവളുടെ ഓരോ രോമകൂപത്തിലുമിരുന്നു് "ആസ്വദിക്കൂ, ആസ്വദിക്കൂ!" എന്നു മധുരമായി മന്ത്രിക്കുമ്പോൾതന്നെ, ആ ആസ്വാദനത്തിന്റെ പങ്കുകാരൻ അകലെയൊരു പടക്കളത്തിൽ വീണടിഞ്ഞുകഴിഞ്ഞു. അപ്പോഴും അവളുടെ വികാരവും വിചാരവും ഭർത്താവിലേക്കു വലിഞ്ഞിഴഞ്ഞുകൊണ്ടിരുന്നു. സ്നേഹത്തിന്റെ സജീവ ചൈതന്യമായിരുന്ന ആ രൂപം, ദേവാനുമതിയോടുകൂടി പിന്നെയുമൊരിക്കൽ ഒരു നോക്കുകാണുവാനുണ്ടായ ആ ഭാഗ്യത്തിന്റെയും അന്ത്യനിമിഷത്തിൽ, ആ 'രൂപ'ത്തിനു പിറകേ അവളുടെ ആത്മാവ് പറന്നുപോയി!, സ്വർഗ്ഗകവാടത്തിനുമപ്പുറംവരെ! 'അകാല'ത്തിലുള്ള ആ വരവ് 'അപരാധ'മായിക്കരുതിയ ദേവന്മാരാൽ അവൾ ശിക്ഷിക്കപ്പെട്ടു. അതൃപ്തങ്ങളായ ആത്മാക്കൾ നീറിനീറി അലയുന്നിടത്തേക്കു് വലിച്ചെറിയപ്പെട്ടു; അവൾ! പൗരാണികഗ്രീസിന്റെ സ്മൃതിമണ്ഡലത്തിൽനിന്നൊരിക്കലും മാഞ്ഞുപോകാത്തതാണവളുടെ നാമം: — "ലയഡേമിയ"!

വേർഡ്സ്‌വർത്ത് — ഇന്നലത്തെ 'കലാകാരൻ' — പോലും അവളെ "കുററക്കാരി"യെന്നു വിളിച്ചു; ആ ശിക്ഷ ന്യായീകരിച്ചു.

പക്ഷേ, ഹൃദയത്തിൽനിന്നു് ഹൃദയത്തിലേക്കൊഴുകുന്ന പ്രണയസരിത്തിൽ "ഇരുമെയ്യൊന്നിച്ചാ"ൽ, അവിടെ മാംസത്തിന്റെ 'ദുർഗ്ഗന്ധം' കാണുന്ന പഴഞ്ചൻ സദാചാരത്തിനുനേരേ, "പദാർത്ഥ"ത്തെ ചവുട്ടിമെതിച്ചുകൊണ്ടു്, "ആശയ"ത്തെ മുറുകെപ്പുണരുന്ന ഇന്നലത്തെ മനുഷ്യന്റെ 'തത്വശാസ്ത്ര'ത്തിനുനേരേ, ഒരു വെല്ലുവിളിയായിരുന്നു, ലയഡേമിയ!]

— ഒരു നാടകീയസ്വയോക്തി —

"മൃത്യുവിനിപ്പുറം മാദകാസ്വാദന-
തൃപ്തിയെത്തേടിയോരെൻതപ്തചിത്തമേ,
നീറുക,നീറിപ്പിടയുക, ദൈവിക-
നീതികൾനീളുന്നു നിൻനേർക്കു നിർദ്ദയം!

ദേവന്റെനാട്ടിലും, നോവിന്റെമുള്ളുകൾ
പാവിയപാഴ്നിലം പാപിക്കുപാർപ്പിടം.

മർത്ത്യന്റെനാട്ടിൽ പറഞ്ഞുപലരു,മീ-
മൃത്യുവിനിപ്പുറം "മുക്തി"കളുണ്ടുപോൽ!

മുക്തിയോ,മുൾവേലിചുററുമുയരവേ?
മുക്തിയെത്തേടുന്നതെന്തിനല്ലെങ്കിൽ ഞാൻ?

അല്ലലും മുക്തിയുമെല്ലാം വെറും തൃണം!
വല്ലഭ,നീയെങ്ങു്?നീയിങ്ങണയുമോ?

"കുററമോ,കാന്തനെ പ്രേമപ്പൊലിമയിൽ
കെട്ടിപ്പുണരാൻ കൊതിക്കുകിൽ,കാന്തയാൾ?

തെററുകൾ കണ്ണീരിൽ മായ്ക്കുവാൻ ഞാനിനി
പൊട്ടിക്കരയണം!—ദേവാനുശാസനം!

നീറിപ്പുകയുന്ന സ്നേഹോജ്ജ്വലങ്ങളാം
നൂറുനൂറാത്മാക്കളാണെന്റെക്കൂററുകാർ.

വിങ്ങിക്കരഞ്ഞുകരഞ്ഞുതളർന്നിവർ
തങ്ങളിൽതങ്ങളിൽ ബാഷ്പംതുടച്ചുപോം.

ഒന്നിനിശ്ശുദ്ധമായ്ത്തീർക്കട്ടെ ഞാനുമെൻ-
കണ്ണീരലകളാൽ ദേവന്റെമണ്ണിനെ.

മന്നിനഭിമാനമുണ്ടിതിൽ;ഞങ്ങൾതൻ
കണ്ണീരിലുണ്ടതിൻ സ്നേഹവിശുദ്ധികൾ!... ...

"ഓമൽസ്മരണതൻപൂവുകൾ നോവിന്റെ
തൂമധുതൂവിച്ചിരിക്കുന്നു പിന്നെയും.
നാകീയശോഭകളോലും "തെസലി"യെ-
പ്പൂകിയ ഭൂതികൾ പൂങ്കുയിൽ പോലവേ
കൂകിവിളിക്കവേ, മാദകാഹ്ളാദങ്ങ-
ളേകുവാൻപോന്നതാണന്നത്തെരാവുകൾ.
തുള്ളിക്കുതിച്ചുപതഞ്ഞുചിരിക്കുന്ന
വെള്ളിനിലാപ്പാലലകളിളകവേ,
ഉന്നിദ്രമോദേന നീന്തിത്തുടിക്കയാ-
യൊന്നിച്ചു, ഹാ! രണ്ടു രാഗാർദ്രഹൃത്തുകൾ!
താരകൾകണ്ടതാണിന്നുമെൻതപ്തമാം
താർമതിയോർക്കുമാ രംഗങ്ങളൊക്കെയും,
ഈവാർമുടിയിലെൻ ദേവൻതിരുകിയ
പൂവുകളന്നേ കരിഞ്ഞുപോയെങ്കിലും
തേനൂറുമോർമ്മതന്നോമൽപ്രസൂനങ്ങൾ
വാടുകില്ലെന്നാളുമെൻമനോവാടിയിൽ!
പൊന്നിൻചഷകം മറക്കാം മധുരിമ,-
യന്നാം മദിരയതിൽനിന്നൊഴിയവേ;
മായുകയില്ലീ ചൊടികളിലായതിൻ
മാദകമാധുര്യമെന്നാലുമല്പവും!......
സ്വർഗ്ഗീയസൗഖ്യങ്ങളൊക്കെയും ഹാ! വെറും
സ്വപ്നത്തിലെന്നപോൽ മാഞ്ഞുപോയ് മാത്രയിൽ!

മിന്നും പടവാളിളക്കങ്ങളാ,യിരം
മിന്നൽപ്പിണരുകളൊന്നിച്ചുണർന്നപോൽ,
വൻപോരിലാഴിക്കുമപ്പുറം ഗ്രീസിന്റെ
വെന്നിക്കൊടിപറപ്പിക്കാൻ വിളിക്കവേ,
യാത്രചോദിക്കയായ്, ശാന്തനായന്തിമ-
യാത്രചോദിക്കയായ് ധീരകേസരി!
തിങ്ങുമുൾത്താപമെൻ കൺകോണിലൂറിയ-
തെങ്ങാനുമാ പടനായകൻ പാർത്തുവോ?
മംഗളം നേർന്നു ഞാൻ, ദൈവികചിന്തയാൽ
പൊങ്ങുംകരങ്ങളാൽ; പോയിതെൻനാഥനും!......
പോയി, തൻശത്രുവിൻ വാൾത്തലയാദ്യമായ്
പായുന്ന, വീഴ്ത്തുന്ന, മുന്നണിമുന്നിലായ്!......
നാടിനുകൈവന്നഭാഗ്യമേ, നീയൊരു
നാരിതൻജീവന്റെ ജീവൻകവർന്നിതേ!

രംഗം മധുരമനോരമം; വാസന്ത-
ഭംഗികൾ 'കിങ്ങിണി'തുള്ളുന്നിതപ്പൊഴും!
ഓരോ തളിർത്തൊത്തു,മോരോകിളിപ്പൂൺപു,-
മോരോ മലരണിച്ചില്ലയും, വല്ലിയും,
മാടിവിളിക്കുന്നു മാദകാസ്വാദന-
മോടികളാടുവാൻ ജീവിതവാടിയിൽ!

നാകം കവർന്നോരെൻ നാഥനാ രംഗത്തി-
ലാഗതനാകുമോ, രാഗവിലോലനായ്?-
മാസ്മരപ്രേമലഹരിപിടിക്കുന്നൊ-
രാസ്വാദനങ്ങളിൽ പങ്കുകൊണ്ടീടുവാൻ?
മാഴ്കുമതൃപ്തമാമെൻതപ്തഹൃത്തിനെ
മാറോടമർത്തുവാൻ?—സാന്ത്വനമോതുവാൻ!—
ശോകവിചിന്തനവീചികളീവിധ-
മേകാന്തതയിലുതിർന്നുയർന്നീടവേ,
ആകസ്മികമായൊരുനാളിലെൻപ്രിയ-
നാവിർഭവിക്കവേ, കൂട്ടിന്നണഞ്ഞതാം
ആ ദേവദൂതൻ മറയവേ, മന്മിഴി-
ക്കാദിവ്യദർശനമാനന്ദമേകവേ,
ആ മലർമേനിയെ കെട്ടിപ്പുണരുവാ-
നാവേശമാർന്നെൻകര;മതു കുറ്റമോ?
ഒന്നുചുംബിക്കുവാ,നാമധുരാധര-
മൊന്നുനുകരാൻ കൊതിച്ചതും, കുറ്റമോ?
മാത്രയിൽ മൽപ്രിയദർശനഭാഗ്യവു-
മസ്തമിച്ചീടവേ, ഞെട്ടിയ ഞെട്ടലിൽ,
തട്ടിത്തെറിച്ചോരീ ജീവിതപ്പൊൻചെപ്പു
പൊട്ടിത്തകർന്നതും, കുറ്റമോ? കുറ്റമോ?......
......നീവന്നു, ഹാ!......മനംനീവന്നു,......മന്മിഴി-
നീരിലീ ദേവന്റെ മണ്ണുകുതിരണം!
പാരിന്റെ രാഗവിശുദ്ധികലർന്നോരീ-
"പാപി'കൾതൻ ചുടുകണ്ണീർപ്പുഴകളിൽ,
താപമുരുകിയൊഴുകുമീ ധാരയിൽ,
പാപം—ഈ മണ്ണിന്റെ പാപം—കഴുകണം!

പാപമീ ദേവഗണത്തിനോ, ദുർബല-
മാകുമീ പൂവിനോ?-ചോദിച്ചിടട്ടെ ഞാൻ.
മോഹിനിയാട്ടങ്ങൾ കണ്ടുരസിക്കുവാൻ
മോഹമുണ്ടാകിലും, ശുദ്ധരാണായവർ!
നീതിമാന്മാരവർ; നിർമ്മലസ്നേഹത്തെ-
യേതുമേ മാനിച്ചിടാത്തവരെങ്കിലും!
ദീനദയാലുക്കൾ!—ചുറ്റിലും ഗദ്ഗദ-
ഗാനങ്ങൾ കേൾക്കെച്ചിരിക്കുവോരെങ്കിലും!
ദേവഗണികകളൊത്തുരമിക്കുമാ-
ദേവഗണത്തെ പുണരുന്ന ഭാഗ്യമേ,
നിന്നെക്കൊതിച്ചല്ല! നിന്നെക്കൊതിച്ചല്ല!
മന്നിൻമകളിവൾ കേഴുന്നതീവിധം!
സ്നേഹമുടലെടുത്തെൻമുന്നിൽമിന്നിയ
മോഹനരൂപമേ, യെങ്ങുനീ? യെങ്ങുനീ?
നീവന്നു, നീവന്നു, നിൻവിരഹത്തിനാൽ
നീറിപ്പിടയുന്നു നിൻലയധേമിയ!........."

സമാധാനസംരംഭം

(കെ. സി. പിള്ള—ശാന്തിനികേതൻ)

ലോകത്തിലുള്ള സമാധാനകാംക്ഷികളായ മഹാന്മാരുടെ ഒരു സമ്മേളനം ഇക്കൊല്ലം അവസാനം ശാന്തിനികേതനത്തിൽവച്ചു കൂടുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരികയാണു്. പ്രസ്തുത സമ്മേളനം ഗാന്ധിജിയുടെ അദ്ധ്യക്ഷതയിലും നേതൃത്വത്തിലും മഹാകവി ടാഗോറിന്റെ പ്രശാന്തമായ ആശ്രമപരിസരങ്ങളിൽവച്ചു നടത്തണമെന്നായിരുന്നു ഭാരവാഹികളുടെ ആഗ്രഹം. എന്നാൽമഹാത്മജിയുടെഅപ്രതീക്ഷിതമായ അന്തർദ്ധാനം സമ്മേളനഭാരവാഹികളെ ഒട്ടേറെ നിരാശപ്പെടുത്തി. എങ്കിലും അക്രമത്തിലും ആററംബോംബിലും അനുനിമിഷം അധഃപതിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസമുദായത്തെ അത്യഗാധമായ ആ നാശഗർത്തത്തിൽനിന്നും വീണ്ടെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതിനു മഹാത്മജിയുടെ ആദർശങ്ങൾ എത്രത്തോളം പ്രയോജനപ്പെടുമെന്നു പരീക്ഷിക്കാൻ അവർ നിശ്ചയിച്ചു. ആ ഉദ്ദേശത്തോടുകൂടി ലോകസമാധാനം അഭിലഷിക്കുന്ന ജനനേതാക്കന്മാരുടെ ഒരു സമ്മേളനം അഹിംസയുടേയും അക്രമരാഹിത്യത്തിന്റേയും പ്രവാചകനായ മഹാത്മാഗാന്ധിയുടെ ജന്മഭൂമിയിൽ വച്ചുതന്നെ നടത്തുന്നതിനു് ഇപ്പോൾ തീർച്ചപ്പെടുത്തിയിരിക്കുന്നു. അതിലേക്കുവേണ്ടി രൂപവല്ക്കരിച്ചിരിക്കുന്ന കമ്മിററിയുടെ അദ്ധ്യക്ഷൻ ശ്രീ: രാജേന്ദ്രപ്രസാദാണു്. ഡാ: സക്കീർ ഹുസൈൻ, രവീന്ദ്രനാഥടാഗോറിന്റെ പുത്രൻ രതീന്ദ്രനാഥടാഗോർ, ഡാ: രാധാകൃഷ്ണൻ, രാജകുമാരി അമൃതകൗർ ഇവരാണു് കമ്മിററിയുടെ ഉപാദ്ധ്യക്ഷപദം അലങ്കരിക്കുന്ന മററുചിലർ. ഇംഗ്ലണ്ടിലെ ഒരു പ്രധാന പൊതുക്കാര്യപ്രവർത്തകനായ ഹോറസ്സ് അലക്സാണ്ടർ ഈ സമ്മേളനം സംബന്ധിച്ചുള്ള ഒരുക്കങ്ങൾക്കുവേണ്ടി ലോകത്തിന്റെ പല ഭാഗങ്ങളിലും സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്. യൂറോപ്പിലും ഏഷ്യയിലുമുള്ള മിക്ക രാജ്യങ്ങളുടേയും പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ലോകത്തു സമാധാനം നിലനിറുത്തുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങിയതു് ഇന്നും ഇന്നലേയുമല്ല. മനുഷ്യസമുദായം മൃഗീയതയിൽനിന്നുമുയർന്നു. പരിഷ്കൃതദശയിൽ പ്രവേശിച്ചകാലംമുതൽ ഇവിടെ ശാന്തിയും സമാധാനവും കൈവരുത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ടു്. എല്ലാക്കാലത്തും ആദർശവാദികളായ ഒരുക്കൂട്ടം ജനങ്ങൾ വിശിഷ്ടങ്ങളായ ആദർശങ്ങളുടെ പുറകേ ഓടിനടന്നുകൊണ്ടിരിക്കുന്നു. അലക്സാണ്ടർ, നെപ്പോളിയൻ തുടങ്ങിയ മഹാന്മാർ സൈന്യം കൊണ്ടു ലോകംമുഴുവൻ കീഴടക്കി സമാധാനം സ്ഥാപിച്ചുകളയാമെന്നു വ്യാമോഹിച്ചു. അശോകനെപ്പോലുള്ള ചക്രവർത്തിമാർ സ്നേഹംകൊണ്ടും കാരുണ്യംകൊണ്ടും സമാധാനം സൃഷ്ടിക്കുവാൻ പരിശ്രമിച്ചു. അലക്സാണ്ടറും, സീസറും, നെപ്പോളിയനും സേനാബലംകൊണ്ടു പിടിച്ചെടുത്ത രാജ്യങ്ങളെ സേനാബലംകൊണ്ടുതന്നെ വച്ചുപുലർത്തുന്നതിനു പ്രയത്നിച്ചു. അശോകനാകട്ടെ സത്യത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശങ്ങൾ പ്രചരിപ്പിച്ചു ലോകത്തു സമാധാനം നിലനിറുത്തുന്നതിനാണു പരിശ്രമിച്ചതു്.

യൂറോപ്പിലെ ചില ക്രിസ്ത്യൻപുരോഹിതന്മാരും ലോകസമാധാനം പുലർത്തുന്നതിനുള്ള സംഘങ്ങൾ സ്ഥാപിക്കുകയുണ്ടായി.

പക്ഷേ അവരുടെ സമാധാനശ്രമങ്ങൾ ക്രിസ്തുമതത്തിൻെറ പ്രചരണത്തിൽ മാത്രമാണു് പര്യവസാനിച്ചതു്. മനുഷ്യസമുദായത്തെ മുഴുവൻ പരിപൂർണ്ണമായി നിയന്ത്രിക്കുന്ന ഒരു കേന്ദ്രശക്തി ഉണ്ടായിരിക്കണമെന്നും അതിൻെറ നിയന്ത്രണത്തിനു സകലരും വശപ്പെട്ടു കഴിയണമെന്നുമാണു പുരോഹിതവിശ്വാസം. ആ വിശ്വാസത്തിൻെറ ഫലമായിരുന്നു റോമൻസാമ്രാജ്യം.

റോമൻസാമ്രാജ്യത്തിൻെറ അധഃപതനത്തോടുകൂടി ആ അഭിപ്രായഗതി ഒന്നു പാടേ മാറി. സ്വതന്ത്രരാഷ്ട്രങ്ങളുടെ സംഘടനയാണു് സമാധാനം സ്ഥാപിക്കുന്നതിനുള്ള ഉത്തമമാർഗ്ഗമെന്നു പിന്നീടു് അവർ കണ്ടുപിടിച്ചു. പതിനാലാംനൂററാണ്ടിൻെറ ആരംഭകാലത്തുതന്നെ രാജ്യങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും വഴക്കുകളും പറഞ്ഞുതീർക്കുന്നതിനു് ഒരു സർവ്വരാജ്യകോടതി ഉണ്ടാകണമെന്ന അഭിപ്രായമുണ്ടായി. ൧൭൧൦-ൽ ജാൺബെല്ലേർസ് എന്ന ഒരു ഇംഗ്ലീഷുകാരൻ യൂറോപ്യൻരാഷ്ട്രങ്ങളുടെ ഒരു സംഘടനയുണ്ടാക്കുന്നതിനു പരിശ്രമിച്ചു. ജർമ്മൻതത്വശാസ്ത്രജ്ഞനായ ക്യാൻറും സർവ്വരാഷ്ട്രസംഘടനയുടെ ഒരു നിയമാവലി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

മേൽപറഞ്ഞ അഭിപ്രായങ്ങളെല്ലാം ഏതാനും സാഹിത്യകാരന്മാരുടേയും ആദർശവാദികളുടേയും വകയായിരുന്നതിനാൽ പ്രായോഗികരാജ്യതന്ത്രത്തിൽ അവയ്ക്കു വലിയ സ്ഥാനം ലഭിച്ചിരുന്നില്ല. എന്നാൽ പതിനേഴാംശതകത്തിൻെറ ആരംഭത്തോടുകൂടി ഭരണകർത്താക്കളും അക്കാര്യത്തിൽ ശ്രദ്ധിച്ചുതുടങ്ങി. വാട്ടർലൂ യുദ്ധം കഴിഞ്ഞ ഉടൻ റഷ്യ, ആസ്ത്രിയ തുടങ്ങിയ ഏതാനും രാജ്യങ്ങൾചേർന്നു് ഒരു സംഘടനയുണ്ടാക്കി. ൧൮൯൯-ൽ റഷ്യയുടെ ക്ഷണപ്രകാരം യൂറോപ്യൻരാജ്യങ്ങളുടെ ഒരു പ്രതിനിധിസമ്മേളനം ഹേഗിൽവച്ചു കൂടുകയുണ്ടായി. ആയുധസജ്ജീകരണങ്ങളുടെ നിയന്ത്രണമായിരുന്നു ആ സമ്മേളനത്തിൻെറ പ്രധാന ഉദ്ദേശം. സ്ഥിരമായ ഒരു "ഒത്തുതീർപ്പു കോടതി" സൃഷ്ടിക്കുന്നതിനും അതിനുവേണ്ടുന്ന നിയമങ്ങൾ എഴുതിയുണ്ടാക്കുന്നതിനുമായി ൧൯൦൭-ൽ വീണ്ടും അവർ ഹേഗിൽ സമ്മേളിച്ചു. അന്നു് നാല്പതിൽപരം രാജ്യങ്ങളുടെ പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. എന്നാൽ ആ സംരംഭങ്ങളുടെ നിരന്തരമായ പ്രവർത്തനങ്ങൾക്കു് ൧൯൧൪-ൽ ആരംഭിച്ച ലോകമഹായുദ്ധം പ്രതിബന്ധമുണ്ടാക്കി.

ഇൻഡ്യയും ലോകസമാധാനവുമായുള്ള ബന്ധത്തിനു് ഏകദേശം അരശതാബ്ദക്കാലത്തെ പഴക്കമുണ്ടു്. മഹായുദ്ധത്തിനു മുൻപായി ഇൻഡ്യയിൽ ഒരു സർവ്വലോകസമ്മേളനം വിളിച്ചുകൂട്ടുന്നതിനുള്ള ഒരുക്കങ്ങൾ നടന്നുവരികയായിരുന്നു. അമേരിക്കയിലെ ഡാ: സൻഡർലണ്ടായിരുന്നു ആ സംരംഭത്തിൻെറ പ്രധാനപ്രവർത്തകൻ. അദ്ദേഹം ഈ ഉദ്ദേശത്തോടുകൂടി ലോകത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചു് ജനപ്രതിനിധികളുമായി ആലോചനകൾ നടത്തി. റൊമൈൻറോളൻഡു്, ഐൻസ്റ്റിൻ, റസ്സൽ, ഷാ തുടങ്ങിയ പാശ്ചാത്യചിന്തകന്മാർ അതിൽ പ്രധാനമായ പങ്കു നിർവ്വഹിച്ചിരുന്നു. ഇൻഡ്യയുടെ ചുമതല രവീന്ദ്രനാഥടാഗൂറും മാഡേൺറിവ്യൂപത്രാധിപരായിരുന്ന ശ്രീ: രാമാനന്ദചാററർജിയുമാണു് വഹിച്ചിരുന്നതു്. ഇങ്ങനെ അതിവിപുലമായതോതിൽ ഏഷ്യയിലും യൂറോപ്പിലുമുള്ള മിക്ക രാജ്യങ്ങളുടേയും പ്രതിനിധികൾ അടങ്ങിയ ഒരു മഹാസമ്മേളനം കൂടുന്നതിനുള്ള സന്നാഹങ്ങൾ ഒരുക്കിക്കഴിഞ്ഞപ്പോഴാണു് യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. അതോടുകൂടി എല്ലാ പ്രവർത്തനങ്ങളും ഒന്നടങ്കം സ്തംഭിച്ചുപോയി.

യുദ്ധം അവസാനിച്ചശേഷം സമാധാനം നിലനിർത്തുന്നതിനും കൂട്ടക്കൊല അവസാനിപ്പിക്കുന്നതിനുംവേണ്ടി "സർവ്വരാജ്യസഖ്യസഭ" എന്നു ഒരു സംഘടന ഉണ്ടായി. അമേരിക്കൻപ്രസിഡൻറായിരുന്ന വിൽസൻ

ആയിരുന്ന ആ സംഘടനയുടെ ഉത്സാഹി. അതിന്റെ നേതൃത്വത്തിൽ ൧൯൨൦-ൽ ഒരു സാർവ്വലൗകികകോടതിയും അവർ ഏർപ്പെടുത്തി. എന്നാൽ ആ സഖ്യസഭയിൽ പെട്ടിരുന്ന രാഷ്ട്രങ്ങളുടെ സ്വാർത്ഥതയും പരസ്പരാവിശ്വാസവുംനിമിത്തം സർവ്വരാജ്യസഖ്യസഭയ്ക്കു് വിജയപൂർവ്വം പ്രവർത്തിക്കുന്നതിനു സാധിച്ചില്ല. അതിനിടയ്ക്കു ഈമാതിരിയുള്ള സകല സംരംഭങ്ങളേയും നാമാവശേഷമാക്കുമാറു് രണ്ടാംലോകമഹായുദ്ധവും പൊട്ടിപ്പുറപ്പെട്ടു.

സമാധാനസംരംഭങ്ങളുടെ പ്രവർത്തനങ്ങൾ അവിടെ അവസാനിച്ചില്ല. യുദ്ധാവസാനത്തിൽ (൧൯൪൫) വീണ്ടും അവർ ഒരു സംഘടന സ്ഥാപിച്ചു. United Nations Organisation (U. N. O.) എന്നാണു് അതിന്റെ പേരു്. അതിന്റെ ഉദ്ദേശവും ലോകസമാധാനം തന്നെ. ഇൻഡോനേഷ്യാ, ആഫ്രിക്ക, ഇന്ത്യ, പകിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെ ചില പ്രശ്നങ്ങൾക്കു പരിഹാരം നേടുന്നതിനുവേണ്ടി അവ യു. എൻ. ഒ. തീരുമാനത്തിനു സമർപ്പിക്കപ്പെട്ടിട്ടുണ്ടു്. ദൗർഭാഗ്യവശാൽ അവയ്ക്കു് ന്യായമായ പരിഹാരമാർഗ്ഗങ്ങൾ ലഭിച്ചില്ലെന്നു മാത്രമല്ല, ലഭിക്കുമെന്ന പ്രതീക്ഷകളും ഇപ്പോൾ വിദൂരതയിൽ മറഞ്ഞുകൊണ്ടിരിക്കുകയാണു്. ഇന്നു് ആ സംഘടനയിൽപെട്ട രാജ്യങ്ങൾ റഷ്യയുടേയും അമേരിക്കയുടെയും നേതൃത്വത്തിൽ രണ്ടു ചേരികളിലായി തിരിഞ്ഞു് ഒരു ബലപരീക്ഷണം നടത്തിത്തുടങ്ങിയിരിക്കുന്നു. ഈ സ്ഥിതിഗതികളിൽ യു. എൻ. ഒ-യിൽ നിന്നും പ്രയോജനകരമായ ഫലങ്ങൾ അധികമൊന്നും നമുക്കു പ്രതീക്ഷിക്കേണ്ടതില്ല.

ഈ അവസരത്തിൽ ഈയിടെ പാരീസിൽ വച്ചു കൂടിയ ലോകസമാധാനസമ്മേളനവും നമ്മുടെ ഓർമ്മയിൽ വരുന്നു. ലോകത്തിന്റെ നാനാഭാഗത്തുമുള്ള ശാസ്ത്രജ്ഞന്മാരും സാഹിത്യകാരന്മാരും കലാകാരന്മാരുമായ നേതാക്കന്മാർ അവിടെ സമ്മേളിച്ചു. ലോകത്തു് ശാശ്വതസമാധാനം നിലനിറുത്തുന്നതിനുള്ള ഉപായങ്ങളെപ്പററി ആലോചിക്കുന്നതിനായിരുന്നു സമ്മേളനം വിളിച്ചുകൂട്ടിയതു്. സമ്മേളനത്തിലെ തീരുമാനങ്ങൾ അവരവർ പ്രാതിനിധ്യംവഹിക്കുന്ന രാജ്യങ്ങളെക്കൊണ്ടു് നടപ്പിൽവരുത്തിക്കുന്നതിനുള്ള പ്രതീക്ഷകളോടുകൂടി പ്രതിനിധികൾ പിരിഞ്ഞു.

ഇത്ര വിസ്തൃതവും ദൃഢവുമായ ഒരു പശ്ചാത്തലത്തിലാണു് ഇനിയൊരു സമാധാനസമ്മേളനം ശാന്തിനികേതനത്തിൽ വച്ചു നടത്താൻ ആരംഭിച്ചിരിക്കുന്നതു്. ലോകത്തു സമാധാനം കൈവരണമെങ്കിൽ അതു് അഹങ്കാരികളും സാമ്രാജ്യദുർമ്മോഹികളുമായ ഭരണാധികാരികളെക്കൊണ്ടു സാധിക്കുകയില്ല. നേരേമറിച്ചു് ഗാന്ധിജിയെപ്പോലെ മനുഷ്യസമുദായത്തെ ഒന്നടങ്കം സ്നേഹിക്കുന്ന മഹാത്മാക്കൾക്കും അവരുടെ ആദർശങ്ങൾക്കും മാത്രമേ ലോകത്തു സമാധാനം സംസ്ഥാപിക്കുവാൻ സാദ്ധ്യമാകൂ. അതുകൊണ്ടാണു് മററുള്ള മാർഗ്ഗങ്ങളെല്ലാം പരാജയപ്പെട്ടതിനുശേഷം ഗാന്ധിജിയുടെ രാഷ്ട്രീയാദർശങ്ങളുടെ തണലിൽ വിശ്രമം കൊള്ളുന്നതിനു് ജനനേതാക്കന്മാർ ആഗ്രഹിക്കുന്നതു്. നമ്മുടെ ഭാഗ്യവിശേഷംകൊണ്ടു് ഇന്നു് ഭാരതഭൂമിയുടെ ഭരണസാരഥ്യം വഹിക്കുന്നതു് രാഷ്ട്രീയവും സാമുദായികവും ആയ എല്ലാ കാര്യങ്ങളിലും സാർവ്വലൗകികമായ വീക്ഷണഗതികളുള്ള ഒരു മഹാപുരുഷനാണു്. അദ്ദേഹത്തിന്റെ പ്രോത്സാഹനത്തിലും, രാജേന്ദ്രപ്രസാദിന്റെ നേതൃത്വത്തിലും ആരംഭിച്ചിരിക്കുന്ന ഈ സമ്മേളനം ഇതുവരെ നടന്ന സമ്മേളനങ്ങളെപ്പോലെ ശക്തിഹീനമായി പരിണമിക്കാതെ ശാശ്വതമായ ശാന്തിയും സമാധാനവും ലോകത്തിനു് പ്രദാനംചെയ്യുമെന്നു് നമുക്കു പ്രതീക്ഷിക്കാം. അതിലേയ്ക്കു് ദിവംഗതരായ ആ രണ്ടു ദിവ്യാത്മാക്കളുടെ—ഗാന്ധിജിയും ടാഗോറും—അനുഗ്രഹങ്ങൾ ലഭിക്കാമെങ്കിൽ ലഭിക്കുമാറാകട്ടെ!

ചതുർമാനലോകം — ഒരു കത്ത്

ശ്രീ; മൂക്കോത്ത് എം. കുഞ്ഞപ്പ, കൽക്കട്ട

പ്രിയ പത്രാധിപരെ,

നിങ്ങളുടെ വിലയേറിയ മാസികയുടെ മാർച്ച്മാസത്തെ ലക്കത്തിൽ ശ്രീയുത്: ജി. ശങ്കരപ്പിള്ള എം. എ. എൽ. ററി. എഴുതിയ "ചതുർമാനലോകം" എന്ന ലേഖനം കണ്ടപ്പോൾത്തന്നെ, ഇതൊന്നുവായിക്കണമല്ലൊ എന്ന് തോന്നി. അതിഗഹനമായ മേൽപറഞ്ഞ വിഷയത്തെ തുലോം ദുർബ്ബലമായ മലയാളഭാഷയിൽ, എങ്ങനെയാണുപോലും ഇദ്ദേഹം എഴുതിയത് എന്നറിയുവാൻ ഞാൻ അക്ഷമനായി. ലേഖനം മുഴുവനും വളരെ ശ്രദ്ധയോടെ വായിച്ചു. സത്യമല്ലെ പറയേണ്ടതു്? അസ്സലായിട്ടുണ്ടു്. ഇംഗ്ലീഷറിയാത്ത ഒരു വ്യക്തിക്കു്, സാമാന്യം ബുദ്ധിയുള്ള ഒരു വ്യക്തിയുടെ കാര്യമാണേ പറയുന്നതു്,— അങ്ങനെയുള്ള ഒരു വ്യക്തിക്കു് എളുപ്പം കാര്യം മനസ്സിലാവുന്ന രീതിയിലാണു് എഴുതീട്ടുള്ളതെന്നു് എനിക്കു തോന്നി. അങ്ങനെയുള്ള ഒരു സങ്കല്പവ്യക്തിയെ എൻെറ മനസ്സിൽ മുൻനിൎത്തിക്കൊണ്ടാണു് ഞാനീലേഖനം വായിച്ചതും. ലേഖനം ഗഹനമാവേണമെങ്കിൽ, വായിക്കാൻ അശേഷം രസമുണ്ടായിരിക്കരുതു്—എന്നാണു് ചില മലയാളലേഖകരുടെ മതം. ഭാഗ്യവശാൽ മി: പിള്ളയുടെ മതം വേറെയാണു്. അദ്ദേഹം "ചതുർമാനലോകം" വളരെ ചതുരതയോടും കൂടിത്തന്നെയാണു് എഴുതീട്ടുള്ളതു്. അതുകൊണ്ടു്, അദ്ദേഹത്തെ ആത്മാർത്ഥതയോടുംകൂടി അഭിനന്ദിക്കുന്നതിനോടൊപ്പം ഒരപേക്ഷയുംകൂടിയുണ്ടു്.

"ചതുൎത്ഥപരിണാമം കാലമാണെന്നുള്ള പാശ്ചാത്യവാദത്തെപ്പററി ഒരു വാക്കു" മാത്രം പറഞ്ഞു വിരമിച്ചുകളയാൻ ഞങ്ങൾ സമ്മതിക്കയില്ല. അദ്ദേഹം ഈ ലേഖനത്തിൽ പ്രദർശിപ്പിച്ച അനന്യസാധാരണമായ പാടവത്തോടുംകൂടി ആ "കാലപരിമാണ"ത്തേയും ഒന്നു ദയവുചെയ്തു ഇംഗ്ലീഷറിയാത്ത മലയാളികൾക്കു വിശദമാക്കിക്കൊടുക്കണം. പ്രത്യേകിച്ചും "ഡന്നിൻെറ കാലവാദം."— (Dunn's theory of time) ഒരു ദിക്കിൽ മി: പിള്ള അതിൻെറ വളരെയടുത്തോളമെത്തി, മാറിക്കളഞ്ഞു.

ഇതു നോക്കൂ:—

"നീളവും വീതിയും പൊക്കവും പരസ്പരം ലംബമായതുപോലെ, ചതുർത്ഥപരിണാമമാകുന്ന ഈ അന്തർമുഖപന്ഥാവു്, ഈ മൂന്നു ദിക്കുകളോടും ലംബമായിരിക്കുമെന്നു് ഊഹിക്കുന്നതിൽ പിശകുണ്ടോ എന്നും ശാസ്ത്രജ്ഞന്മാർ പൎയ്യാലോചിക്കേണ്ടതാണു്" എന്നു മി: പിള്ള പറയുന്നു. അതെ, പൎയ്യാലോചിക്കേണ്ടതാണു്. അങ്ങനെ പൎയ്യാലോചിച്ച ഒരു വിദ്വാനാണു് ഡൺ (Dunn). അയാളുടെ വാദമാണു് കാലമാകുന്നപരിമാണം മററു മൂന്നു പരസ്പരലംബങ്ങളായ പരിമാണങ്ങൾക്കു ലംബമായി സ്ഥിതിചെയ്യുന്നുവെന്നു്. അതു് എങ്ങനെയാണെന്നു മലയാളത്തിൽ വിവരിക്കാൻ മി: പിള്ളയുടെ പേന ഞാൻ കടം മേടിക്ക

ണം. ഇത്ര ദൂരത്തുനിന്നു് അതു സാദ്ധ്യമല്ലാത്തസ്ഥിതിയ്ക്കു്, അല്പമൊന്നു സൂചിപ്പിക്കാം. വിവരമായെഴുതുന്നില്ല. മി: പിള്ളതന്നെ ചെയ്യട്ടെ.

ഒരു ബിന്ദു, മറ്റൊന്നിനോടുചേൎന്നു, അതു മറ്റൊന്നിനോടുചേൎന്നു, അങ്ങിനെ അത്യന്തസൂക്ഷ്മങ്ങളായ അനവധി ബിന്ദുക്കൾ ഒന്നിന്നു ലംബമായിമറ്റൊന്നായിചേൎന്നാൽ ഒരുരേഖയായി. ബിന്ദുവിന്നു പരിമാണമില്ല. രേഖക്കു പരിമാണമുണ്ടു്—ഒന്നു്. ഈ ഒരൊററ പരിമാണമുള്ള രേഖകൾ നിരവധി ഒന്നിനോടൊന്നുചേൎന്നു സമാന്തരമായി സ്ഥിതിചെയ്താൽ ഒരു ചതുരംകിട്ടും. ചതുരത്തിനുള്ള പരിമാണം രണ്ടു്. മറെറാരു വിധത്തിൽ നോക്കിയാൽ ഒരു ഒററ പരിമാണമുള്ള രേഖ, അതിൻെറ കിടപ്പിന്നു് ലംബമായി സഞ്ചരിച്ചാൽ രണ്ടു പരിമാണമുള്ള ഒരു വസ്തുവായി. ചതുരം, അതിന്നുതന്നെ ലംബമായി മേല്പോട്ടു സഞ്ചരിച്ചാലൊ? നീളം, വീതി, പൊക്കം—എന്നിവയുള്ള ഒരു ത്രിമാനവസ്തുവായി. ഈ തൎക്കനിയമത്തെ ഒരു പടികൂടി നീട്ടിക്കൊണ്ടുപോയാൽ എന്തുകിട്ടുന്നു? ത്രിമാനവസ്തു, അതിന്നുതന്നെ ലംബമായി സഞ്ചരിച്ചാൽ ലഭ്യമാകുന്നതാണു് ചതുർമാനവസ്തുവെന്നുള്ളവാദം; അല്ലെ? അതു വാദമായിത്തന്നെയിരിക്കുന്നതെയുള്ളുവെന്നു വിചാരിക്കാം. അതു കാലത്തിൽ യഥാൎത്ഥമായിത്തീരുന്നുവെന്നും കരുതാം. ഉദാഹരണമായി എന്നെത്തന്നെ എടുത്തോളു. ഞാൻ പൊക്കവും തടിയും ഇല്ലാത്ത ഒരാളാണെങ്കിലും, ക്ഷേത്രഗണിതത്തെ സംബന്ധിച്ചേടത്തോളം എനിക്കു നീളവും, വീതിയും പൊക്കവും ഉണ്ടു്. ഈ എഴുത്തെഴുതാൻ തുടങ്ങിയപ്പോളുള്ള ഞാൻ, കാലമാകുന്ന പരിമാണത്തിൽക്കൂടി, എനിക്കുതന്നെ ലംബമായി സഞ്ചരിക്കുകയായിരുന്നില്ലെ ചെയ്തതു്? ഓരോനിമിഷത്തിലും ഓരോ കുഞ്ഞപ്പ, മുമ്പിലത്തെനിമിഷത്തിലെ കുഞ്ഞപ്പയോടുചേൎന്നു, വരാൻപോകുന്ന അടുത്തനിമിഷത്തിലെ കുഞ്ഞപ്പയിലേക്കു പകരുന്നു. അങ്ങനെയുള്ളതാണു് ലോകത്തിലുള്ള സൎവ്വവസ്തുവും, അതായതു് ഒരു സാധനത്തെ നാം കാണുവാൻ ക്ഷണമാത്രമല്ലയെടുക്കുന്നതു്; രണ്ടുമൂന്നു മാത്രമുതൽ മണിക്കൂർവരെ കണ്ടുകൊണ്ടേയിരിക്കുന്നു, ആ മണിക്കൂറിൽ, അതായതു കാലത്തിൽ കാണുന്നതു് ചതുർമാനമുള്ള വസ്തുവെമാത്രമേ ആകുവാൻ തരമുള്ളുവത്രെ. ഇതിനെ വിസ്തരിച്ചും, ഇതിൽനിന്നു ഭാവിയെപ്പററിയും, ത്രികാലജ്ഞാനത്തെപ്പററിയും, വിധിയെപ്പററിയും, വിധിയലംഘ്യമാണോ എന്നുള്ളതിനെപ്പററിയും മററും ഡൺ എഴുതിയതും മററുപലതും മി. പിള്ള വിവരിക്കണം എന്നുള്ളതാണു് എനിക്കുള്ള അപേക്ഷ.

പ്രാണായാമം ശീലിച്ച സിദ്ധന്മാൎക്കു പല അത്ഭുതകാൎയ്യങ്ങളും സാധിക്കാനിടയുണ്ടെന്നു് ഊഹിക്കാൻ എളുപ്പമാണു്. ഒരു കല്ലു്, ഒരു ചെടി—ഇവതമ്മിലെന്താണു വ്യത്യാസം. കല്ലു വളരുന്നില്ല, ചെടി വളരുന്നുണ്ടു്—എന്നതാണു് പ്രഥമദൃഷ്ടിയിൽ തോന്നുക. വളരെ യുഗങ്ങൾവെച്ചുളന്നു നോക്കിയാൽ കല്ലും വളരും എന്നൊരു സിദ്ധാന്തമിരിക്കട്ടെ. ഏതായാലും ചെടി വളരുമ്പോലെ വളരുന്നില്ല, തീൎച്ചതന്നെ. ചെടിയിൽ പ്രാണൻ കുറേക്കൂടി പ്രബലമായി പ്രവൎത്തിക്കുന്നു. അതിലും പ്രാബല്യം പ്രാണനു വരുമ്പോഴാണു് മൃഗാദിജന്തുക്കളായി, ഒരുദിക്കിൽനിന്നു മറെറാരുദിക്കിലേക്കു സഞ്ചരിക്കാൻ കഴിയുന്നതു്. രണ്ടുപേൎക്കു് ഒരേകസാലയിൽ ഇരിക്കാൻ കഴിയുമോ? ("ലവർസി"ൻെറ കാൎയ്യമല്ല പറയുന്നതു്; സാധാരണക്കാരുടെ കാൎയ്യമാണു്)—ഇല്ല. പക്ഷേ രണ്ടുപേൎക്കു ഒരേകസാലയെ ഒരേ സമയത്തു നോക്കുവാൻ കഴിയും. ശരീരത്തിനു സഞ്ചരിക്കാൻ കഴിയാത്ത ദൂരത്തും വേഗത്തിലും, മനസ്സിനു സഞ്ചരിക്കുവാൻ കഴിയും. കാലത്തിൽക്കൂടി പിന്നോക്കം

പോവാൻ എന്റെ ശരീരത്തിനു കഴിയുകയില്ലെങ്കിലും മനസ്സിനു കഴിയും. ഇങ്ങനെ നാം നിത്യം കാണുന്ന പലതും ആലോചിച്ചാൽ ബഹുരസകരമായ ഒരു തത്വം ഗ്രഹിക്കാവുന്നതാണു്: പ്രാണനു പ്രാബല്യം കൂടുംതോറും ഭൗതികവസ്തുക്കൾക്കുള്ള ദൗർബ്ബല്യത്തെ ജയിച്ചു, പ്രകൃതിവിരുദ്ധമായിത്തോന്നുന്ന പലതും സാധിക്കുന്നു. ഒരു ഒന്നുരണ്ടു തൻഘനമുള്ള സാധനങ്ങൾ നിലത്തുനിന്നു് ഉയരത്തിൽ യാതൊരാലംബവുമില്ലാതെ തൂങ്ങിനിർത്തിയതാണു്, ഒരു മരത്തിന്റെ കൊമ്പുകൾ. കല്ലും മണ്ണും വെള്ളവും, സൂര്യപ്രകാശവും കൂട്ടിയിണക്കി, മരമാക്കിത്തീർക്കുകയാണു് മരം ചെയ്യുന്നതു്. മരത്തെയോ പോട്ടെ ചെടിയേയോ, മനുഷ്യൻ ഭക്ഷിച്ചു, മനുഷ്യനാക്കി ലയിപ്പിച്ചു തന്നിൽ ചേർക്കുന്നു. ഏതുസാധനവും കിടന്നനിലയിൽത്തന്നെ കിടക്കും എന്നുള്ള പ്രകൃതിനിയമത്തെ ജന്തുക്കൾ പ്രാണന്റെ സഹായത്തോടുകൂടി അതിലംഘിക്കുന്നു. മനസ്സിന്നു് അതിലുമധികം സാധിക്കുന്നവയെണ്ണിനോക്കിയാൽ ആർക്കും ഗ്രഹിക്കാൻ കഴിയും. പ്രാണനെ കീഴടക്കിയാൽ പിന്നെയെന്താണു് സാദ്ധ്യമല്ലാത്തതു്? വാദപരമായി മാത്രം പറഞ്ഞാൽ ഒന്നുംതന്നെയില്ല. യഥാർത്ഥത്തിലാവുമ്പോഴാണു് കുഴപ്പം. പ്രാണനെ കീഴടക്കുകയെന്നൊക്കെ പറയാൻ മാത്രമാണു് എളുപ്പം.

യമികൾക്കു അസാദ്ധ്യമായി യാതൊന്നും ഇല്ല, എന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ പുരാണങ്ങളിൽ എഴുതിവിട്ടതൊക്കെ ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ശ്രീനാരായണഗുരുസ്വാമികൾചെയ്ത ചില അത്ഭുതകൃത്യങ്ങൾക്കു ഞാൻ ഒരു ദൃക്സാക്ഷിയാണു്. എന്നിരുന്നാലും സ്വാമികളെപ്പററി പറഞ്ഞു പരത്താറുള്ളവയിൽ സൊള്ളും കുറെയുണ്ടു്. അവയെപ്പററി കേൾക്കുമ്പോൾ സ്വാമികൾ തന്നെയും ചിരിക്കാറുണ്ടായിരുന്നു. നമ്മുടെയിടയിൽ ജീവിച്ച ഒരു യോഗിയെപ്പററി ഈ ഇരുപതാംനൂററാണ്ടിൽ ഇങ്ങനെ പറഞ്ഞുണ്ടാക്കാമെങ്കിൽ, പണ്ടെങ്ങാനും ജീവിച്ചിരുന്നവരെപ്പററിയുള്ള കഥകളിൽ എന്തൊക്കെയാണു് വാസ്തവമെന്നാരറിഞ്ഞു? നവീനമായി കണ്ടുപിടിച്ച പ്രകൃതിതത്വങ്ങളെ ആസ്പദമാക്കി, പുരാണത്തിലെ കെട്ടുകഥകളെ ചിലപ്പോൾ വ്യാഖ്യാനിക്കാൻ കഴിയും. അങ്ങനെ ചെയ്യുവാനുള്ള ഉത്സാഹം കുറച്ചു ജാസ്തിയായിപ്പോകുന്നുണ്ടു്. അന്ധവിശ്വാസങ്ങൾ മറെറാരുവഴിക്കുകൂടി മനസ്സിൽ കയറിവരുന്നതാണു് അതു്. അല്പം സൂക്ഷിച്ചാൽ നന്നു്.

പ്രാണൻ പ്രകൃതിനിയമങ്ങളെ അതിലംഘിക്കുന്ന സംഗതികളിൽ, അതു് അതിലംഘിക്കുന്ന നിയമങ്ങളെത്തന്നെ അനുസരിച്ചുംകൊണ്ടുമാത്രമാണു് അതിലംഘനം സാധിക്കുന്നതു് എന്നും ആലോചിക്കണം. നാം എഴുന്നേററു നടക്കുന്നതു് ജഡവസ്തുക്കൾ അനുസരിക്കേണ്ടുന്ന നിയമങ്ങൾക്കെതിരാണല്ലോ. നമ്മുടെ ഓരോ കാൽവെയ്പിലും നാം ആ നിയമങ്ങളെ അനുസരിക്കണം; അല്ലെങ്കിൽ മലർന്നടിച്ചു നിലത്തുകിടക്കും. അതാണു് മറെറാരു രഹസ്യം.

പ്രകൃതിനിയമത്തെ അതിലംഘിക്കുന്നുവെന്നു ഞാൻ പറഞ്ഞതു് തെററാണു്. ഭൗതികവും, ആത്മീയവുമായ ലോകങ്ങൾക്കു് പ്രത്യേകം പ്രത്യേകം നിയമങ്ങളുണ്ടു്. ഓരോ ലോകത്തും അതാതു നിയമങ്ങളെ പ്രാണൻ അനുസരിക്കുന്നു.

ഇങ്ങനെ പലതും ഇവിടെ സൂചിപ്പിക്കാൻ മാത്രം സാധിച്ച പലതിനെപ്പററിയും ടാഗോറിൽ പരമ്പരയായി ലേഖനങ്ങൾ കാണുമെന്നു വിശ്വസിക്കുന്നു.

എന്നു്, സ്വന്തം

മൂർക്കോത്തു കുഞ്ഞപ്പ.

"ഞാൻ വിട്ടയയ്ക്കയില്ല"

(ടാഗോർ)

വിവർത്തകൻ, എൻ. ബാപ്പുറാവു ബി. എ, ബി. എൽ.

വണ്ടി പടിക്കൽ കാത്തുനില്ക്കുന്നു. നേരം ഉച്ചയായി. ശരൽക്കാലവെയിലിൻെറ ചൂട് ഏറിയേറിക്കൊണ്ടിരിക്കുന്നു. ആളൊഴിഞ്ഞ ഗ്രാമപാതയിൽ ഉച്ചക്കാററ് പൊടി കിളത്തിപ്പറപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു ഭിക്ഷക്കാരി വയസ്സി തലൻ വശം കെട്ട പേരാലിൻചുവട്ടിലെ തണലിൽ കീറത്തുണികൾ വിരിച്ചു ഒന്നുറങ്ങാൻ തുടങ്ങിയിരിക്കുന്നു. എങ്ങോട്ടു നോക്കിയാലും വെയിൽ നിറഞ്ഞ രാത്രി. മനുഷ്യൻെറ അനക്കമില്ല. ശബ്ദമില്ല. ജീവികളുള്ള ലക്ഷണമില്ല. എൻെറ വീട്ടിൽമാത്രം വിശ്രമവുമില്ല, ഉറക്കവുമില്ല—ലേശംപോലും.

II

ആശ്വിനമാസം കഴിഞ്ഞു. ശരൽക്കാലത്തെ ഒഴിവുദിവസങ്ങൾ അവസാനിച്ചു. അകലെയുള്ള ജോലിസ്ഥലത്തേക്ക് എനിക്ക് മടങ്ങിച്ചെല്ലണം. സാധനങ്ങൾ ഒതുക്കിക്കെട്ടുന്നതിനു ചരടും വള്ളിയുമായി ഭൃത്യജനങ്ങൾ ഓരോ മുറിയിലുംചെന്നു കൂട്ടുകാരെ വിളിച്ചിറക്കുന്ന ബഹളം. സങ്കടം നിറഞ്ഞ ഹൃദയവും കണ്ണുനീർ തിങ്ങിയ കണ്ണുകളുമായി കഴിയുന്ന എൻെറ ഭാര്യയ്ക്കു തനിച്ചൊരിടത്തിരുന്നു കണ്ണീരൊഴുക്കുവാൻപോലും സാവകാശം കിട്ടുന്നില്ല. എനിക്കു വേണ്ടവയെല്ലാം എടുത്തുവച്ചു കഴിഞ്ഞതായി തീർച്ചവരുത്തുവാൻ അവൾ അങ്ങോട്ടും ഇങ്ങോട്ടും നടന്നുഴലുകയാണ്. സാധനങ്ങൾ കൂനക്കൂടിയാലും അവൾക്കു തൃപ്തിയാകുന്നില്ല. മനസ്സുമുട്ടി ഞാൻ ചോദിക്കയാണ്: "നീയെന്താണീ ഉദ്ദേശിക്കുന്നത്? രാജഭവനത്തിലെപ്പോലെയുള്ള ഈ സാധനങ്ങളെല്ലാംകൊണ്ടു ഞാൻ എന്തുകാണിക്കാനാണ്? ഇത്രയേറെ പാത്രങ്ങളും കലങ്ങളും കിണ്ണങ്ങളും കുപ്പികളും കിടക്കകളും പെട്ടികളും ഒക്കെയെന്തിനു? കുറെ ഇവിടെയിരിക്കട്ടെ. കുറെ ഞാൻ കൊണ്ടുപോകാം."

III

ഞാൻ പറയുന്നതു് ആരും ചെവിക്കൊള്ളുന്നില്ല. "അന്യനാട്ടിൽവച്ചു പെട്ടെന്നു് ഒരാവശ്യം വന്നെന്നിരിക്കട്ടെ. ഇതൊക്കെ അവിടെ എവിടേന്നുകിട്ടാനാണ്. നല്ല സ്വൎണ്ണംപോലത്തെ പരിപ്പ്. ഒന്നാംതരം അരി. അടയ്ക്കാ, വെററില—എല്ലാം വച്ചി

ട്ടുണ്ടു്. നല്ല ശക്കരയുണ്ടയും ആ പാത്രത്തിലടച്ചുവച്ചിട്ടുണ്ടു്. കുറെ നാളികേരം, രണ്ടുകുപ്പി കടുകെണ്ണ, മാങ്ങാക്കളി, മാങ്ങാത്തിര, രണ്ടുസേർ പാലു്, ഈ കുപ്പികൾ നിറയെ മരുന്നു്, പിന്നെ കുറെ പലഹാരവും. വഴിക്കുവച്ചു് ഇതു കഴിക്കാൻ വിട്ടുപോകയില്ലെന്ന വാക്കു പറയണം". യുക്തിവാദംകൊണ്ടു ഫലമില്ലെന്നു് എനിക്കറിയാം. സാധനങ്ങൾ കുന്നിച്ചുകൂടി, ഒരു ചെറുമലയോളമായി. ഞാൻ വാച്ചുനോക്കി. പ്രിയതമമായ ആ മുഖത്തേക്കു നോക്കിക്കൊണ്ടു ഞാൻ മെല്ലെ പറഞ്ഞു: "ഇനി പോകണം" അവൾ മുഖംതിരിച്ചു. വീണ കണ്ണുകളിലെ കണ്ണീർ എന്നെ വിഷമിപ്പിക്കാതിരിക്കാൻ തലമൂടിയിരുന്ന സാരിത്തുമ്പു് അവൾ കീഴോട്ടു വലിച്ചിട്ടു.

IV

നാലുവയസ്സു പ്രായമുള്ള എന്റെ മകൾ വല്ലായ്മപൂണ്ടു് വാതലിനടുത്തിരിക്കയാണു്. മററു ദിവസങ്ങളിൽ ഈ സമയത്തു് അവളുടെ കുളിയും കഴിച്ചു പകുതികഴിച്ച ഭക്ഷണവുമായി അവൾ ഉറങ്ങിക്കഴിഞ്ഞിരിക്കും. ഇന്നു് അവളുടെ അമ്മയ്ക്കു് അവളെ ഗൗനിപ്പാൻ സമയം ലഭിച്ചിട്ടില്ല. പതിവുനേരം കടന്നിട്ടും അവളെ കുളിപ്പിക്കയോ ഊട്ടുകയോ ചെയ്തിട്ടില്ല. ഈ സമയംവരെ അവൾ എന്നെ നിഴലുപോലെ പററിക്കൂടി ഞാൻ ചെയ്യുന്നതെല്ലാം മിണ്ടാതെ ഉററുനോക്കിക്കൊണ്ടു കഴിയുകയായിരുന്നു. ഇപ്പോൾ അവൾ കുഴഞ്ഞ കാലുമായി വാതലിനരികെ അടങ്ങിയിരിക്കയാണു്. അവളുടെ മനസ്സിലെ വിചാരം ആക്കും അറിവില്ല. ഞാൻ അവളോടു പറഞ്ഞു: "എന്റെ കൊച്ചു്, അമ്മേ പോയിവരട്ടെ" സങ്കടം നിറഞ്ഞ കണ്ണുകളും കാര്യഗൗരവംനിറഞ്ഞ മുഖവുമായി അവൾ പറയുകയാണു്: "ഞാൻ വിട്ടയയ്ക്കയില്ല." അവൾ ഇരുന്നിടത്തുതന്നെ ഇരുന്നതേയുള്ളു. എന്നെ പിടിച്ചു തൂങ്ങുകയോ തടയാൻ ശ്രമിക്കുകയോ ഒന്നും ഉണ്ടായില്ല. സ്നേഹത്തിന്റെ ഉറപ്പോടുകൂടി അവൾ ഇങ്ങനെ പറയുക മാത്രമേചെയ്തുള്ളു. "ഞാൻ വിട്ടയയ്ക്കയില്ല" പക്ഷേ പോകേണ്ട സമയമായി. ആഃ, ഞാൻ പോകയും ചെയ്തു.

V

എന്റെ പൊട്ടിപ്പെൺകുഞ്ഞേ, നീയാരു്? "ഞാൻ വിട്ടയയ്ക്കയില്ല" എന്ന ധീരവും ഉദ്ധതവുമായ വാക്കുകൾ പറവാനുള്ള ശക്തി നിനക്കു് എവിടെനിന്നു കിട്ടി? ധാർഷ്ട്യക്കാരിയായ കുഞ്ഞേ, നിന്റെ ചെറിയ കൈകൾകൊണ്ടു് ഈ പാഞ്ഞകലുന്ന ലോകത്തു ആരെയാണു് നിനക്കു തടഞ്ഞുനിത്തുവാൻ കഴിയുന്നതു്? ക്ഷീണിച്ചുതളന്നു് വീട്ടിനുള്ളിലെ വാതില്ക്കലിരുന്നുകൊണ്ടു് ലോകത്തെ ശക്തികളെ സ്നേഹത്തിന്റെമാത്രം ശക്തികൊണ്ടു് എതിത്തുകളയാമെന്നോ? നമ്മുടെ ഹൃദയം സന്താപസമ്പൂർണ്ണംതന്നെ. എന്നി

രുന്നാലും നമുക്കു പറവാൻ കഴിയുന്നതു് ഇതൊന്നുമാത്രം. അധീരമായ ഒരു പ്രത്യാശയുടെ വചനം: "അങ്ങു പോകരുതെന്നാണു് ഞങ്ങളുടെ മനസ്സിൽ." ഞാൻ വിട്ടയയ്ക്കയില്ലെന്നു പറവാൻ ആർക്കുണ്ടു് ധൈര്യം? നിന്റെ ഇളംചുണ്ടുകൾ സ്നേഹത്തിന്റെ പ്രൗഢാവകാശംമൊഴിഞ്ഞു, ലോകം നിന്നെനോക്കി ചിരിച്ചു, എന്നെ വലിച്ചിഴച്ചു് അകററുകയുംചെയ്തു. തോൽവിയടഞ്ഞ കണ്ണുകളുമായി നീ വാതില്ക്കൽ ഇരുന്നു; ചട്ടത്തിനുള്ളിലെ ഒരു വിഷണ്ണചിത്രംപോലെ. ഞാൻ നിന്നെ നോക്കി. നിറഞ്ഞ കണ്ണുകളോടെ വിട്ടുപോരികയും ചെയ്തു.

VI

എനിക്കു് പോകേണ്ട വഴിയെ ഞാൻ നീങ്ങി. പാതയുടെ ഇരുവശത്തും ശരൽക്കാലവയലുകൾ ഞാൻ കണ്ടു. കതിക്കുലകൾ തൂങ്ങി, വെയിൽകാച്ചുന്ന വയലുകൾ. വഴിവക്കത്തു് മരങ്ങൾ നിരന്നങ്ങനെ പരിത്യക്തനിലയിൽ നിൽക്കുന്നു, പകൽ മുഴുക്കെ സ്വന്തം നിഴൽനോക്കിക്കൊണ്ടു്. ഗംഗാനദി തികഞ്ഞശരൽപ്രവാഹത്തോടെ കടലിലേക്കു് പാഞ്ഞുകൊണ്ടിരിക്കുന്നു. വെൺമേഘശകലങ്ങൾ നീലാകാശവിതാനത്തിൽ ശയനംകൊള്ളുന്നു; പെററുവീണ പശുക്കുട്ടികൾ തള്ളയുടെ പാലുംകുടിച്ചു് ഉറങ്ങുന്നതുപോലെ. അനന്തകാലം കടന്നുപോന്നിരിക്കുന്ന പൃഥിവി തിളങ്ങുന്ന വെയിലത്തു് തുറന്നുതെളിഞ്ഞു് പരമവിദൂരമായ ചക്രവാളസീമവരെ പരന്നങ്ങനെ കിടക്കുന്നു. ഭൂമിയുടെ ആ മുഷിപ്പൻപരപ്പിലേക്കു് ഞാൻ ഒന്നുനോക്കി. ഒരു നീണ്ട നിശ്വാസം എന്റെ ഹൃദയത്തിൽനിന്നുയന്നു.

VII

ഭൂമിയും നാകവും ഏതൊരു കഠിനവിഷാദത്താൽ ആവൃതമായിരിക്കുന്നു? ഞാൻ പിന്നിടുന്ന അകലം പെരുകുന്തോറും ഒരൊററ പരിദേവനംതന്നെ ഞാൻ കേൾക്കുന്നു. വിഷാദാത്മകമായ വിലാപം! "ഞാൻ വിട്ടയയ്ക്കയില്ല." ഭൂമിയുടെ ഉപരിതലംമുതൽ ചക്രവാളത്തിന്റെ പരമസീമവരെ ആ അവസാനമില്ലാത്ത രോദനം തന്നെ മുഴങ്ങുന്നു. "ഞാൻ വിട്ടയയ്ക്കയില്ല." ആകാശഭൂമികളുടെ അനന്തമായ പരപ്പിലാകമാനം ആ പ്രാക്തനരോദനം, അത്യഗാധവിലാപം: "ഞാൻ വിട്ടയയ്ക്കയില്ല." എന്നിട്ടും സകല വസ്തുക്കളും വിട്ടുപോകുന്നു. പോകട്ടെ എന്നുവയ്ക്കയും വേണ്ടിയിരിക്കുന്നു. കാലത്തിന്റെ പ്രവാഹം തുടങ്ങിയതുമുതൽക്കുള്ള നിയമമാണിതു്. സൃഷ്ടിയുടെ സരിത്തുകൾ വിനാശത്തിന്റെ സാഗരത്തിലേക്കു് പായുന്നു. താൽപര്യംപൂണ്ട കൈകൾ നാം നീട്ടുന്നു. പ്രത്യാശകൊണ്ടു് നമ്മുടെ കണ്ണുകൾ തിളങ്ങുന്നു. "ഞാൻ വിട്ടയയ്ക്കയില്ല" എന്നു് നാം വിളിക്കൂട്ടുന്നു. എന്നാൽ തടയുവാനാകാത്ത ഒഴുക്കു് സകലതിനെയും അടിച്ചുനീക്കുന്നു. കാലസമുദ്രത്തിന്റെ തീരങ്ങൾ

ദീനരോദനംകൊണ്ടു് നാം വെറുതെ നിറയ്ക്കുന്നു. മുമ്പോട്ടുപായുന്ന തിരകളോടു് പിന്നിലെ തിര പറയുന്നു. "ഞാൻ വിട്ടയയ്ക്കയില്ല" എന്നു്. ആ വിളി ആരും കേൾക്കുന്നില്ല. ആരും കൂട്ടാക്കുന്നുമില്ല.

VIII

എൻെറ കുഞ്ഞുമകളുടെ വാക്കുകളിൽ ബ്രഹ്മാണ്ഡകടാഹത്തിൻെറ ഹൃദയത്തിൽനിന്നു് തിളച്ചുപൊങ്ങുന്ന സന്തപ്തരോദനം മുഴങ്ങി ഞാൻ കേട്ടു. ഏതുവശത്തുനിന്നും ആ ഒരേ ഒരു വിചാരരഹിതമായ അവകാശവാദം ഇടതടവില്ലാത്ത വിലാപശബ്ദമായി മുഴങ്ങുന്നു. ഭൂമിക്കു് കിട്ടുന്നതെല്ലാം സദാപി നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണു്. എന്നിട്ടും അധികാരത്തിൻെറ പിടി അവൾ കൈവിടുകയില്ല; നാലുവയസ്സായ എൻെറ മകളെപ്പോലെ. സ്നേഹത്തിൻെറ അധികാരപ്രകർഷത്തിൽ അവൾ പറയും; "ഞാൻ വിട്ടയയ്ക്കയില്ല"എന്നു്, വിളർത്തമുഖവും കലങ്ങിയ കണ്ണുകളുമായി. ദിവസംതോറും, നാഴികതോറും അവളുടെ ആശകൾ നിർമ്മര്യാദം തകർക്കപ്പെട്ടുകൊണ്ടിരിക്കയാണു്. എന്നിട്ടും സ്നേഹം പരാജയമറിയുന്നില്ല. എതിർപ്പോടെ അപ്പോഴും സ്നേഹം പറയുന്നു; "ഞാൻ വിട്ടയയ്ക്കയില്ല" എന്നു്. പരാജയം അനുഭവിക്കുന്ന ഓരോതവണയും അവൾ പറയുന്നു. "ഞാൻ സ്നേഹിക്കുന്നയാൾക്കു് എന്നെ വിട്ടുപോവാൻ കഴിയുന്നതെങ്ങനെ? എൻെറ ആഗ്രഹത്തെപ്പോലെ ശക്തവും പരമപ്രധാനവും നിസ്സീമവുമായി എന്തുണ്ടു്?" അന്തശ്ശക്തിയുടെ പ്രൗഢിപ്രകർഷത്തോടെ സ്നേഹം പറയുന്നു; "ഞാൻ വിട്ടയയ്ക്കയില്ല" എന്നു്. എന്നാലോ കഷ്ടം! അലക്ഷ്യമായ കാററു് പറപ്പിക്കുന്ന ധൂളിയെന്നപോലെ കാലത്തിൻെറ ഒഴുക്കു് സ്നേഹഭാജനത്തെക്കൊണ്ടകലുന്നതു് സ്നേഹം കാണുന്നു. അവളുടെ കണ്ണുകൾ അശ്രുപൂരത്തിൽ മുഴുകുന്നു. ഭേദിച്ച ഹൃദയത്തോടെ അവൾ തകർന്നു് നിലംപതിക്കുന്നു. എന്നിട്ടും അവൾ സിദ്ധാന്തംപിടിക്കയാണു്. "ഈശ്വരൻ തൻെറ വാഗ്ദാനം ലംഘിക്കയില്ല. അവിടുന്നു് സ്നേഹത്തിനു് ശാശ്വതമായ ആധിപത്യം വാഗ്ദാനംചെയ്തിട്ടുള്ളതാണു്." സ്നേഹം സൗമ്യമായ പ്രസന്നതയോടെ മൃത്യുവിനെ സുധീരം നേരിടുന്നു. അവൻെറ സർവ്വംജയമായ കയ്യൂക്കിനു നേരെനിന്നുകൊണ്ടു് അവൾ മൃതിയെത്തന്നെ നിഷേധിക്കുന്നു. അവളുടെ ഉദ്ധതവചനങ്ങൾകേട്ടു് മൃത്യു ചിരിച്ചുപോകുന്നു. മൃതി അനുഭവിക്കയും എന്നിട്ടും എന്നെന്നും ജീവിക്കയുംചെയ്യുന്ന സ്നേഹം പ്രപഞ്ചത്തിൻെറ വിസ്തൃതിസർവ്വസ്വത്തിലും വ്യാപിച്ചുനിൽക്കുന്നു; നിതാന്തഭീതിയുടെ കണ്ണുനീർമിഴികളെ മൂടിനിൽക്കുന്നതുപോലെ. ആശാനഷ്ടത്തോടുള്ള സമരം ഹൃദയം തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. എന്നിട്ടു് ലോകത്തെ മുഴുവൻ സന്താപാധിക്യത്താൽ ആവരണംചെയ്യുന്നു. ഞാൻ ഉള്ളിലേക്കു് തിരിയുന്നു. യുക്തി നോക്കാത്ത രണ്ടുകൈകൾ വിഷാദമൂകമായ ഭൂമിയെ നിഷ്പ്രയോ

ജനം ആശ്ലേഷിക്കുന്നതായി ഞാൻ കാണുന്നു. ചലിച്ചുകൊണ്ടിരിക്കുന്ന വെള്ളത്തിനുമീതെ ഒരു നിഴൽ വിടാതെ മൂടിനിൽക്കുന്നു. കണ്ണീർനിറഞ്ഞ മേഘത്തിന്റെ നിഴലായിരിക്കുമോ?

IX

വൃക്ഷങ്ങളുടെ മർമ്മരങ്ങളിൽ ഞാൻ ആകാംക്ഷനിറഞ്ഞ ഒരു ശബ്ദം കേൾക്കുന്നു. നട്ടുച്ചനേരത്തെ ചുടുകാററു് ജീവനററ ഉണക്കിലകളുമായി അലസമായ അനാസ്ഥയോടെ ക്രീഡിച്ചുകൊണ്ടിരിക്കുന്നു. ക്രമേണ പകൽ ചാഞ്ഞുതുടങ്ങുന്നു. അശ്വത്ഥവൃക്ഷത്തിൻചുവട്ടിൽ നിഴലുകൾ നീളാൻ തുടങ്ങിയിരിക്കുന്നു. ലോകസമതലങ്ങളിൽ അനന്തത ഒരു അല്ലലിയന്ന നാടൻകുഴൽ ഊതിക്കൊണ്ടിരിക്കുന്നു. ഭൂമി ആ രാഗം ഉററുശ്രവിക്കുന്നു. കെട്ടഴിഞ്ഞ മുടി അവളുടെ കഴുത്തിൽ ചിതറിക്കിടക്കുന്നു, മഞ്ഞവെയിൽ തിളങ്ങുന്ന ഒരു സുവർണ്ണോത്തരീയം അവളുടെ മാറിടത്തിൽ പററിക്കിടക്കുന്നു, ആററുവക്കത്തു് ധാന്യനിബിഡമായ വയൽപ്പരപ്പിൽ അവൾ ഇരിക്കുന്നു. അവളുടെ ശബ്ദം നിരക്ഷരമൂകതയിൽ അമർന്നിരിക്കുന്നു. അവളുടെ വ്യസനാത്മമായ വികാരസാന്ദ്രമായ മുഖത്തേക്കു് ഞാൻ നോക്കുന്നു. അതു് എന്റെ നാലുവയസ്സുള്ള മകൾ വാതില്ക്കൽ ചിന്താകുലയായി ഇരിക്കുമ്പോഴത്തെ അവളുടെ മുഖമാണു്.

(ഹുമയൂൺകബീറിന്റെ പരിഭാഷയിൽനിന്നു്.)

കലാനിധി

ഒരു കഥാമയസാഹിത്യമാസിക

പ്രധാന പത്രാധിപർ:—

ശ്രീ. ആർ. നാരായണപ്പണിക്കർ B. A. L. T.

ഓരോ മലയാളമാസവും 1-ാംനു-തോറും ക്രൌൺ $\frac{1}{4}$ സൈസിൽ 100-ൽപരം പേജുകളോടുകൂടി തിരുവനന്തപുരം റെഡ്യാർപ്രസ്സിൽനിന്നും ശ്രീ. റി. സുബ്ബയ്യാറെഡ്യാരുടെ ഉടമസ്ഥതയിൽ പുറപ്പെടുവിക്കുന്ന ഈ മാസികയ്ക്കു് ഭാരതത്തിൽ മാത്രമല്ല, സിലോൺ, സിംഗപ്പൂർ, ഇറാൻ, ഇംഗ്ലണ്ടു്, അമേരിക്ക, ചൈന മുതലായ മറുനാടുകളിലും ധാരാളം പ്രചാരം ലഭിച്ചുവരുന്നു. കലാനിധിയിൽ പരസ്യംചെയ്തു് വ്യവസായം അഭിവൃദ്ധിപ്പെടുത്തുക.

ഒരുകൊല്ലത്തേക്കു്	രൂപാ 6	ആറുമാസത്തേക്കു്	രൂപാ 3 ണ. 8
ഒററപ്രതിക്കു് (ഏജൻസിവഴി)	ണ. 8	ഇൻഡ്യയ്ക്കു വെളിയിൽ	,, 8 ,, 0

മാനേജർ, "കലാനിധി" റെഡ്യാർപ്രസ്സു്, തിരുവനന്തപുരം.

ഗ്രന്ഥവീഥി

കാമുകി

ഗ്രന്ഥകർത്താ:—

പുളിമാന പരമേശ്വരൻപിള്ള

പ്രസാധകൻ:—

എൻ. രാഘവൻപിള്ളശാസ്ത്രി
പ്രബോധിനി പ്രസിദ്ധീകരണശാല
തിരുവനന്തപുരം

വില ക. ൫൬

കലയുടെ അന്തസ്സത്തയ്ക്കു ഉലച്ചിലുണ്ടാകാതെ, അനുദിനജീവിതത്തിലെ വേദനിപ്പിക്കുന്ന യാഥാർത്ഥ്യങ്ങളെ മായാത്ത മനോഹാരിതയിൽ പ്രദർശിപ്പിച്ചു്, ബുദ്ധിക്കു ആരോഗ്യകരമായ വ്യായാമത്തെയും, ഹൃദയത്തിനു സംസ്കരണക്ഷമങ്ങളായ അനുഭൂതികളെയും പ്രദാനം ചെയ്യാൻ പര്യാപ്തങ്ങളായ കലാശില്പങ്ങൾ ആധുനിക സാഹിത്യത്തിലെ അപൂർവ്വസംഭവങ്ങളാണെന്നുള്ളതു് ഒരു പരമാർത്ഥമാണു്. 'പുരോഗതി' 'പുരോഗതി'യെന്നു് ഇടതടവില്ലാതെ നാം ഉരുക്കഴിക്കുന്നുണ്ടെങ്കിലും, വാസ്തവമായ 'പുരോഗതി' ഇനിയും 'അഗോചര'മായിത്തന്നെയിരിക്കുന്നു. ഈ അടുത്തകാലത്തു് ഭിന്നഭിന്നപ്രസ്ഥാനങ്ങളുടെ പ്രാതിനിധ്യം വഹിച്ചുകൊണ്ടു അവതരിച്ചിട്ടുള്ള നിരവധി ഗ്രന്ഥങ്ങളിൽ, കലാസാഹിത്യങ്ങളുടെ പരിഗണനയ്ക്കു വിധേയമാകാവുന്നവ തികച്ചും അംഗുലീപരിമിതങ്ങളാണെന്നു് നിർമ്മത്സരബുദ്ധികൾ സമ്മതിക്കും. അങ്ങനെയുള്ള അപൂർവ്വഗ്രന്ഥങ്ങളിൽ ഒന്നാണു് ശ്രീ: പുളിമാനയുടെ കാമുകിയെന്നുപറഞ്ഞാൽ അതൊരു തെററാകയില്ല.

ദാമ്പത്യം, യവനികയ്ക്കപ്പുറം, ചെരുപ്പുകുത്തിയുടെ മകൾ, കാമുകി, കൊടുങ്കാററു്, ഭൂതകാലത്തിന്റെ ശബ്ദങ്ങൾ, കുററക്കാരി എന്നിങ്ങനെ ഏഴു ശോകാത്മകകഥകളുടെ ഒരു സമുച്ചയമാണീഗ്രന്ഥം. ആധുനികസാമൂഹ്യജീവിതത്തിന്റെ ചീഞ്ഞുനാറിയ വ്യവസ്ഥിതികളോടുള്ള ഒടുങ്ങാത്ത പ്രതിഷേധവും വെല്ലുവിളിയുമാണു് ഈ കഥകളിലെല്ലാംതന്നെ ആദ്യന്തം മുഴങ്ങുന്നതു്. ചിന്താലോകത്തിലെ വിപ്ലവകാരിയായ ശ്രീ: പുളിമാന, ജീവിതത്തിന്റെ അന്തസ്സാരം ഗ്രഹിക്കാൻ ഏകാഗ്രതയോടെ വെമ്പൽപ്പെടുന്ന അനുഗൃഹീതനായ ഒരു ഗ്രന്ഥകാരൻകൂടിയാണെന്നു് ഓരോ കഥകളും നമ്മെ ഓർമ്മപ്പെടുത്തുന്നു. വർഷസഹസ്രങ്ങളായി പ്രാമാണികങ്ങളെന്നു വിശ്വസിച്ചനുഷ്ഠിച്ചുപോരുന്ന ജീർണ്ണിച്ച ആദർശങ്ങളെയും ആചാരങ്ങളെയും പൊളിച്ചുമാന്തി, പൊള്ളയായ അവയുടെ അർത്ഥശൂന്യത വിളിച്ചറിയിക്കാൻ അദ്ദേഹം ലേശവും കൂസാറില്ല. നൂലിട്ടാൽ നിലയ്ക്കാത്ത അന്ധതയ്ക്കൂടിയിൽക്കൂടി സമുദായം നടത്തുന്ന ദുരധികാരത്തെ വികാരഭരിതനായി അദ്ദേഹം ചോദ്യം ചെയ്യുന്നു. പൊരുത്തക്കേടുകളുടെ സംഘട്ടനത്തിൽ വീർപ്പുമുട്ടുന്ന ഹൃദയങ്ങളെ അനുതാപത്തോടെ ചിത്രീകരിക്കുന്നു. തമോവൃതമായ ജീവിതയാഥാർത്ഥ്യങ്ങളിലേക്കു അനുവാചകരെ നിപുണതയോടെ നയിക്കാൻ, വിഭിന്നതകളുടെ സമ്മർദ്ദത്തിൽ ഞെങ്ങിഞെരുങ്ങുന്ന മനുഷ്യജീവിതത്തിന്റെ നീണ്ട നിലവിളികൾക്കു വ്യക്തരൂപം നല്കാൻ ശ്രീ: പുളിമാനയുടെ സുശക്തഹസ്തങ്ങൾക്കു തികച്ചും സാധിച്ചിട്ടുണ്ടു്.

ശ്രീ: പുളിമാനയുടെ ആഖ്യാനരീതിയാണെങ്കിൽ, അതു് ഒരു പ്രത്യേകതയാണെന്നുപറയണം. അതിലോലങ്ങളായ ഭാവരേഖകളെയും, അതിസൂക്ഷ്മങ്ങളായ ചിന്താതന്തുക്കളെയും അയത്നലളിതമായി ആവിഷ്കരിക്കാൻ ആ ആഖ്യാനരീതിക്കു കഴിഞ്ഞിട്ടുണ്ടു്. മിതവും, സുശക്തവും, ലക്ഷ്യഗ്രാഹിയുമായ അദ്ദേഹത്തിന്റെ ഭാഷാ

ശൈലി 'പൂവിന്റെ മാർദ്ദവവും, വാലിന്റെ മൂർച്ചയും, കുയിലിന്റെ നാദവും, പെരുമ്പറയുടെ മുഴക്കവും' സന്ദർഭോചിതമായി പ്രകാശിപ്പിക്കുന്നുണ്ടെന്ന അവതാരികയിലെ ഉദ്ഘോഷണം പൂർണ്ണമായും സാർത്ഥകമാണെന്നു പറയുന്നതിലും തെററില്ല.

വേദനിപ്പിക്കുന്ന പൊരുത്തക്കേടുകളുടെ, രൂക്ഷമായ വൈജാത്യങ്ങളുടെ സമർത്ഥമായ ചിത്രീകരണമാണ്, കാമുകിയിലെ ചിന്തിപ്പിക്കുന്ന കഥകളിൽ അധികവും. 'ദാമ്പത്യം.' കാമുകിയിലെ ആദ്യകഥയാണ്. ജീവിതത്തിന്റെ യാഥാർത്ഥ്യവും, അതിന്റെ അയഥാർത്ഥമായ സങ്കല്പവും തമ്മിലുള്ള ദയനീയമായ—വീർപ്പുമുട്ടിക്കുന്ന—ഒരു സംഘട്ടനമാണ് അതിൽ നാം കാണുന്നത്. ഇല്ലാത്തതുണ്ടെന്നും, ഉള്ളതില്ലെന്നുമുള്ള വിശ്വാസപ്രമാണങ്ങളുടെ മർമ്മഭേദകമായ ഏററുമുട്ടലുകൾ! ആരോഗ്യം, ധനം, പ്രതാപം എന്നിവ ആവശ്യപ്പെടുന്ന ഒരു ഭാര്യ. രോഗവും ദാരിദ്ര്യവും മാത്രം കൈവശമുള്ള ഭർത്താവ്. എന്തൊരു ദയനീയമായ വൈജാത്യമാണത്—പൊരുത്തക്കേടാണത്! വേദനിപ്പിക്കുന്ന ആ പ്രശ്നം,—"അവളുടെ യുവത്വത്തിനു അയാളുടെ മെലിഞ്ഞുവിളറിയ ഗാത്രം; അവളുടെ സുഖാസക്തിക്കു അയാളുടെ ഇരുപത്തിയഞ്ചുരൂപാ," ആ ദാമ്പത്യത്തെ ശ്വാസംമുട്ടിച്ചുകൊണ്ട് നിശ്ശബ്ദതനിറഞ്ഞ നിശകളിൽ അവരുടെ നിശ്വാസത്തിനു രൂപംനൽകി. ഭാര്യ ഭർത്താവിനെ മററാളുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. അവൾ അയാളോടുതന്നെ പറഞ്ഞു:—"എന്റെ വിധിയായിരിക്കാം; അതിനു മററാളുകൾ എന്തുപിഴച്ചു" എന്ന്. എന്തിന് സാഹചര്യങ്ങളുടെ വൈജാത്യം ആ ദാമ്പത്യത്തിനു കൊള്ളിവച്ചു. ദമ്പതികൾ അകന്നകന്നുപോയി. നിസ്സഹായതയുടെ നീണ്ടനിലവിളികൾമാത്രം അനവരതം ഉയന്നുകൊണ്ടിരുന്നു. ദയനീയമായ ജീവിതപരാജയം! ധനികനെയും ദരിദ്രനെയും വർഷസഹസ്രങ്ങളായി വച്ചുപുലർത്തുന്ന സമുദായത്തിന്റെ തകരാറുകൾ സൃഷ്ടിക്കുന്ന വേദനിപ്പിക്കുന്ന വൈജാത്യങ്ങളുടെ വിക്ഷോഭകരമായ സംഘട്ടനമാണത്. അതു തികച്ചും വ്യക്തമാണ്. എന്നാൽ, തലമുറകളായി ആവർത്തിച്ചുപോരുന്ന ആ സംഘട്ടനം നിലയ്ക്കുന്നില്ല; തുടരുകതന്നെ ചെയ്യുന്നു. അതിൽനിന്നും ഒരു മുക്തി, തെല്ലൊരാശ്വാസം അതിനുവേണ്ടിയുള്ള സമർത്ഥമായ ഒരു ശ്രമംകൂടി സാഹിത്യകാരന്റെ സർഗ്ഗകർമ്മത്തിൽ പെടേണ്ടതുണ്ട്.

'ചെരിപ്പുകുത്തിയുടെ മകൾ' ഒരു കഠിനയാഥാർത്ഥ്യമാണ്. "അവൾക്കു ഒരു ചെരുപ്പുകുത്തിയുടെമകനെ സ്നേഹിക്ക സാധ്യമല്ല; പണിക്കരെ സ്നേഹിച്ചതുകൊണ്ടു വിശേഷവുമില്ല." അതാണ് അവിടെ നടക്കുന്ന സംഘട്ടനം. ഒരു രമണീയകലാസൃഷ്ടിയായി അതും രൂപംകൊണ്ടിട്ടുണ്ടെന്നു പറയണം. അത്യന്തഭീകരമായ അന്ധതയുടെ അഗാധതയിൽ സമുദായം നടത്തുന്ന ബീഭത്സമായ ദുരധികാരത്തിനെതിരെ ശബ്ദംമുഴക്കുന്ന ഒരു പ്രമേയമായി ആ കലാശില്പം അവശേഷിക്കുകയാണ്.

'കാമുകി' ഒരിക്കലും ഒരു നൂതനസൃഷ്ടിയാണെന്നു പറഞ്ഞുകൂടാ. കേവലം ഒരു സാമാന്യസംഭവമാണവൾ. ഒന്നുമാത്രമേ ഈ ലോകത്തിൽനിന്നും കാമുകി ആശിക്കുന്നുള്ളു: "പ്രേമം!" അവൾക്കതുകേൾക്കണം; ലോകംമുഴുവൻ അവളെ സ്നേഹിക്കുന്നുവെന്ന്. ലോകം അതിന് സമ്മതംമൂളുക ഉണ്ടാകയോ? അവളുടെ ജീവിതസത്യം എത്രതന്നെ പരിപാവനമാകട്ടെ, അവൾപ്രാതിനിധ്യം വഹിക്കുന്ന ആദർശം എത്രതന്നെ ശുദ്ധവും ദിവ്യവുമാകട്ടെ, ലോകം അവളെ വ്യഭിചാരിണിയെന്നു പറയും. മലിനയെന്നും അഭിശപ്തയെന്നും മുദ്രയടിക്കും സമുദായത്തിന്റെ ഈ പ്രമാദജടിലമായ വിധിയെഴുത്തിനോടാണ് ശ്രീ: പുളിമാനയുടെ ഒടുങ്ങാത്ത പ്രതിഷേധം. മുരടിച്ച ആ യുക്തിഹീനതയോടു ഉജ്ജ്വല

മായ ഒരു വെല്ലുവിളിയായി 'കാമുകി'യെ കണക്കാക്കണം.

"നശിച്ചുതീരാറായ ജന്തുക്കളുടെ അജ്ഞത നിർമ്മിച്ച ഉച്ചിഷ്ടകഥാപാത്രമായ സദാചാരം" അഭിലാഷങ്ങൾക്കു വിലങ്ങടിച്ചുനിൽക്കുന്നതിൻെറ മുഴക്കമാണ് 'കൊട്ടകാററി'ലൂടെ നാം കേൾക്കുന്നത്. "യവനികയ്ക്കപ്പുറം" ഒരു കഥയെക്കാൾ നൂറുശതമാനം വിഷാദം തുളുമ്പുന്ന ഒരനുഭൂതിയാണെന്നുള്ള അവതാരികയിലെ നിർദ്ദേശത്തോട് നമുക്ക് യോജിച്ചേക്കാം. 'ഭൂതകാലത്തിൻെറ ശബ്ദങ്ങൾ,' 'കുററക്കാരി' എന്നീകഥകളും പൊരുത്തക്കേടുകളുടെ സൃഷ്ടികളാണെന്നുതന്നെപറയണം. ജീവിക്കാനുള്ള അനിവാര്യമായ പ്രേരണയ്ക്കുമുമ്പേ യാതനയുടെ പെരുഞ്ചുമടും പേറി മുന്നോട്ടുനീങ്ങുന്ന വിളറിയപ്രേതങ്ങൾ; ചിന്തയിലും ഭാവത്തിലും പ്രവൃത്തിയിലും ദയനീയമായ ഭീരുത്വം വച്ചുപുലർത്തുന്ന ദുർബലഹൃദയങ്ങൾ; മാമൂൽപ്പടിയുള്ള ജീവിതരീതിയുടെ അടുക്കുംചിട്ടയും തെററിക്കാതെ, ജീവിതത്തിൻെറ മൂല്യം എന്തെന്നുകൂടി അറിയാതെ നിമിഷങ്ങളിൽകൂടി മരിച്ചുകൊണ്ടിരിക്കുന്ന 'നല്ലപിള്ളകൾ'—അങ്ങനെ പലരുടെയും തനിച്ചിത്രങ്ങൾ 'കാമുകി'യിൽ നമുക്കു കണ്ടെത്താൻ കഴിയും. കേവലം വിഷാദാത്മകങ്ങളായ കഥകളുടെമാത്രം സൃഷ്ടികർമ്മത്തിൽ ദത്താവധാനനായിരുന്ന ശ്രീ: പുളിമാന പ്രസ്തുത പ്രസ്ഥാനത്തിൽ കാമ്യമായ വിജയം കൈവരിച്ചിട്ടുണ്ടെന്ന് 'കാമുകി' നിസ്സന്ദേഹം തെളിയിക്കുന്നുണ്ട്.

K.

അഭിപ്രായത്തിനായി താഴെ പറയുന്ന പുസ്തകങ്ങൾ അയച്ചുതന്നിട്ടുള്ളവ കൈപ്പററി

1) ശിവഗിരി ശ്രീ: വി. എൻ മുരളി
2) ഗ്രാമീണഗായകൻ — ശ്രീ: പുതുശ്ശേരിൽ കെ. പി. രാമചന്ദ്രൻപിള്ള
3) ജേലിൽ — ശ്രീ: ഇടച്ചേരി ബാലകൃഷ്ണൻ
4) നമ്മുടെ വിദ്യാഭ്യാസം എങ്ങോട്ടേയ്ക്കു് — ശ്രീ: മാത്യു എം. കുഴവേലി
5) ഓണപ്പുലരി — കുട്ടംപേരൂർ ശ്രീ: എം. ഗോവിന്ദൻനമ്പൂതിരി
6) ആയുർവേദസേവാസംഘം- ഒന്നാംവാർഷികപ്പതിപ്പ്- കോട്ടയം
7) സൊവനിയർ തിരു: എൻ. ജി. ഒ. അസോസിയേഷൻ

മാററത്തിനായി അയച്ചുതന്നിട്ടുള്ള മാന്യസഹജീവികൾക്കു സകലവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

1) സാരഗ്രാഹി — മാസിക, പത്രാധിപർ- ശ്രീ: സി. അച്ചുതൻ പ്രസാധകൻ-ശ്രീ: ഏ. കെ. നായർ, കണ്ണൂരു്
2) ശ്രീരാമകൃഷ്ണതുളസീസുഗന്ധം — മാസിക, തുളസീസുഗന്ധം ആഫീസ്, ഒററപ്പാലം
3) മാതൃക — മാസിക, എഡിററർ, ശ്രീ: കെ. എൻ. ഭാസ്കർ, ടി. ബി. റോഡ്, കോഴിക്കോട്
4) ധർമ്മദേശം — വാരിക, എഡിററർ, ശ്രീ: കെ. രാഘവൻപിള്ള, തിരുവനന്തപുരം
4) The Kerala Times — Weekly, Punalur.
6) ലോകക്ഷേമം വാരിക, മാനേജിംഗ് എഡിററർ, ശ്രീ: പി. ജെ. വറുഗീസ്, കായങ്കുളം
7) കാൺഗ്രസ്സ്‌യുഗം വാരിക,-എഡിററർ, ശ്രീ: എൻ കെ. ഇബ്രാഹിംകുട്ടി തിരുവനന്തപുരം
8) ധന്വന്തരി — മാസിക,-എഡിററർ, ശ്രീ: കെ. എൻ. ഗോപാലൻവൈദ്യൻ, കൊല്ലം
9) മറുനാടൻ മലയാളി - മാസിക, എഡിററർ, ശ്രീ: കെ ഏ. ജബ്ബാർ, No. 6, Nasiruddin Road, Parkcircus Calcutta 17.
10) കല്യാൺ ഹിന്ദിമാസിക, ഗീതാപ്രസ്സ്, ഗോരഖ്പൂർ
11) മംഗളോദയം — മാസിക, തൃശ്ശൂർ.
12) മാധുരി — ഹിന്ദിമാസിക, നവൽകിശോർപ്രസ്സ്; ലക്നൗ.
13) രാജ്യശ്രീ — വാരിക; നെയ്യാററിൻകര

ടാഗോർ

(സാഹിത്യപ്രധാനമായ മാസിക)

ചീഫ് എഡിറ്റർ, — മാനേജിംഗ് എഡിറ്റർ,

ടി. കെ. നാരായണക്കുറുപ്പ് — കലവറ കൃഷ്ണൻനായർ ബി. ഏ.

ഗുരുദേവൻെറ വിശാലവിശാലങ്ങളും പാവനമധുരങ്ങളുമായ ഉത്കൃഷ്ടാശയാദർശങ്ങളെ കേരളത്തിൻെറ മാഹാത്മ്യമേറിയ സാംസ്കാരപാരമ്പര്യങ്ങൾക്ക അനുയോജ്യമാംവണ്ണം നിലനിറുത്തുന്നതിനുവേണ്ടിയും

ലോകത്തിൻെറ നാനാഭാഗങ്ങളിലും അധിവസിച്ചുപോരുന്ന മലയാളിസഹോദരന്മാരുമായുള്ള നമ്മുടെ ബന്ധം സുദൃഢവും സുന്ദരവും ആക്കുന്നതിനുവേണ്ടിയും

നടത്തപ്പെടുന്ന ശ്രേഷ്ഠ സാഹിത്യ മാസിക

വാർഷികവരിസംഖ്യ (എപ്പോഴും മുൻകൂർ.)

അഞ്ചലിൽ രൂ: ഒ. പോസ്റ്റിൽ രൂ: ന്ന. ഇന്ത്യയ്ക്കുപുറമേ രൂ: വ്വ

ഒററപ്രതി വില ണ. വ്വ:

സമർത്ഥരായ ഏജൻറന്മാരെ കേരളത്തിലും പുറമെയും ചില സ്ഥലങ്ങളിൽക്കൂടി ആവശ്യമുണ്ടു്.

സഹൃദയലോകം ദേശഭേദമെന്യേ പരിലാളിക്കുന്ന ടാഗോർ മാസികയിൽ പരസ്യംചെയ്തു പ്രയോജനം സമാർജ്ജിക്കുക!

വിശദവിവരം അറിയണമെന്നുള്ളവർ ദയവായി എഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

മാന്യലേഖകന്മാരോടു്:-

ലേഖനങ്ങൾ കടലാസിൻെറ ഒരുവശത്തു മാത്രം കഴിവതും വൃത്തിയായി എഴുതി അയക്കണമെന്നു അപേക്ഷ. ചില ലേഖനങ്ങൾ സംസ്കരിക്കേണ്ടിവരുന്നതിനാലും, സ്ഥലപരിമിതിയാലും പ്രസിദ്ധീകരണത്തിനു ചിലപ്പോൾ താമസം നേരിടാം. അതിനുമുമ്പ് അക്ഷമരായി ലേഖനപ്പകർപ്പുകൾ മററു സഹജീവികൾക്ക അയച്ചുകൊടുക്കുന്നവർ ദയവായി ആ വിവരം ഞങ്ങളെ കാലേക്കൂട്ടി അറിയിക്കണമെന്നപേക്ഷ. സ്വീകാര്യമല്ലാതെ വരുന്ന ലേഖനങ്ങൾ മടക്കി അയക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സ്റ്റാമ്പുകൂടി ലേഖനത്തോടൊന്നിച്ചു അയച്ചുതരേണ്ടതാണ്.

Reg. No. T. 203.
License No. 433.

TAGORE

Reg, No. M.
Dated 3-3 1944.

വില്പനയ്ക്കു തയാർ

ഹൈസ്കൂൾ ക്ലാസ്സുകളിലെ കണക്കുപാഠപുസ്തകങ്ങൾ

ഗ്രന്ഥകർത്താ:— ജീ. ശങ്കരപ്പിള്ള എം. ഏ; എൽ. റ്റി.

പുതിയ സിലബസ്സ് അനുസരിച്ചുള്ള **Arithmetic, Algebra, Geometry** ഇവയെല്ലാമടങ്ങിയതു്. ലളിതമായ ഭാഷ, വിശദമായ വിവരണങ്ങൾ, പ്രായോഗികങ്ങളും ചിന്തോദ്ദീപകങ്ങളുമായ നിരവധി അഭ്യാസങ്ങൾ ഇവ ഈ ഗ്രന്ഥങ്ങളുടെ പ്രത്യേകതകളാണു്. ക്ഷേത്രഗണിതസൂത്രങ്ങളെല്ലാം സുന്ദരങ്ങളായ ലഘുകാരികകളിൽ ആസൂത്രണംചെയ്തിരിക്കുന്നതു് വിദ്യാർത്ഥികൾക്കു് ഒരനുഗ്രഹംതന്നെയാണു്.

VI	ഫാറം ഗണിതദീപം (Optional)	2 രൂ.	4 ണ.
V	ഫാറം ലഘുഗണിതദീപം	1	8
IV	ഫാറം ലഘുഗണിതദീപം	1	8

കച്ചവടക്കാർക്കു് ആകർഷണീയമായ കമ്മീഷൻ:—

ഉടൻ അപേക്ഷിക്കുക:— **വാഗ്ഭടബുക്കുസ്റ്റാൾ**
തേവള്ളി, കൊല്ലം

Mammoth Postage Stamp Album.

FOR DISPOSAL.

Ancient, various special and comparatively modern issues of Postage stamps of nearly all the various countries in the world

Well cleansed and neatly preserved loose stamps in huge quantities!

Could be disposed of in parts or lot.

For detailed list and all full particulars.

Please apply to: X C/o. The Manager,
'Tagore', Quilon.

Printed and published by T. K. Narayana Kurup at the Sree Rama Vilas Press, Quilon.